# അരുണ



മാർച്ച്
1954

4ണ

# അരുണ

ഗാർഹിക മാസിക

എഡിറ്റർ മിസ്സസ് ഏ. വി. കളത്തിൽ, മാനേജിംഗ് എഡിറ്റർ വറുഗീസ് കളത്തിൽ എം. ഏ.

| | | |
|---|---|---|
| പുസ്തകം 5 | മാർച്ച് 1954 | ലക്കം 1 |

## കവിതിലകൻ ശ്രീ ശങ്കരൻ നമ്പ്യാരുടെ ഒരു കത്തു്

മാർച്ചുമാസത്തിന്റെ ആരംഭത്തിൽ കവിതിലകൻ ശ്രീ പി. ശങ്കരൻനമ്പ്യാർ കേരളത്തോടു യാത്ര പറഞ്ഞു. അദ്ദേഹം രോഗശയ്യാവലംബിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മകളുടെ കഥാകദംബം എന്ന പുസ്തകത്തിന്റെ നിർമ്മിതിയിൽ അഭിനന്ദിച്ചുകൊണ്ടു് എഴുതിയ ഒരു കത്തു് ഇവിടെ ചേർക്കുന്നു. അദ്ദേഹം ഒടുവിൽ എഴുതിയ ഒരു സർഗ്ഗാത്മകനിരൂപണംകൂടിയാണിതു്.

എന്റെ ഏററവും പ്രിയപ്പെട്ട
സരളേ,

സരളയുടെ നൂതനകഥാസമാഹാരമായ 'കഥാകദംബം', എനിക്കു രോഗശയ്യാവലംബിയായി പൂർണ്ണവിശ്രമം പൂണ്ടുകിടക്കുന്ന ഈ സന്ദർഭത്തിൽ വിശേഷിച്ചും മനോനിർവൃതിപ്രദമായി തോന്നി. ഗംഗാനദിയുടെ ആദ്യഘട്ടത്തിലെ ലളിതനിർമ്മലവും പ്രസന്നമധുരവുമായ പ്രവാഹംപോലെയുള്ള അതിലെ പ്രതിപാദനരീതിയുടെയും ഭാഷയുടെയും ഒഴുക്കിൽ, എന്റെ ഹൃദയം അറിയാതെതന്നെ, കുറെ നേരത്തേക്കങ്ങനെ സുഖമായി ഒഴുകിപ്പോയി. ആദ്യന്തം ഒരിടത്തും ഒരു കരടും തടഞ്ഞില്ലെന്നു മാത്രമല്ല നെടുനീളം തെളിഞ്ഞുകാണുന്ന അടക്കവും ഒതുക്കവും ഔചിത്യദീക്ഷയും മനസ്സിനെ എന്തെന്നില്ലാതെ ആകർഷിക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു.

'കഥാകദംബ'ത്തിലെ പതിന്നാലു കഥകളും സരളയുടെ വ്യക്തിമുദ്രയുള്ള ഒരു സ്വതന്ത്രപ്രസ്ഥാനത്തിലുൾപ്പെടുന്നവയാണെന്നഭിമാനിച്ചാൽ തെററില്ല. തന്റെ അടുത്ത ചുററുപാടുകളിൽനിന്നു സ്വന്തം പരിചയസീമകളെ അതിലംഘിക്കാതെ ഏതാനും പാത്രങ്ങളേയും സന്ദർഭങ്ങളേയും സംഭവങ്ങളേയും സ്വീകരിച്ചു കലാവൈഭവംകൊണ്ടു നവചൈതന്യവും നിറപ്പകിട്ടും നൽകി, അനുവാചകശ്രദ്ധയെ സകൗതുകം കേന്ദ്രീകരിക്കയാണല്ലോ ഈ കഥകളിൽ സാമാന്യമായി ചെയ്തിട്ടുള്ളതു്. പ്രതിപാദ്യത്തിന്റെ ഓരോ പ്രതിരൂപം കലയുടെ ആവരണം നീങ്ങി യഥാർത്ഥജീവിതത്തിൽത്തന്നെ ഇടയ്ക്കു പ്രത്യക്ഷമാകുന്നുണ്ടോ എന്നു സംപരിചിതന്മാർ സംശയിച്ചേക്കാം. എന്നാൽ കലയിൽ അവശ്യം വേണ്ടതായ സാധാരണീകരണം എന്ന ഗുണം ഒരിക്കലും ആഹുതിചെയ്യപ്പെട്ടിട്ടുമില്ല. തൊപ്പി തലയ്ക്കു പാകമാകുന്ന വ്യക്തികൾ പലരുമുണ്ടായിരിക്കും, വേണ്ടവർക്കെടുത്തു ധരിക്കുവാനും വിരോധമില്ല. കഥാപാത്രങ്ങൾ ഒരേ സമയം തന്നെ വ്യക്തികളേയും വർഗ്ഗങ്ങളേയും പ്രതിനിധാനം ചെയ്യുന്നു എന്നു സാരം. ഏതായാലും കഥകൾ രസാവഹങ്ങളാകണമെങ്കിൽ സാമഗ്രികൾ കാലദേശാന്തരങ്ങളിൽ നിന്നാവാഹിക്കപ്പെട്ടവയായിരിക്കണമെന്നില്ല എന്ന തത്വം 'കഥാകദംബ'ത്തിലെ ഓരോ കഥയും വിളിച്ചുപറയുന്നുണ്ടു്.

സരളയുടെ 'ജീവിതവിമർശ'ത്തിനുള്ള ഒരു പ്രത്യേകത സാധുക്കളോടുള്ള സഹാനുഭൂതിയാണെന്നു് എനിക്കു പണ്ടേതന്നെ അറിവുള്ളതാണു്. കഥകളിലെല്ലാം അതു സരസ്വതീനദിപോലെ അന്തർവാഹിനിയായി പ്രവ



# മാരിവില്ലൊളി

## എലവന്നാട്ട്

[വിരഹാർത്തനായ കാമുകൻ നിലാവിന്റെ നീലവയലിലേക്ക് തന്റെ തപ്തസ്മരണകളുടെ നീലക്കുരുവികളെ നയിക്കുകയാണ്)

പൊന്നടലിലലിഞ്ഞുറങ്ങുമെൻ—
പൂർണ്ണരാഗവിലാസമേ,
മന്നിൽ നിൻ മധുരോജ്ജ്വലാഭകൾ
മാരിവില്ലൊളി തൂകവേ,
പ്രേമവാഹിനിപോലെ സൗഹൃദ—
ഭാവനാനന്ദവീണയിൽ
സാരസൗരഭം വീശിനിന്നുമൽ—
ജ്ജീവിതം വൃക്കൾ ചൂടവേ.
അക്കരച്ചെറു ചക്രമാവിൽ
നിൽക്കും പൗർണ്ണമിച്ചന്ദ്രനെ—
പാൽ തുളുമ്പുമീ വിശ്വമോഹന—
മാലചൂടുന്ന മന്നനെ,

നോക്കിനിന്നിത്തി വികാരതീവ്രത—
പ്പൂക്കൾ ചാർത്തിയകന്നു നീ!

പ്രേതഭൂവിന്റെ വാതിലിൽ മുഗ്ധ
ഗീതകം പെയ്യും രാത്രിയിൽ

മാമകാശകൾ പുൽകിനിന്നിട്ടും
സോമമേഖലതീർത്തു നീ!

ആ വസന്തം കൊഴിഞ്ഞുവെങ്കില്വ—
മാവതില്ലതു മാഴ്കുവാൻ,

തപ്തമെൻ ശോകവീചികൾക്കതിൽ
സുപ്തിനേടി സുഖിക്കണം!!

---

ഹിക്കുന്നതുമുണ്ട്. സ്വാഭാവികമായ സ്വാർത്ഥവിജൃംഭണത്തിന്റെയും, സാരവിഹീനവും സങ്കുചിതമായ സങ്കേതസംഹിതയുടേയും, സ്വച്ഛന്ദപ്രകൃതിഗതിക്കു മുമ്പിൽ വിലങ്ങടിച്ചുനിൽക്കുന്ന മനോവൈകൃതങ്ങളുടേയും അടിമകളായി ക്ലേശങ്ങളനുഭവിക്കേണ്ടിവരുന്ന 'പാവങ്ങളുടെ—പല തരത്തിലുള്ള മർദ്ദിതദുർഭഗരാശികളുടെ—വക്കാലത്തു പിടിച്ചു വാദിച്ചു, കാര്യങ്ങളുടെ പരഭാഗം പ്രകാശിപ്പിക്കുവാനുള്ള പ്രവണത ഈ കഥകളിൽ തെളിഞ്ഞുകാണുന്നുണ്ട്. അഥവാ യഥാർത്ഥസംസ്കാരത്തിന്റെയും ഹൃദയവിശാലതയുടേയും ഉത്തമലക്ഷണം അതുതന്നെയല്ലേ?

എന്നു

വാത്സല്യപരിപൂർണ്ണമായ
ആശിസ്സുകളോടേ അച്ഛൻ.

---


## വിഷയവിവരം


| | പേജ് |
|---|---|
| 1. കവിതിലകൻ ശ്രീശങ്കരൻനമ്പ്യാരുടെ കത്ത് | 1 |
| 2. മാരിവില്ലൊളി (കവിത)—എലവന്നാട്ട് | 2 |
| 3. നൻപൻ | 3 |
| 4. യുവാക്കൾ വിവാഹം കഴിക്കാൻ തയ്യാറില്ലെന്നോ —കടത്തനാട്ടു മാധവിയമ്മ | 4 |
| 5. ഭൂമിപരന്നതാണ് (ചെറുകഥ) —വില്ലച്ചിറമാധവൻ | 5 |
| 6. ദഹനേന്ദ്രിയത്തിന്റെ പ്രവർത്തനം —ഡോ. മിസ് ഏലിനൈനാൻ | 8 |
| 7. മാർക്സിന്റെ മാനിഫെസ്റ്റോയുടെ ജനനം —പി.ജെ.മത്തായി എം.എ. | 9 |
| 8. പത്രാധിപർസദാനന്ദൻ —പോത്തൻ ജോസഫ് | 12 |
| 9. അടുക്കളയിൽ | 14 |
| 10. അവൻഏതു വാതിൽ തുറക്കും —പെണ്ണമ്മബേബി മദ്രാസ് | 15 |
| 11. ഭ്രാന്തന്റെ ഭാവന[ചെറുകഥ]—മോപ്പസാങ്ങ് | 18 |
| 12. ലെബനോനിലെ വനിതകൾ —ഈവാമാലിക്ക് | 24 |
| 13. വിവിധങ്ങളായ വിവാഹസമ്പ്രദായങ്ങൾ —ജഗദീവേലായുധൻനായർ | 26 |



മുഖചിത്രം—നെഹ്റു നൽകിയ മാല

# നൻപൻ (തമിഴ്)

## വിതരണാവകാശം: ആലപ്പുഴ എക്സൽ ഡിസ്ട്രിബ്യൂട്ടേഴ്സ്



ബാലയ്യായും തങ്കവേലുവും "നൻപനിൽ"



ബാലയ്യായും വിദ്യാപതിയും. നൻപനിൽ

പുതുമയും പുരോഗമനവും ഒത്തിണങ്ങിക്കൊണ്ട് ചലച്ചിത്രലോകലെ ഒരു നല്ല ചിത്രമായി 1954-ഏപ്രിൽമാസത്തിൽ കേരളത്തിലാകമാനം പ്രദർശനമാരംഭിക്കുന്ന സാമുദായികചിത്രം ഇതായിരിക്കുമെന്നു വിതരണക്കാർ അവകാശപ്പെടുന്നു.

തെന്നിൻഡ്യയിലെ മികച്ച നടീനടന്മാരായ നാഗയ്യാ, ബാലയ്യാ മനോഹർ, പി.കെ. സരസ്വതി തങ്കവേലു, രാമസ്വാമി, പുളിമൂട്ട, മുതൽപേർ അഭിനയിക്കുന്നു. ചിരിയുടേയും ചിന്തയുടേയും ഇടതിങ്ങൽ പിതൃപുത്രബന്ധത്തിന്റെ കോരിത്തരിപ്പിക്കുന്ന മനോഹരസ്മരണഎന്നീ മഹത്തമമായ സുന്ദരാദർശങ്ങളാണ് ഉടനീളം നൻപനിൽ ഓളംവെട്ടുന്നത്.

കോടീശ്വരനായ കരുണാകരൻ പിള്ളയുടെ മകനെ ഇസ്ലിമണി മരണശയ്യയിൽ വച്ച് തന്റെ ഏക സഹോദരിയെ ഏൽപ്പിച്ചിട്ടു ചരമമടയുന്നു. അവനെ ഇസ്ലിമണിക്ക് നൻപാമോ? ഈകുഴഞ്ഞ പ്രശ്നത്തിനുത്തരമാണ് "നൻപൻ".



പി. കെ സരസ്വതിയും മനോഹരും നൻപനിൽ

# യുവാക്കൾ വിവാഹം കഴിക്കാൻ


# തയ്യാറില്ലെന്നോ?

കടത്തനാട്ട മാധവിയമ്മ

(ശ്രീമതി കടത്തനാട്ട മാധവിയമ്മ വടകര വനിതാ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിലെ ചില പ്രധാന ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു. സമുദായമദ്ധ്യത്തിലേക്ക് ഒരു ചോദ്യം അവർ എടുത്തെറിഞ്ഞിരിക്കുകയാണ്. ഈ വിഷയത്തെപ്പററി സ്ത്രീകൾക്കും പുരുഷന്മാർക്കും തോന്നുന്ന അഭിപ്രായങ്ങൾ സ്വാഗതം ചെയ്തുകൊള്ളുന്നു. പത്രാധിപർ)

സ്ത്രീസമുദായത്തിനുള്ള അവശതകൾക്കു കയ്യുംകണക്കുമില്ലെങ്കിലും അവ പ്രകാശിപ്പിക്കുവാനോ, പ്രകടിപ്പിക്കുവാനോ, അവർ മുന്നോട്ടു വന്നുകാണാത്തതു വ്യസനകരമാണ്. മലബാറിൽ അവരെ പ്രതിനിധാനം ചെയ്യുന്ന ഒരു സംഘടന ഇതേവരെ രൂപമെടുത്തിട്ടില്ലെന്നതു ദൌർഭാഗ്യകരമാണെന്നു വേണം പറയുക. എല്ലാം ദുർവിധിയുടെ ഫലമാണെന്നു പറഞ്ഞു ദുരിതങ്ങളുമായി കാലം കഴിക്കുന്നവരാണു നമ്മിൽ ഏറിയകൂറും എന്നു പറയേണ്ടതുണ്ട്. എന്തിനവർ തങ്ങളുടെ അവശതകളും ആവശ്യങ്ങളും അമർത്തിപ്പിടിക്കണം? പുരുഷന്മാരെ സർവദാ പ്രസാദിപ്പിക്കുന്നതിലാണു സ്ത്രീകൾ വ്യാപരിച്ചുകാണുന്നതു്. സീതയുടെയും സാവിത്രിയുടെയും കഥകൾ പറഞ്ഞതുകൊണ്ടു കാര്യമൊന്നുമില്ല. അവർ ജീവിച്ച കാലഘട്ടവും പരിതസ്ഥിതിയും നമ്മുടേതിൽനിന്നു തുലോം വ്യത്യസ്തമാണ്. പുരുഷന്മാരെ ആനന്ദിപ്പിക്കുവാൻ കൃത്രിമമായി മോടിപിടിപ്പിക്കുന്ന സ്വഭാവം നാം കൈവെടിയണം. ആഡംബരഭ്രമത്തിനു ഹേതു പുരുഷന്മാരുടെ പ്രീതി സമ്പാദിക്കുവാനുള്ള ആഗ്രഹമാണെന്നു പറയാതെ തരമില്ല. പുരുഷന്മാരെ ഈ വിധത്തിൽ നാം എന്തിനു സ്വാധീനമാക്കണം, പുരുഷനും സ്ത്രീയും ഒരു രഥത്തിന്റെ രണ്ടു ചക്രങ്ങളാണ് ഒന്നു ബലഹീനമാണെങ്കിൽ വണ്ടി ശരിക്കു നടക്കുകയില്ല. പുരുഷനു ഒരു കരിങ്കൽ ഭാരമായിട്ടല്ല താങ്ങായിട്ടാണു നാം പ്രവർത്തിക്കേണ്ടതു്.

സ്ത്രീകൾ അവഗണിക്കപ്പെട്ട ഒരു വിഭാഗമാണോ? ഇന്നു മിക്ക യുവാക്കളും വിവാഹം കഴിക്കാൻ തയ്യാറില്ല. വിവാഹമെന്നു കേൾക്കുമ്പോൾ നെററി ചുളിക്കുന്നതായിട്ടാണ് കണ്ടുവരാറ് (ചിരി) എന്നാൽ വിവാഹം മാത്രം സ്മരിച്ചുകൊണ്ടാണു യുവതികൾ കാലം കഴിച്ചുകൂട്ടുന്നതു്. [ചിരി] ഇതൊരു പരമാർത്ഥം മാത്രമാണ്. പെൺകുട്ടികൾക്കിങ്ങനെയൊരു സ്ഥിതി വന്നുചേരാൻ കാരണമെന്താണെന്നു വല്ലവരും ചുഴിഞ്ഞു നോക്കിയിട്ടുണ്ടോ? തങ്ങളുടെ ഭാവി ജീവിതം പുരുഷന്മാരെ ആശ്രയിച്ചാണെന്ന ഒരു ബോധം കാലേക്കൂട്ടിത്തന്നെ ബാലികമാരിൽ അങ്കുരിച്ചുവളരുന്നു. നമ്മുടെ നാട്ടിൽ 10000 ത്തിനു 5131 പുരുഷന്മാരും 4869 സ്ത്രീകളുമാണ്. യുവതികളിൽ ഏറിയകൂറും അവിവാഹിതകളാണ്. വിധവകളാണെങ്കിൽ ഒരു ലക്ഷത്തിമുപ്പതിനായിരത്തോളം വരുമെന്നാണു കാണുന്നതു്. അവിവാഹിതകളും ജീവിതസുഖം ആസ്വദിക്കാതെ അസ്വസ്ഥചിത്തരായിട്ടാണു കാലം കഴിക്കുക, വിധവകളിൽ ഒരു വലിയ ശതമാനം യുവതികളാണെന്നു വേണം പറയുക. തന്നിമിത്തം വിവാഹത്തിലേർപ്പെടുവാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന സംരംഭങ്ങൾ സമാരംഭിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. (ചിരി)



ചെറുകഥ

# ഭൂമി പരന്നതാണ്

വല്ലച്ചിറ മാധവൻ

ഉച്ചതിരിഞ്ഞ്, പുറപ്പെടാൻ യാത്രപറഞ്ഞു നിൽക്കുമ്പോൾ അശരീരിപോലെ ഒരു ചോദ്യമുണ്ടായി "ചേട്ടനു് നാളെപോയാൽ പോരേ?"

രാവിലെ വന്നതാണ്. കാപ്പികുടി ഇവിടുന്നാണുണ്ടായതു്. മേനോനെ കണ്ടുമില്ല. ഇനി ഏതായാലും താമസിക്കേണ്ടെന്നു കരുതി. ഉച്ചവരെ കാത്തിരുന്നില്ലേ? പിന്നെ വരുന്നതൊക്കെ വരട്ടെ. അങ്ങിനെ ഉറപ്പിച്ചാണ് ഞാൻ യാത്രയായതു്. അപ്പോഴാണ് ഈ ചോദ്യം

"ചേട്ടനു് നാളെപോയാൽപോരേ.?"

സ്നേഹമൂറുന്ന ശബ്ദം.

ഞാൻ തിരിഞ്ഞുനോക്കി. എവിടുന്നാണ് ആ ശബ്ദം പുറപ്പെടുന്നതു്? ആളെകാണാനില്ലല്ലൊ. വല്ല കമ്പിയില്ലാക്കമ്പിയുടെയും മറ്റും.........

"ഇന്നു് എങ്ങിനെയായാലും അവർ വരും."

പിന്നെയും ആ സ്വരം കേട്ടു.

അതാ, അവിടെ നിന്നുമാണ് ആ ജനാലഴികൾക്കപ്പുറത്തുനിന്ന്. ഒരു പെണ്ണവിടെ നിൽക്കുന്നു. മേനോന്റെ ഭാര്യയായിരിക്കും.

"അല്ല. ഞാൻ പൂവ്വാണ്. ചെന്നിട്ട് വേറെ ഒരത്യാവശ്യം കൂടിയുണ്ട്."

"എന്റെ വാക്കുകൾ അനുസരിക്കേണ്ടതോ, ആഗ്രഹങ്ങൾ പാലിക്കേണ്ടതോ ആയ കാലങ്ങളൊക്കെ കഴിഞ്ഞു. അല്ലേ ചേട്ടാ.? ....

ഒരു പരാതി. ആരാണിതു്. ഇത്ര അടുപ്പമുള്ള പെണ്ണ്. ഞാൻ അങ്ങോട്ടടുത്തു ചെന്നു. കവിളിലേയ്ക്കൂറുവീഴുന്ന കണ്ണുനീർകണങ്ങൾ തുടച്ചുകൊണ്ടു് അവൾ നിന്നു തേങ്ങി.

സുമിത്ര

"വന്നതൊക്കെ വന്നു. ചേട്ടൻ എന്നോടു ക്ഷമിക്കണം."

"ക്ഷമിയ്ക്കാനും സഹിയ്ക്കാനും മൊക്കെ എന്തിരിക്കുന്നു. സുമിത്രേ? നീയോ ഞാനോ ഒരു തെറ്റും ചെയ്തില്ലല്ലോ."

"അല്ല എന്റെ പേരിൽ എന്തെങ്കിലും അങ്ങിനെ വന്നുപോയിട്ടുണ്ടെങ്കിൽ.....

"എയ് ഒന്നുമില്ലെന്നേ."

"ഏതായാലും ചേട്ടനു നാളെപോകാം. അവരിന്നുതന്നെ വരുമെന്നാണ് പറഞ്ഞിരുന്നതു്".

കയ്ച്ചിട്ടിറക്കാനും മധുരിച്ചിട്ടു തുപ്പാനും വയ്യാത്തനിലയിൽ, അന്നത്തെ അവിടെത്തന്നെ കൂടാമെന്നു നിശ്ചയിച്ചു. സുമിത്ര നിർബന്ധിച്ചിട്ടു് എങ്ങിനെ മറുത്തു പറയും.?

ഞാൻ പഴയ സ്ഥലത്തുതന്നെ ചെന്നുകിടന്നു. കയ്യാലയിലെ ചാരുകസാലയിൽ. തളിർത്തു പന്തലിച്ച ആ ഇലഞ്ഞിത്തയ്യിനും അപ്പുറത്തു പൂത്തുപുഷ്പിച്ചു നിൽക്കുന്ന രണ്ടു് ഏഴിലം പാലകളുടെ ചുവട്ടിൽ ഒരു പൂപ്പൽപിടിച്ച മുല്ലത്തറ കാണാം. അതിന്റെ വടക്കുഭാഗത്തു് പട്ടുകോണകമുടുത്ത പിള്ളേർ കുഞ്ഞിക്കഞ്ഞിവെച്ചു കളിയ്ക്കുന്നു മൂന്നിനുംഏഴിനും മദ്ധ്യേയുള്ള ബാലികാബാലന്മാർ. ഞാനതു് നോക്കിക്കൊണ്ടു കിടന്നു. വാസ്തവത്തിൽ എനിയ്ക്കു ആ കൊച്ചുപ്രായങ്ങളിലേക്കു ചുരുണ്ടുകൂടുവാൻ തോന്നി. എന്റെ ഓർമ്മകൾ അവിടെനിന്നും പുറകോട്ടു തിരിഞ്ഞു. ഞാനും സുമിത്രയും കൊച്ചായിരുന്ന കാലം. കായലിന്റെ തീരത്തു്, ചെന്താരം പൂശിയ സന്ധ്യകൾ ഞങ്ങളെ വന്നറിയിച്ചു.

"നേരമിരുട്ടായി. ഇനി നാളെമതി."

പിന്നെ ഞങ്ങൾ മടങ്ങുകയായി.

കറുകപ്പുല്ലുകൾ പച്ചപിടിപ്പിച്ച സുമിത്രയുടെ കുളിർമ്മയുള്ള വളപ്പിലും ഞങ്ങളുടെ ബാല്യകാലം പാറി നടന്നിട്ടുണ്ടു്. അന്നു് ഞാനും അവളും ഒറ്റക്കെട്ടായിരുന്നു. സുമിത്രയുള്ളിടത്തു് ഞാനുണ്ടു്. ഞാനുള്ളിടത്തു് സുമിത്രയുമുണ്ടു്. ഈ ശോകൊട്ടാരവും കള്ളനും പോലീസും കോട്ടകളിയും രാജാവും മന്ത്രിയും മണവാളനും മണവാട്ടിയും..... അങ്ങിനെ അതു് നീണ്ടുപോയി. വളരെ മുമ്പാണ്. വളരെ മുമ്പു്.

ശൈശവത്തിന്റെ അടുപ്പവും സ്വാതന്ത്ര്യവും യൗവനം വന്നാൽ തെല്ലകറ്റിനിറുത്താറുണ്ടു്. വെളിച്ചത്തിന്റെ മുമ്പിൽ. അങ്ങിനെ വന്നപ്പോൾ ഏകാന്തതകളിൽ വച്ചു് രഹസ്യമായി ഞാനവളുടേയും അവളെന്റെയും കാതുകളിൽ മന്ത്രിച്ചു.

"ഞാൻ സ്നേഹിക്കുന്നു!"

അഭിലാഷങ്ങൾക്കു് കാന്തിയും മൂല്യവും വർദ്ധിപ്പിച്ചുകൊണ്ടു് ജീവിതത്തിന്റെ കാലടികൾ ത്വരിതഗമനം ചെയ്തു. നിന്റെ സ്മരണകൾ നീണ്ടുപോയി...

"ഏ, കാപ്പി..."

മേനോന്റെ അമ്മ കാപ്പിയുമായിവന്നു. എന്റെ അരികത്തു് കാപ്പിവച്ചിട്ടു് അവർ അകത്തേയ്ക്കു പോയി

സുമിത്ര ഒരു പ്ലേറ്റിൽ പലഹാരങ്ങളുമായി എത്തി. ഞാൻ വിലക്കി.

"എനിക്കൊന്നും വേണ്ട. കാപ്പി മതി"

"കുറച്ചെങ്കിലും കഴിക്കണം."

"വേണ്ട സുമിത്രേ. തീരെ വേണ്ട"

ഒരു കാലത്ത് ചേട്ടൻ എന്റെ കൈകൊണ്ട് ഒരു കപ്പുകാപ്പിയും പലഹാരങ്ങളും കഴിക്കുവാൻ അത്യധികം കൊതിക്കുന്നെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഇന്നെന്താ പിന്നെ ഇങ്ങിനെ?"

"ഉവ്വ്. ശരിയാണ്. അന്ന്...., അന്ന് നീ"

ഞാനത് മുഴുവൻ പറഞ്ഞില്ല.

കല്യാണിയമ്മ വന്നു. ആ മദ്ധ്യവയസ്ക ഓരോ നാട്ടുവർത്തമാനങ്ങളും പറയാൻ തുടങ്ങി. സുമിത്ര തിരിച്ചു പോയി.

അന്തിക്ക് ഉറക്കാലി അടിച്ചുവാരിക്കൊണ്ടിരുന്ന സുമിത്രയെ ഞാൻ സൂക്ഷിച്ചു കിടന്നു. നിക്കറിട്ട ഒരു മിടുക്കൻ അവളുടെ പിന്നാലെ കുണുങ്ങിക്കുണുങ്ങി കൂടിയിട്ടുണ്ട്. അവൻ എന്തിനോ വാശി പിടിക്കുകയാണ്. സുമിത്ര ആ പൂങ്കവിളത്ത് തട്ടിക്കൊണ്ടു പറഞ്ഞു.

"അച്ഛനിപ്പം വരും. മോൻ കരേണ്ട"

അവൻ കൂട്ടാക്കിയില്ല. വാശി മുറുകി. സുമിത്രക്ക് ശുണ്ഠിവന്നു. അവനെ വാരി എളിയിൽ വെച്ചിട്ട് അവൾ വക്കാണിച്ചു.

"നല്ല ചെക്കൻ! ഒരു പണീം എടുക്കാൻ സമ്മതിക്കില്ല. ഒരു മിനിട്ടെങ്ങാനും അച്ഛനില്ലാണ്ടിരുന്നാൽ പിന്നവൻ താഴത്തു നിക്കില്ല."

കല്യാണിയമ്മ ശാസിച്ചു.

"എടി സുമിത്രേ; നീ അവന്റെ കരച്ചില് മാറ്റ്. എന്നിട്ടുമതി വേറെ പണി. എന്തിനാ കൊച്ചിനെ ദേഷ്യപ്പെടുന്നു"

എന്റെ നേർക്ക് വിരൽ ചൂണ്ടിയിട്ട് സുമിത്ര മകനോടു കൊഞ്ചി.

"ദേദേ, നോക്കി ഒരാള് നീ അറിയോ?"

അവൻ എന്നെ നോക്കി. പാവം! മീശകണ്ടു പേടിച്ചിട്ടാണെന്നു തോന്നുന്നു—ഒറ്റകരച്ചിൽ!

ഞങ്ങളെല്ലാവരും ഒപ്പം ചിരിച്ചു.

"അല്ലെങ്കിലും ആ മുഖത്തു നോക്കിയാൽ കുട്ട്യാളെങ്ങിനെ പേടിക്കാതിരിക്കും!"—സുമിത്ര.

"ഓരോ പരിഷ്ക്കാരങ്ങള്!" കല്യാണിയമ്മ. നേരം സന്ധ്യയായിട്ടും മേനോൻ വന്നില്ല.

അന്തിത്തിരി കൊളുത്തിയിട്ട്, ഒരു കൈത്തിരിയുമായി സുമിത്ര മുല്ലത്തറയിലേക്കുപോയി. തുമ്പുകൾ മാത്രം കൂട്ടിബന്ധിച്ച അവളുടെ ഈറമുടികൾ കനത്ത നിതംബബിംബംവും മൂടിയിട്ട് കീഴോട്ട് ഞാന്നുകിടക്കുന്നു. തുമ്പിലൊരു ചെട്ടിച്ചിപ്പൂവും. അവൾ മടങ്ങിവന്നിട്ട് എന്നോടു ചോദിച്ചു.

"ചേട്ടനു കുളിക്കണോ?"

"വേണ്ട. രാവിലെ കഴിഞ്ഞു."

"വേണെങ്കിൽ വെള്ളം കാച്ചിത്തരാം. ഒന്നുകുളിച്ചോളു"

എനിക്കു കുളിക്കണ്ട."

അവൾ അകത്തേക്കു പോയി. ഒരടുക്ക് പത്രമാസികകളുമായി വീണ്ടും സുമിത്ര തിരിച്ചുവന്നു.

"വെറുതെ കിടക്കാൻ മുഷിവുണ്ടാവും. ദേ; ഇതൊക്കെ വായിക്കാം. അധികത്തിലും ചേട്ടന്റെതന്നെ കഥകളാണ്."

"ഓ, നന്നായി."

സുമിത്ര അവിടെനിന്നു. ഞാൻ ഓരോ മാസികകൾ മറിച്ചുമറിച്ചു നോക്കി. എന്റെ ഒരു സ്വപ്നം തകർന്ന കഥയും, പരിഭവക്കാരിയും, നനഞ്ഞ നയനങ്ങളും, ബാല്യകാലസഖിയും, നോവുന്ന ഓർമ്മകളും, കരളിലെ വേദനയും, കാമുകിയുടെ കഥയും, പിച്ചിച്ചീന്തിയെറിഞ്ഞ ഒരു പനിനീർ പൂവും; പഴയകൂട്ടുകാരിയുമൊക്കെ അതിലേ കടന്നുപോയി. എന്റെ ഹൃദയത്തിലേക്കു വേദനയുടെ നറുങ്ങുകൾ അരിച്ചെത്തുവാൻ തുടങ്ങി. സുമിത്രയുടെ മുഖത്തേക്കു കണ്ണയച്ചുകൊണ്ടു ഞാൻ അന്വേഷിച്ചു:

പിന്നെ എന്തൊക്കെയാണു വിശേഷങ്ങൾ. സുഖമാണോ സുമിത്രേ?

ഒരു വിധം. ചേട്ടനിപ്പോഴും കഥയെഴുതാറില്ലെ.

ചിലപ്പോഴൊക്കെ. ഒന്നിനും ഉഷാറില്ലാതായി.

ഉം. അതെന്താ?

ഒരു കാര്യത്തിലും അന്നത്തെപ്പോലെ സംതൃപ്തിയില്ലാതായിത്തീർന്നു.

അതിൽ മുക്കാലും എന്റെതന്നെ തെറ്റാണെന്നറിയാം

നീ തെറ്റുചെയ്തില്ലല്ലോ സുമിത്രേ.

അങ്ങിനെയേ പറയൂ.

അല്ല...

അതേ ചേട്ടാ— — ഒന്നുകൂടി അവൾ സമർത്ഥിച്ചു. എന്റെ പേരിൽ കുറ്റങ്ങൾ വച്ചുകെട്ടുന്നതിലും ചേട്ടൻ വേദനക്കാരനാണെന്നു എനിക്കറിയാം.

സുമിത്രേ, ആ പഴയ കാലങ്ങളെക്കുറിച്ചു നീ ഇപ്പോഴും വല്ലതുമൊക്കെ ഓർക്കാറുണ്ടോ.

കഷ്ടിയാണ്. വ്യഗ്രത നിറഞ്ഞ ഈ ജീവിതത്തിനിടയിൽ സമയം കിട്ടാറില്ല.

നിശ്ശബ്ദത.

ചേട്ടനോ.

എന്റെ കരളിലിന്നും ആ കഥകൾ കിടന്നു വിങ്ങാറുണ്ട്.

ഏകദേശം ഞാനതു ഊഹിച്ചു. ചേട്ടന്റെ കഥകൾ വായിച്ചാൽ തന്നെ അതറിയാൻ കഴിയും. എന്റെ കൃത്യം ചേട്ടനെ ഇത്രയും നിരാശപ്പെടുത്തുമെന്നു ഞാനറിഞ്ഞിരുന്നില്ല.

ഞാൻ ഒന്നും മിണ്ടിയില്ല. സു

# എം. എം. മാണി മാളിയേക്കൽ

## സ്വർണ്ണവ്യാപാരം

**കെ. കെ. റോഡ്—കോട്ടയം**

**ഏററവും നവീന മാതൃകയിലുള്ള എല്ലാത്തരം സ്വർണ്ണാഭരണങ്ങൾക്കും പ്രസിദ്ധിയാർജ്ജിച്ച ഏക സ്ഥാപനം.**

**കമ്പോള നിരക്കനുസരിച്ചുള്ള വിലക്ലിപ്തം ഓർഡറുകൾ അനുസരിച്ചു കൃത്യസമയത്തു് ആഭരണങ്ങൾ നൽകപ്പെടും.**

**ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.**


മിത്രയും കുറച്ചുനേരം മൗനം പൂണ്ടിരുന്നു.

നമ്മുടെ ജാനകിച്ചേച്ചി ഇപ്പോഴുമില്ലേ. എന്തൊക്കെയാണു മൂപ്പരുടെ വിശേഷം.

ഇല്ല. അവർ പോയി. കഴിഞ്ഞ മേടത്തിൽ ജാനകിച്ചേച്ചി മരിച്ചു.

ഉദ്ദേ്വാ, എന്തായിരുന്നു.

പനി.

ഓ, കഷ്ടമായിപ്പോയി.

എന്തു കഷ്ടം. ഇന്നു കണ്ടവരെ നാളെയും, നാളെക്കണ്ടവരെ മറെറന്നാളും കാണാതാകുന്നു. ക്ഷണനേരംകൊണ്ടു നാമവരെ മറന്നുപോവുകയും ചെയ്യുന്നു.

അതു ചേട്ടൻ എന്നെ കരുതിക്കൂട്ടി വേദനിപ്പിച്ചതാണു. എനിക്കു മനസ്സിലായി.

എങ്കിൽ ക്ഷമിക്കണം.

ഓ, സാരമില്ല. ചേട്ടൻ വായിക്കൂ. ഞാൻ അടുക്കളയിൽ ചെല്ലട്ടെ. അവരിന്നു വരില്ലെന്നാണു തോന്നുന്നതു്. നേരം എത്രയായി.

വീണ്ടും അലസമായി ഞാൻ മാസികകളുടെ താളുകൾ മറിച്ചുതുടങ്ങി. എന്റെ കഥയുടെ ഒരു ഭാഗത്തു ചുവട്ടിൽ മഷികൊണ്ടു വരയിട്ടിട്ടുള്ളതു കണ്ണിൽപ്പെട്ടു ഞാൻ അതുവായിച്ചുനോക്കി.

ഓമനേ നിന്റെ കരളിലും കദനങ്ങളിലും എന്റെ നാമം ചലിക്കുമ്പോൾ, നിന്റെ മനസ്സ്" എനിക്കുവേണ്ടി തുടിക്കുമ്പോൾ, നിന്റെ കവിൾത്തടങ്ങൾ, എന്നെയോർത്തു കുതിരുമ്പോൾ, ഹേ...സഖീ, നീ ക്ഷമിക്കണം—അങ്ങേലോകത്തിരുന്നു ഞാനൊരു പാട്ടുപാടാം; നിന്നെ സ്നേഹിക്കുന്ന ഓരേകാന്തകാമുകന്റെ രാഗതാളങ്ങളിൽക്കൂടി. അതെങ്കിലും നീ ചെവിക്കൊള്ളുമല്ലോ

X X X X

രാത്രി. ജനൽപാളിയിൽ കൂടി നോക്കിയാൽ സുമിത്ര കിടക്കുന്നതു കാണാം. ബെഡ്റൂംലാമ്പു എരിഞ്ഞുകൊണ്ടിരിക്കുന്നു. ആ കിടക്കയിൽ ഭർത്താവിനുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുകയാണു്. ആ കതകുകളിൽ മുട്ടിക്കൊണ്ടു ഞാൻ വിളിച്ചു.

സുമിത്രേ. സുമിത്രേ.

ഉം.

അവളുണർന്നു.

എന്താ ചേട്ടാ.

ആ വാതിൽ തുറന്നു.

അവളുടെ നീലനയനങ്ങളിലെ ദൃഷ്ടികളുറപ്പിച്ചു നിന്നതല്ലാതെ ഞാനൊന്നും ശബ്ദിച്ചില്ല.

# ദഹനേന്ദ്രിയത്തിന്റെ പ്രവർത്തനം

ഡോ. മിസ് ഏലി നൈനാൻ

നമ്മുടെ ദഹനേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു പല തെററായ ധാരണകളും സാധാരണക്കാരുടെ ഇടയിലുണ്ടു്. കുട്ടികളുടെ കുടലുമറിഞ്ഞിട്ടാണു് പിത്തശൂല വരുന്നതു് എന്നു വിശ്വസിക്കുന്നവരുണ്ടു്. എത്ര കട്ടിയുള്ള സാധനം വിഴുങ്ങിയാലും അതിനെ മർദ്ദിച്ചു തരിപ്പണമാക്കുന്നതിനു് ശക്തിയുള്ള യന്ത്രങ്ങൾ വയററിൽ ഘടിപ്പിച്ചിട്ടുണ്ടെന്നു് വിശ്വസിക്കുന്നവരുണ്ടു്.

നമ്മുടെ ശരീരത്തിലെ വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങളെപ്പററിയും രോഗകാരണങ്ങളെപ്പററിയും സാധാരണ ജ്ഞാനം നമുക്കു് ഉണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണു്. കിരാതന്മാരെപ്പോലെ സർവരോഗങ്ങളുടെയും കാരണഭൂതൻ ദുരാത്മാവാണെന്നു് നമ്മളാരും വിശ്വസിക്കുന്നില്ലെങ്കിലും പലവിധ തെററിദ്ധാരണകൾക്കും നാം വിധേയരാണു്.

നാം കഴിക്കുന്ന സാധനങ്ങൾക്കു അതിശയകരമായ രാസപരിവത്തനങ്ങൾ സംഭവിക്കാതിരുന്നെങ്കിൽ നാം പട്ടിണികൊണ്ടു മരിച്ചേനെ. നാം ഭക്ഷിക്കുന്ന മാംസഭക്ഷണങ്ങളെ ശരീരത്തിന്റെ മാംസപേശികളെയും ഞരമ്പുകളെയും പണിതെടുക്കുന്നതിനു വേണ്ട മാംസജങ്ങളായി രൂപാന്തരപ്പെടുത്തുന്നു. നാം കഴിക്കുന്ന പഞ്ചസാരയും എണ്ണയും നെയ്യും ശരീരക്കൊഴുപ്പായും ഗ്ലൂക്കോജനായും കൈമാററം ചെയ്യുന്നു. ഈ ദഹനേന്ദ്രിയങ്ങൾ നമ്മെ വിശ്വസ്തതയോടെ നീണ്ടു നില്ക്കുന്ന ആയുഷ്കാലം മുഴുവൻ സേവിക്കുന്നു.

ദഹനം വായിൽ ആരംഭിക്കുന്നു. ഉമിനീരിൽ അടങ്ങിയിരിക്കുന്ന ടൈലിൻ എന്ന ദ്രാവകം റൊട്ടിയിലും, ചോററിലും മരച്ചീനിയിലും ഉള്ള സ്റ്റർച്ചിനെ പഞ്ചസാരയായി ഭേദപ്പെടുത്തുന്നു. ഇതാണു് മരച്ചീനികിഴങ്ങു ചവയ്ക്കുമ്പോൾ മധുരിക്കുന്നതു്. ഉമിനീരു വർദ്ധിക്കുന്നതിനാണു് ഉപ്പും മുളകും ഈ അവസരത്തിൽ നാം കൂട്ടാനായി ഉപയോഗിക്കുന്നതു്.

നാം കഴിക്കുന്ന ഭക്ഷണം ആമാശയത്തിൽ എത്തിക്കഴിഞ്ഞാൽ അതിനെ മഥനം ചെയ്തു് ദ്രാവകരൂപമാക്കുന്നു ആമാശയത്തിൽ അനവധി Glands മാംസഗ്രന്ഥികളുണ്ടു്. മാംസജങ്ങളെ ദഹിപ്പിക്കുന്ന പെപ്സിൻ പാലിന്റെ ഉറക്കൂട്ടുന്ന റെന്നററു് ഹൈഡ്രോക്ലോറിക്കാസിഡ് മുതലായ ദ്രാവകങ്ങൾ ആഹാരസാധനങ്ങളിൽ കലരുന്നു. വെള്ളം മുതലായ ദ്രാവക രൂപത്തിലുള്ള ഭക്ഷണങ്ങൾ ആമാശയത്തിൽ നിൽക്കാതെ കുടലിലേക്കു് കടക്കുന്നു.

ആമാശയം ദഹനത്തിൽ അതു വഹിക്കേണ്ട ഭാഗം നിർവഹിച്ചു കഴിഞ്ഞാൽ കുടലിലേക്കു് ഭക്ഷണത്തെ കടത്തിവിടുന്നു. ഇവിടെ ഭക്ഷണത്തെ അതിന്റെ മൂലസാധനങ്ങളായി തരംതിരിച്ചു് രക്തപ്രവാഹത്തിലേക്കു് കടത്തിവിടുന്നു. വിരയുടെ ഗമനത്തെപ്പോലെ ചെറുകുടല് സദാ ഇളകിക്കൊണ്ടിരിക്കുകയാണു്. ചെറുകുടലിന്റെ ഈ ഇളക്കം മൂലം ശസ്ത്രക്രിയക്കു് ഡോക്ടർക്കു് വളരെ പ്രയാസം ഉണ്ടാകുന്നു. നാം കഴിക്കുന്ന ആഹാരം പൂർണ്ണമായി ദഹിക്കണമെങ്കിൽ 9 മണിക്കൂർ വേണം. വലിയകുടൽ ആസനത്തിനു മുകളിലായി സ്ഥിതിചെയ്യുന്നു. ഇവിടെ അനവധി ജീവാണുക്കൾ കാണും. ഇവ ശരീരത്തിനാവശ്യമായ ജീവകങ്ങളെ ഉൽപാദിപ്പിക്കുന്നു.

---

സംസാരിക്കാൻ കഴിഞ്ഞില്ല. സുമിത്രയ്ക്കു കാര്യം മനസ്സിലായി. എന്തിനാണു ഞാൻ അവളെ വിളിച്ചുണർത്തിയതെന്നു്. ശബ്ദത്തേക്കാൾ വാചാലതയുള്ള ചില നിശ്ശബ്ദതകളുണ്ടല്ലോ.

ഇനിയും ചേട്ടനു് ഈ ജീവിതത്തിൽ കല്ലെറിയണോ.

പൂകൊണ്ടെറിഞ്ഞിട്ടും നീയതു കല്ലായി ഗണിച്ചതിലാണു സങ്കടം സുമിത്രേ.

ചേട്ടാ, പൂവും ചിലടത്തു കല്ലിന്റെ കരുത്തു കാണിക്കും. ചലനമേ വേണ്ടൂ. പൂവായാലും കല്ലായാലും എറിഞ്ഞാൽ ചലിക്കുന്നു.

നിന്നെ ഞാൻ സ്നേഹിക്കുന്നു.

എന്നേ ഞാനതു് അറിഞ്ഞു ചേട്ടാ.

എന്നിട്ടു്

നിയമം എന്നെ തടഞ്ഞു.

ഇപ്പോഴെങ്കിലും......


വയ്യ. കണ്ടോ, ആ കിടക്കുന്നതു് എന്റെ കൺമണിയാണു്. ഈ കഴുത്തിൽ മിന്നുന്നതു് ഒരാണു കെട്ടിയ താലിയാണു്. അതെല്ലാം ഓർത്തെങ്കിലും......

ഭൂമി പരന്നതാണു്. നമുക്കു് എവിടെയെങ്കിലുംപോയി ജീവിക്കാം.

അതാണു ബന്ധം ചേട്ടാ. ഇനിയങ്ങോട്ടു് ഒരു പരന്ന ഭൂമിയിൽ ജീവിയ്ക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഉരുണ്ട ഭൂമിയിൽത്തന്നെ ഈ ജന്മം കഴിഞ്ഞോട്ടെ. എന്റെ ചേട്ടൻ കാത്തിരിക്കുമോ. അടുത്ത ജന്മം നമുക്കൊന്നിച്ചു ജീവിക്കാം. ഇത്തവണ മാപ്പുതരൂ.

അവൾ എന്റെ കാൽക്കൽ വീണു.

അടുത്ത ജന്മം വരെയുമുള്ള ഒരു കാത്തിരിപ്പിനു പ്രതിജ്ഞയെടുത്തുകൊണ്ടു് ആ രാത്രിയിൽത്തന്നെ ഞാൻ തിരിച്ചുപോന്നു. അതും അവൾക്കുവേണ്ടിത്തന്നെ.





# മാർക്സിന്റെ മാനിഫെസ്റ്റോയുടെ ജനനം

ജെ. പി. മത്തായി എം.എ.

ആധുനികലോകത്തിൽ കണക്കിലേറെ പ്രചാരവും അസൂയാർഹമായ വിശ്വാസവും അന്ധമായ അനുയായിത്വവും സമാർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ഒരു ഗ്രന്ഥമാണ് "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ". അതിന്റെ ആദ്യത്തെ പ്രസിദ്ധീകരണത്തിനുശേഷം ഇപ്പോൾ ഒരു ശതാബ്ദത്തിലധികമായി. കാറൽ മാർക്സും ഫ്രെഡറിക്ക് എംഗൽസും കൂടി ബ്രസ്സൽസിൽ (ബൽജിയം) വച്ച് സഹകരിച്ചു തയ്യാറാക്കിയ ഈ പ്രബന്ധത്തെ 1847—ൽ, ഫ്രാൻസിലെ ഫെബ്രുവരി വിപ്ലവത്തിനല്പം മുമ്പ്, മുദ്രണം ചെയ്യാൻ ലണ്ടനിലേക്കയച്ചു. ആദ്യത്തെ പതിപ്പ് ജർമ്മൻ ഭാഷയിലായിരുന്നു. വളരെ കുറച്ചു പ്രതികൾ മാത്രമേ അടിച്ചുള്ളു; ക്ലിപ്തമായ വിതരണവും പ്രചരണവും മാത്രമേ ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളു. 1848 ജൂണിനു മുമ്പ് മാനിഫെസ്റ്റോയുടെ ഒരു ഫ്രഞ്ചുവിവർത്തനം പുറത്തുവന്നെങ്കിലും 1850 നവംബറിൽ മാത്രമാണ് അതിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകൃതമായതെന്ന് എംഗൽസിന്റെ കത്തുകളിൽനിന്നു വ്യക്തമാകുന്നുണ്ട്. "പ്രോലിട്ടേറിയറ്റും ബൂർഷ്വായും തമ്മിലുള്ള ആദ്യത്തെ മഹത്തായ സമരം" എന്നു എംഗൽസ് പുകഴ്ത്തിയിട്ടുള്ള ഫ്രാൻസിലെ ജൂൺ വിപ്ലവം പരാജയപ്പെടുകയും, പ്രസിദ്ധമായ കൊളോൺ വിസ്താരത്തി (Colo,re Trial) നു ശേഷം കമ്യൂണിസ്റ്റ് ലീഗിന്റെ കേന്ദ്രസമിതി പിരിച്ചുവിടപ്പെടുകയും ചെയ്തതോടെ നവാഭിലാഷങ്ങളോടെ ഉയർന്നുവന്ന തൊഴിലാളിപ്രസ്ഥാനം താൽക്കാലികമായി സ്തംഭിക്കതന്നെ ചെയ്തു. ഇക്കാരണത്താൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ഫലപ്രദമായ പ്രചാരണത്തിന് ഒരു ഇരുപത്തിയഞ്ചു വർഷക്കാലത്തെ വിളംബം നേരിട്ടു.

ലക്ഷങ്ങളുടെ മനസ്സുകളെ കർത്തവ്യോന്മുഖമാക്കുകയും ബൃഹത്തായ ഒരു സാമൂഹ്യപരിവർത്തനത്തെ വിഭാവനം ചെയ്ത് അതിനു പ്രേരകമായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ഗ്രന്ഥത്തെ മഹത്തരമെന്നു പറയാമെങ്കിൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ മഹത്തായ ഒരു ഗ്രന്ഥംതന്നെയാണ്. അതിന്റെ പ്രസിദ്ധീകരണത്തോടുകൂടി അവ്യവസ്ഥിതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന അനേകം ധിഷണാശാലികൾ സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ സംഘടിച്ചു; കമ്യൂണിസത്തിനുവേണ്ടി, കമ്യൂണിസത്തിന്റെ പേരിൽ, അതു റഷ്യൻ "വിപ്ലവ"ത്തെ സാധിതമാക്കി, അതിന്റെ യാഥാർത്ഥ്യത്തെ വികലമായിട്ടെങ്കിലും അനിഷേധ്യമായി സ്ഥാപിച്ചു. ആധുനികലോകത്തിന്റെ പ്രശ്നങ്ങളുടെ ഗഹനതയും, പാശ്ചാത്യ നാഗരികതയുടെ പരാജയവും മനസ്സിലാക്കണമെങ്കിൽ, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പഠനവിഷയമാക്കേണ്ടതുണ്ട്.

മഹത്തായ ഗ്രന്ഥങ്ങളിൽ ഇതേറ്റവും ഹ്രസ്വമാണ്. പതിനയ്യായിരം വാക്കുകളേ ഇതിലുള്ളു. അതിൽത്തന്നെ മൂവായിരത്തിൽപരം വാക്കുകൾ സോഷ്യലിസ്റ്റ് പ്രസിദ്ധീകരണങ്ങളെയും അന്നത്തെ രാഷ്ട്രീയപശ്ചാത്തലത്തെയും പറ്റി അതിരസകരമായി പ്രതിപാദിക്കുന്നതുമാണ്. മാനിഫെസ്റ്റോയുടെ പിന്നീടുള്ള പതിപ്പുകളിൽ അത്രയും ഭാഗം ഉപേക്ഷിക്കുന്നതു നന്നായിരിക്കുമെന്നുകൂടെ തത്ഗ്രന്ഥകാരന്മാർ കരുതാതിരുന്നില്ല. എങ്കിലും, ചരിത്രപരമായി മാനിഫെസ്റ്റോ ഒരു പ്രമാണമായിക്കഴിഞ്ഞിരുന്നതുകൊണ്ട് അതിനു അവർ ഉദ്യമിച്ചില്ലായിരിക്കണം. പുതുതായൊരാമുഖവും ഏതാനും കുറിപ്പുകളും മാർക്സിനെ അതിജീവിച്ച എംഗൽസ് എഴുതിച്ചേർത്തതൊഴിച്ചാൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിക്കു മാറ്റമൊന്നുമുണ്ടായിട്ടില്ല.

മാർക്സിന്റെ അനുയായികൾ ഈ മാനിഫെസ്റ്റോയെ അദ്ദേഹത്തിന്റെ അനന്യസാധാരണമായ അനനുകൃതപാണ്ഡിത്യത്തിന്റെയും പ്രതിഭാപ്രാഭവത്തിന്റെയും നിദർശനമായി ഉദാഹരിക്കുന്നുണ്ടെങ്കിലും അദ്ദേഹം നടത്തിയിട്ടുള്ള ചോരണങ്ങളുടെ ബഹുലതയെയും വ്യാപ്തിയെയും പരസ്യമായി ആക്ഷേപിക്കാത്തവരും വിരളമല്ല. നിഷ്പക്ഷമായ ഒരഭിപ്രായം പറകയാണെങ്കിൽ, അവരുടെ സ്വകീയാഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഒരു സംഗ്രഹമായില്ല മാർക്സും എംഗൽസും മാനിഫെസ്റ്റോയെ കണ്ട

ക്കാക്കിയിരുന്നതു്. അവർ ഒരു പ്രസ്ഥാനത്തിന്റെ പ്രണേതാക്കളും വ്യാഖ്യാതാക്കളുമായിരുന്നു എന്നു നാം സ്മരിക്കണം. തന്റെ കടപ്പാടുകളെ മനഃപൂർവ്വം മറച്ചുവയ്ക്കാറുണ്ടായിരുന്ന മാർക്സുപോലും പ്രൂധോ (Proudhon)ണിനോടുള്ള തന്റെ അധമർണ്ണ്യത്തെ ഏററുപറയുകയും, പ്രൂധോണിന്റെ What is Property?" (പാരീസ്, 1840) എന്ന ഗ്രന്ഥം ആധുനികപ്രോലിട്ടേറിയററിന്റെ ശാസ്ത്രീയമായ ഒരു പ്രകടനപത്രികയാണെന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വിക്ടർ കൺസിഡെറാന്റിന്റെ Democratic Manifesto" (പാരീസ് 1847) യോടും കമ്യൂണിസ്റ്റ് എഫ്. എം.. ബൂണരോത്തിയുടെ Egalitarian Manifesto-യോടും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയ്ക്കുള്ള സാധർമ്മ്യങ്ങൾ അവഗണിക്കാവതല്ല; അതുപോലെതന്നെ സമകാലികമായ മററു അവകാശപ്രഖ്യാപനങ്ങളോടും.

മാർക്സിന്റെ Revelations Concerning the Communist Trial in Cologne of 1852" (1852-ൽ കോളോണിൽ നടന്ന കമ്യൂണിസ്റ്റ് വിസ്താരത്തെ സംബന്ധിച്ച വസ്തുതകൾ"; 188 -ൽ അതു പ്രസിദ്ധീകൃതമായി) എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ഉല്പത്തിയെ സംബന്ധിച്ചുള്ള ഒരു പൂർണ്ണവിവരണം എംഗൽസ് നൽകുന്നുണ്ട്. ജർമ്മൻ ഡെമോക്രാററിക് അഭയാർത്ഥികൾ 1834-ൽ പാരീസിൽവച്ചു League of Outlawed ('നിയമഭ്രഷ്ടരാക്കപ്പെട്ടവരുടെ ലീഗ്') എന്നൊരു രഹസ്യസംഘടന രൂപവൽക്കരിച്ചു. ആ സംഘടനയിലെ അന്തർദ്ദേശീയമനോഭാവികളായ ഒരു പ്രോലിട്ടേറിയററു ന്യൂനപക്ഷം 1836-ൽ അഗസ്റ്റ് ബ്ലാൻകേ എന്നൊരു ദേഹത്തിന്റെ നേതൃത്വത്തിൽ League of the Just ('നീതിമാന്മാരുടെ ലീഗ്') എന്ന പേരോടുകൂടിയ വേറൊരു സംഘടന സൃഷ്ടിക്കുകയുണ്ടായി. ലമെന്നിയായുടെ "Words of a Believer" എന്ന ഗ്രന്ഥത്തിന്റെ പ്രചോദനം സ്വീകരിച്ചുകൊണ്ടെത്തിയ ജർമ്മൻകാരനായ ഒരു വില്യം വെററ്ലിങ്ങിന്റെ സ്വാധീനം ഈ സംഘടനയിൽ ക്രമശഃ പ്രബലപ്പെടുകയും, അയാൾ ഉത്ഘോഷിച്ച ഒരു അർദ്ധയൂട്ടോപ്പിയൻ കമ്യൂണിസത്തിലേക്കു അതു ചാഞ്ഞുതുടങ്ങുകയും ചെയ്തു 1839 മെയ് 12-ാം തീയതി വെററ്ലിങ്ങും "നീതിമാന്മാരുടെ ലീഗിലെ പ്രമുഖാംഗങ്ങളായ കെ. ഷാപ്പർ, എച്ച്. ബോവർ, ജെ. മോൾ മുതലായവരുംകൂടി പാരീസിൽ ഒരു വിപ്ലവം നടത്താൻ ഒരു വ്യർത്ഥശ്രമം ചെയ്കയുണ്ടായി.

വെററ്ലിങ്ങ് സ്വിററ്സർലണ്ടിലേക്കു പലായനം ചെയ്തു. അയാളുടെ സഹപ്രവർത്തകർ ബന്ധനത്തിലുമായി. മോചനാനന്തരം ഷാപ്പറും ബോവറും മോളും ലണ്ടനിലെത്തി. "നീതിമാന്മാരുടെ ലീഗി"ന്റെ കേന്ദ്രാലയം അവിടെ സ്ഥാപിച്ചു. അതോടുകൂടി അവരുടെ പ്രസ്ഥാനത്തിനു ഏറെക്കുറെ അന്തഃർദ്ദേശീയമായ ഒരു വീക്ഷണവും പരിഗണനയും ലഭിച്ചുതുടങ്ങി. നാടുകടത്തപ്പെട്ട ജർമ്മൻ കമ്യൂണിസ്റ്റുകൾക്കായി അവർ "ജർമ്മൻ വർക്കേഴ്സ് എഡ്യൂക്കേഷൻ അസോസിയേഷൻ" എന്നൊരു സമിതി രൂപവൽക്കരിക്കുകയും, അതു ലീഗിന്റെ ഒരു പ്രചരണോപാധിയായി പരിവർത്തിച്ചു പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു.

ഇവർ ആദ്യകാലത്തു് ഒരു ഇംഗ്ലീഷ് ദേശീയപ്രസ്ഥാനം മാത്രമായ 'ചാർട്ടിസ്റ്റ് മൂവ്മെന്റി'നെ വ്യഞ്ജത്തോടുകൂടിയാണു വീക്ഷിച്ചിരുന്നതു്. ലീഗിന്റെ അംഗത്വം നിരസിച്ച എംഗൽസ് ആണ് ചാർട്ടിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രാധാന്യം അവരെ ധരിപ്പിച്ചതു്. എംഗൽസ്, ചാർട്ടിസ്റ്റ് വാമപക്ഷമായ "ഫ്രറ്റേണൽ ഡെമോക്രാററ്സ്"കാർ (Fraternal Democrats) നടത്തിയിരുന്ന നോർതേൺ സ്റ്റാർ, (NorthernStar) എന്ന പത്രത്തിന്റെ ഒരു സ്ഥിരം ലേഖകനുമായിരുന്നു.

"കമ്യൂണിസ്റ്റ് കറസ്പോണ്ടൻസ് കമ്മിററി (Communist Correspondence Committee)-ഇതായിരുന്നു ആദ്യത്തെ കോമിൻഫോം-യുടെ സ്ഥാപകരായ മാർക്സും എംഗൽസും ഈ രണ്ടു കക്ഷികൾക്കും പ്രചരണസാഹിത്യം എഴുതിക്കൊടുത്തുകൊണ്ടാണിരുന്നതു്. അതും എംഗൽസിന്റെ "The Condition of the working class in England, (1845) എന്ന കൃതിയും കാലക്രമത്തിൽ ലീഗിന്റെ ആദർശപരതയും യുട്ടോപ്പിയാനിസത്തെയും നശിപ്പിക്കാൻ വേണ്ടത്ര പ്രയോജനപ്പെട്ടു. അങ്ങനെ ലീഗ് കോമിൻഫോമിന്റെ ഇംഗ്ലണ്ടിലെ ശാഖയായി പ്രവർത്തനമാരംഭിക്കാൻ പ്രാപ്തമായിക്കഴിഞ്ഞിരുന്നതായി എംഗൽസ് രേഖപ്പെടുത്തിയിട്ടുണ്ട്. (1845)

എങ്കിലും ലീഗിന്റെ ലണ്ടൻ കമ്മിററിയും മാർക്സിന്റെ ബ്രസ്സൽസ് കമ്മിററിയും തമ്മിൽ നിസ്സാരമല്ലാത്ത ചില അഭിപ്രായഭേദങ്ങളും അവിശ്വാസങ്ങളും നിലവിലിരുന്നു. എന്നാൽ 1846-ാമാണ്ടോടുകൂടി മാർക്സിന്റെ വിമർശപരമായ കമ്യൂണിസത്തെ സ്വീകരിച്ചാദരിക്കാൻ ലീഗ് സന്നദ്ധമാകുകയുണ്ടായി. ഈ യോജിപ്പ് ദൃഢ

പ്പെട്ടത്താനും ലണ്ടനിൽ വച്ച് നടത്താനുദ്ദേശിച്ചിരുന്ന ഒരു കോൺഫറൻസിൽ സഹകരിക്കാനും, അന്ന് ബ്രസൽസിലായിരുന്ന മാർക്സിനെയും പാരീസിലായിരുന്ന എംഗൽസിനെയും ലീഗിൻെറ ഒരു പ്രത്യേക ദൂതനായി നിയോഗിക്കപ്പെട്ട മോൾ സമീപിക്കുകയുണ്ടായി. എന്നാൽ മാർക്സും എംഗൽസും ലീഗിൻെറ അംഗങ്ങളാകണമെന്നും, അവരുടെ കോമിൻഫോം ലീഗിൻെറ ഒരു ഘടകമായി അതിൻെറ നേതൃത്വത്തിൽ മാത്രം പ്രവർത്തിക്കണമെന്നും കൂടെ രണ്ടു വ്യവസ്ഥകൾ ലീഗുകാർ നിർബന്ധപൂർവം നിർദ്ദേശിക്കുകയും ചെയ്തു. എംഗൽസും മാർക്സും ഈ നിർദ്ദേശങ്ങൾ അതേപടി സ്വീകരിക്കുകയും, മാർക്സിനു് യാത്രയ്ക്കു പണമില്ലാതിരുന്നതിനാൽ എംഗൽസുമാത്രം 1847 ജൂണിൽ സമ്മേളിച്ച കോൺഫറൻസിൽ സംബന്ധിക്കുകയും ചെയ്തു.

ഇക്കാലത്തുതന്നെ (1847 ഫെബ്രുവരി) ഒരു കമ്മ്യൂണിസ്റ്റ് "വിശ്വാസപ്രമാണം" രൂപവൽക്കരിക്കുന്നതിനുവേണ്ടി സമ്മേളിക്കുന്ന ഒരു ലണ്ടൻ കോൺഫറൻസിലേക്ക് വിപ്ളവ പ്രസ്ഥാന പ്രണേതാക്കളായ തൊഴിലാളിസംഘടനകൾ തങ്ങളുടെ പ്രതിനിധികളെയും നിരീക്ഷകരെയും അയക്കണമെന്നാഹ്വാനം ചെയ്യുന്ന ഒരു പ്രസ്താവനയുമായി ഫ്രട്ടേണൽ ഡമോക്രാറ്റുകാർ മുന്നോട്ടുവന്നു. യാതൊന്നും സംഭവിച്ചില്ല. വീണ്ടും, 1847 ഫെബ്രുവരി 20—ാം തീയതി) അവരുടെ രണ്ടാമത്തെ വാർഷിക സമ്മേളനത്തിൽ ഇതുപോലെ ഒരാഹ്വാനമുണ്ടായി. അന്ന് ബ്രസൽസിൽ സമ്മേളിച്ചുകൊണ്ടിരുന്ന ബൂർഷ്വാകളുടെ ഫ്രീ ട്രേഡ് കോൺഗ്രസ്സിനു് (Free Trade Congress) ഒരു തിരിച്ചടിയായി ഈ ആഹ്വാനത്തെ പലരും പരിഗണിക്കുകയുണ്ടായി. അന്ന് "നീതിമാന്മാരുടെ ലീഗ്" (League of the Just) എംഗൽസിൻെറ നിസ്തുല്യ പരിശ്രമത്താൽ കമ്മ്യൂണിസ്റ്റ് ലീഗായും അതിൻെറ മുദ്രാവാക്യം "സർവരാജ്യ തൊഴിലാളികളെ സംഘടിക്കുക!" (Workers of all Contries unite!) എന്നുമായി രൂപാന്തരം പ്രാപിച്ചു കഴിഞ്ഞിരുന്നു. ലീഗിൻെറ സെൻട്രൽ കമ്മിറ്റി ഒരു നക്കൽ ഭരണഘടന തയ്യാറാക്കി പ്രാദേശിക കമ്മിറ്റികൾക്ക് അയച്ചു കൊടുക്കുകയും 1848 നവംബർ 30 മുതൽ ഡിസംബർ 8 വരെയുള്ള സമ്മേളനത്തിൽ അതു് ചർച്ചാവിഷയമാക്കണമെന്ന് അവർ തീരുമാനിക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റ് ലീഗിൻെറ ഒന്നും രണ്ടും വാർഷിക കോൺഗ്രസ്സുകൾക്കിടയ്ക്കു് അഭിപ്രായ ഭിന്നതകൾ കൂടുതൽ കൂടുതൽ പ്രകടമാകുകയും പ്രബലപ്പെടുകയും ചെയ്തതോടുകൂടി പാർട്ടിയുടെ പുതിയ പ്രോഗ്രാമിനു് ആഹാര രൂപാദികൾ നൽകി. അതു് പ്രയോഗക്ഷമമാക്കുവാനായി മാർക്സിൻെറയും എംഗൽസിൻെറയും സഹായ സഹകരണങ്ങൾ ആവശ്യമായി വന്നു. അങ്ങനെ, മാർക്സ്, ബ്രസ്സൽസിൽ നിന്നു് ലണ്ടനിലേക്കു് യാത്രയായി. ഒരു പ്രോഗ്രാം വാർത്തെടുക്കുന്നതിനും അതു് പ്രചരിപ്പിക്കാൻ അന്തർദേശീയമായ ഒരു സംഘടന ക്രമപ്പെടുത്തിയെടുക്കുന്നതിനും അദ്ദേഹം അഭിലഷിച്ചിരുന്നു. 1830—ലെ പോളിഷ് വിപ്ളവത്തിൻെറ വാർഷികദിനമായ നവംബർ 29—ാംതീയതി ഫ്രട്ടേണൽ ഡമോക്രാറ്റുകാരുടെ ആഭിമുഖ്യത്തിൽ സമ്മേളിച്ച ജർമ്മൻവർക്കേഴ്സ് എഡ്യുക്കേഷൻ ക്ളബ് മീറ്റിംഗിൽ മാർക്സ് അവരുടെ ഐക്യബോധത്തെ തട്ടിയുണർത്തത്തക്ക ആവേശകരമായ ഒരു പ്രസംഗം ചെയ്തു. പിറ്റേ ദിവസം അതേ ഹാളിൽ വച്ചു നടത്തിയ കമ്മ്യൂണിസ്റ്റു ലീഗിൻെറ കോൺഗ്രസ്സ് സമ്മേളനത്തിൽ എംഗൽസ് അതിനു മുമ്പുതന്നെ ആവിഷ്കരിച്ച ഓരോ ആശയാഭിപ്രായങ്ങളെയും വാദഗതികളെയും മാർക്സ് സമർത്ഥമായി വിശദീകരിച്ചു എന്നു പറയപ്പെടുന്നു. ബൂർഷ്വാ വർഗ്ഗത്തിൻെറ നിർമ്മാർജ്ജനം പ്രോലിട്ടേറിയറ്റിൻെറ അധികാരസമ്പാദനവും ഭരണവും സ്വകാര്യസ്വത്തിൻെറ നിരോധനം വർഗ്ഗ രഹിതമായ ഒരു സമുദായത്തിൻെറ സൃഷ്ടി മുതലായവയെപ്പറ്റിയുള്ള മാർക്സിൻെറ വിശദീകരണങ്ങളും വിശകലനങ്ങളും നിഗമനങ്ങളും അന്നു് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. മാർക്സിനെയും എംഗൽസിനെയും ഒരു കമ്മ്യൂണിസ്റ്റു വിശ്വാസപ്രമാണത്തെ കരടെഴുതുന്നതിന് ആ കോൺഗ്രസ്സ് ചുമതലപ്പെടുത്തുകയും ചെയ്തു. അതേത്തുടർന്നു ഒരു അന്തർദേശീയ തൊഴിലാളി സമ്മേളനം—ആദ്യത്തെ ഇൻറർനാഷണൽ—1848-ൽ ബ്രസ്സൽസിൽ വച്ചു നടത്താൻ ഫ്രട്ടേണൽ ഡമോക്രാറ്റുകൾ മാർക്സിനോടു് ആവശ്യപ്പെട്ടെങ്കിലും അടുത്ത പതിനാറു വർഷക്കാലത്തേക്കു് അങ്ങനെയൊന്നും നടന്നില്ല. എന്നാൽ ബ്രസ്സൽസിൽ തിരിച്ചെത്തിയശേഷം എട്ടാഴ്ചകൾ കഴിയുന്നതിനു മുമ്പു തന്നെ കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോ പ്രസിദ്ധീകൃതമായി.



# പത്രാധിപർ സദാനന്ദൻ

**(പോത്തൻ ജോസഫ്)**

(ഫ്രീപ്രസ്സ് ജർണൽ പത്രാധിപരായിരുന്ന ശ്രീ. സദാനന്ദനെപ്പറ്റി ശ്രീ. പോത്തൻജോസഫ് എഴുതിയ ഒരു ലേഖനത്തിന്റെ സ്വതന്ത്രപരിഭാഷ.)

സദാനന്ദന്റെ ഒരു പ്രതിമ സ്ഥാപിക്കുകയാണെങ്കിൽ മാർബിളിനെക്കാൾ ഓട്ടുകൊണ്ടുള്ളതായിരിക്കും കൂടുതൽ ശോഭിക്കുന്നതു്. ഓട്ടു് ധൂളീകരിക്കുവാൻ സാധ്യമല്ലല്ലോ. അപകടസന്ധികളിൽ അനശ്വരതയുടേയും വെല്ലുവിളിയുടേയും ഒരു ഭാവമാണു് അദ്ദേഹത്തിൽ നിഴലിച്ചിരുന്നതു്. 1916 ൽ അദ്ദേഹം ബോംബയിലെത്തിയപ്പോൾ അന്നു ഹോംറൂൾ പ്രസ്ഥാനത്തിന്റെ കോട്ടയായിരുന്ന "ബോംബെ ക്രോണിക്കിൾ" ആഫീസിൽ വന്നു എന്നെ സന്ദർശിക്കുകയുണ്ടായി. ഒരു സ്വാതന്ത്ര്യനെന്ന നിലയിൽ സമരത്തിൽ പങ്കുകൊള്ളുവാൻ അദ്ദേഹം അഭിലഷിച്ചിരുന്നു. ഏതാനും ദിവസത്തേക്കു എന്റെ അതിഥിയായിരുന്നതിനാൽ ആ യുവാവിനെക്കുറിച്ചു് സഹാനുഭൂതിയോടുകൂടി പഠിക്കുവാൻ എനിക്കു സാധിച്ചു. ഗോവണിയുടെ താഴത്തെ പടിയിൽ നിന്നു് ക്ഷമയോടുകൂടി ഉയർന്നുവരുന്ന ഒരു പത്രപ്രവർത്തകനെക്കാൾ തികഞ്ഞ ഒരു രാഷ്ട്രീയ കുരിശുയുദ്ധക്കാരനെയാണു് ഞാൻ അദ്ദേഹത്തിൽ ദർശിച്ചതു്.

തന്റെ തൊഴിലിൽ പ്രവേശിച്ചപ്പോൾ സദാനന്ദന്റെ വിദ്യാഭ്യാസപരമായ സന്നാഹങ്ങൾ നിസ്സാരങ്ങളായിരുന്നു. എന്നാൽ "കഴമ്പില്ലാത്ത ഫലിതത്തെ അപഹസിക്കുന്നതിന്റേയും പ്രയത്നപൂർണ്ണങ്ങളായ ദിനങ്ങൾ നയിക്കുന്നതിന്റേയും" മാഹാത്മ്യം അദ്ദേഹത്തിനറിയാമായിരുന്നു. താമസിയാതെ സദാനന്ദൻ അസോസിയേറ്റഡ് പ്രസ്സിലെ പരേതനായ മി. എ. സി ചാറ്റർജിയുടെ ഒരു പേർസനൽ അസിസ്റ്റന്റായി. തന്റെ ഉപജീവനത്തിനായി രണ്ടു ബാലികമാരുടെ ട്യൂട്ടറായും ജോലി നോക്കേണ്ടി വന്നു. (ആ ബാലികമാരാണു് പിന്നീടു് മിസ്സിസ് സെൻ, മിസ്സിസ് ഡെഫ്ത്തേരി എന്ന പേരുകളിൽ അറിയപ്പെട്ടതു്.) വിദ്യാഭ്യാസകാലത്തു് ഗ്രന്ഥപാരായണത്തിനു് അവസരം നഷ്ടപ്പെട്ടിരുന്നതിനാൽ സാധാരണ ജെ. എൻ. ലൈബ്രറിയിൽ അദ്ദേഹം വായിക്കുവാൻ പോകും. തന്റെ സ്കൂൾജീവിതം വിദ്യാഭ്യാസത്തിൽ ശരിക്കും ഇടപെടാൻ അനുവദിച്ചിരുന്നില്ലെന്നു് ഒരിക്കൽ മാർക്കു് ട്വയിൻ പറയുകയുണ്ടായി.

സദാനന്ദന്റെ വിജ്ഞാനത്തിന്റെ ഉറപ്പുള്ള അസ്ഥിവാരം അദ്ദേഹം തന്നെയാണു് സ്ഥാപിച്ചതു്. പിന്നീടു് തനിക്കു സിദ്ധിച്ചിട്ടുള്ള പാണ്ഡിത്യത്തിന്റെ എല്ലാ അംശങ്ങളും ജീവിതോദ്ദേശനിർവഹണത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്തു.

x x x x x

റംഗൂണിലും മദ്രാസിലും ബോംബയിലുമായി അദ്ദേഹം ജീവിതമാരംഭിച്ചു. എന്നാൽ ഇന്നു് പ്രസ്സ് ട്രസ്റ്റ് ഓഫ് ഇൻഡ്യ എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന അർദ്ധ ഔദ്യോഗിക വാർത്താവിതരണ ഏജൻസിയോടു കിടനിൽക്കുന്ന ഒരന്തർദ്ദേശീയ ഫ്രീ പ്രസ്സ് സർവീസ് ആരംഭിക്കുന്നതിനുള്ള സ്വപ്നത്തിന്റെ പിന്നാലെ നടന്നതിനാൽ ദീർഘമായ പ്രവാസങ്ങളും ഇടയ്ക്കിടയ്ക്കു് ഉണ്ടായിക്കൊണ്ടിരുന്നു. അസോസിയേറ്റഡ് പ്രസ്സിന്റെ അസിസ്റ്റന്റായിരുന്ന കാലത്തു് "കെ. സി. റോയി സിദ്ധാന്ത"മനുസരിച്ചു് ഭൗതിക വിജയത്തിന്റെ പരമകാഷ്ഠയിലെത്തിയിരുന്ന ഇൻഡ്യൻ പത്രപ്രവർത്തനത്തെ യഥാർത്ഥരൂപത്തിൽ അദ്ദേഹം പഠനം ചെയ്തു. ഇൻഡ്യയിലെ ദേശീയപത്രങ്ങളുടെ പിന്തുണയുണ്ടെങ്കിൽ കൂടുതൽ വിപുലവും ചിലവു കുറഞ്ഞതും അടിമത്ത മനോഭാവമില്ലാത്തതുമായ ഒരു വാർത്താവിതരണ സമ്പ്രദായം ഏർപ്പെടുത്താമെന്നു അദ്ദേഹം നിശ്ചയിച്ചു.

താരതമ്യാടിസ്ഥാനത്തിൽ കണക്കുകൾ കൂട്ടി എന്റെ അഭിപ്രായമാരാഞ്ഞപ്പോൾ കണക്കുകൾ ശരിയായി തോന്നി. പക്ഷേ പദ്ധതിയുടെ പ്രവർത്തനത്തിനു് ഒരു ഡസൻ സദാനന്ദന്മാരുടെ വിശ്വസ്തവും സമർത്ഥവുമായ സേവനവും സുശക്തവും സുസ്ഥാപിതവും ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പിന്തുണയുമുള്ള ഒരു സ്ഥാപനത്തിന്റെ ഭീഷണിയെ നേരിടുവാനുള്ള തന്റേടവും ആവശ്യമായിരുന്നു. പക്ഷേ, യാതൊന്നും അദ്ദേഹത്തെ തടയുവാൻ കഴിഞ്ഞില്ല. ഗാന്ധിജി തന്റെ സത്യാഗ്രഹം തുടങ്ങിയതുപോലെ സദാനന്ദൻ ആ കൃത്യം സ്വയം ഏറ്റെടുത്തു മദ്രാസിൽനിന്നുവന്ന ഈ അപരിചിതന്റെ യത്നങ്ങളിൽ എതിരാളി

കൾ മന്ദഹസിച്ചു. എന്നാൽ അവരുടെ സഹാനുഭൂതി ആർജ്ജിക്കുന്നതിനും വിശ്വാസമില്ലാത്തവരെ, ഉദ്ദേശദാർഢ്യത്തോടുകൂടി അഭിമുഖീകരിക്കുന്നതിനും സദാനന്ദനു സാധിച്ചു.

മിതവാദികളിൽ സദാനന്ദനു് തീരെ വിശ്വാസമില്ലായിരുന്നു. പണം ലഭിക്കുന്നതിനു കോൺഗ്രസ്സ് ഇടതുപക്ഷക്കാരെപ്പോലെ മുതലാളികളെയും സമീപിക്കണമെന്ന അദ്ദേഹത്തിന്റെ ന്യായം തികച്ചും ശരിയായിരുന്നു. പുരുഷോത്തംദാസ്, വാൽചന്ദ് ഹീരചന്ദ്, ബിർല, മാത്തുദാസ് വിസൻജി മുതലായവരോടൊപ്പം അമിതവാദികളായ കെ. റ്റി. ഷാ, ലക്ഷ്മിദാസ് തെർസി, ഡി. എൽ. ബാനർജി ബിജി. ഖെർ, ബുലാഭായ് ദേശായ് മുതലായവരെയും തന്റെ സഹായികളാക്കിത്തീർത്തു് സദാനന്ദന്റെ വ്യക്തിവൈശിഷ്ട്യത്തെയും ഭീമമായ സഹനശക്തിയേയും ദ്യോതിപ്പിക്കുന്നു. സൈമൺ കമ്മീഷൻ ഇൻഡ്യയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഇൻഡ്യൻ ഫ്രീ പ്രസ്സ് സാർവ്വത്രികമായ എതിർപ്പാണു് പ്രകടിപ്പിച്ചതെന്നുള്ളതിൽ സംശയമില്ല. സദാനന്ദന്റെ ഇംഗ്ലണ്ടിലെ പ്രതിനിധിയും ഒരു പ്രമുഖ വനിതയും ഇൻഡ്യൻ പത്ര പ്രവർത്തനത്തെക്കുറിച്ചുള്ള ഒരു ഗ്രന്ഥത്തിന്റെ കർത്രിയുമായ മിസ്സസ്സ് ബർണാഡ റോയിട്ടർ സന്ദേശങ്ങളിൽ കാണാത്തതും സമയോചിതവുമായ ചില കഥകൾ തെരഞ്ഞെടുത്തു. "വാല്യയത്തിപ്പിടിക്കുക" എന്ന സിദ്ധാന്തത്തിലൂടെയാണ് ഫ്രീ പ്രസ്സ് ഇൻഡ്യയുടെ മനോവീര്യം പ്രകടമാക്കിയതു്. ദേശീയപ്രസ്ഥാനം പരാജയത്തിന്റെ വക്കിലെത്തിയപ്പോഴും സദാനന്ദ് അതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു എന്നുള്ള വസ്തുത നിഷേധിക്കുവാൻ സാധ്യമല്ല.



*Balatone*

BEST TONIC FOR CHILDREN

# 'ബാലട്ടോൺ'

ഗ്രഹണി (വിര) തലവിയർപ്പ്, വയറു പാടത്, വിളർച്ച മുതലായവ നീക്കി കുട്ടികളെ പുഷ്ടിപ്പെടുത്തുന്നു.

കുപ്പി 1-നു് 1ക. 4ണ.

തപാൽകൂലി 4കുപ്പിവരെ 1ക.

Dr. K C· Gorge Mission Qeuartrse,
TRICHUR,

കേവലം ധനാർജ്ജനത്തിനുള്ള ഒരുപാധിയായിട്ടല്ല സദാനന്ദൻ പത്ര പ്രവർത്തനത്തെക്കരുതിയതു്. തനിക്കു ചെയ്യുവാൻ കഴിയാത്തവ തന്റെ സഹപ്രവർത്തകർ ചെയ്യണമെന്നു് അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ചിലയവസരങ്ങളിൽ "ഭയങ്കരനായ ഒരു പ്രതിയോഗിയായിട്ടാണു് സി. ആർ. സദാനന്ദനെ ചിത്രീകരിക്കുന്നതു്. ഈ ഭാവന പ്രത്യക്ഷരം യഥാർത്ഥ്യമാണു്". എന്തെന്നാൽ ചില സന്ദർഭങ്ങളിൽ ഗാന്ധിജിയുടെ തീരുമാനങ്ങളെപ്പോലും വെല്ലുവിളിക്കാൻ സദാനന്ദൻ ധൈര്യപ്പെട്ടിട്ടുണ്ടു്. ഒരു ഇതിഹാസകരനും കാഥികനും പുരാണകഥകളെ സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നതിൽ അദ്വിതീയനുമായ മി. സ്റ്റാലിൻ ശ്രീനിവാസന്റെ സഹായത്തോടുകൂടി സദാനന്ദൻ ഇൻഡ്യൻ പത്രപ്രവർത്തനത്തിൽ ഒരു നൂതനസാങ്കേതിക പദ്ധതി ആവിഷ്കരിച്ചു. തന്റെ വ്യക്തിത്വത്തെ യഥാർത്ഥമായി പ്രതിഫലിപ്പിക്കണമെന്നു നിർബന്ധം ഉണ്ടായിരുന്നതിനാൽ ലേഖനങ്ങളിൽ സാഹിത്യഭംഗി ചേർക്കുവാനായി സദാനന്ദൻ പ്രയാസപ്പെട്ടിട്ടില്ല. സാഹിത്യത്തിനു വേണ്ടി പ്രത്യേക പരിഗണന ആഗ്രഹിക്കുന്നവരോടും അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. അദ്ദേഹത്തിനു മുമ്പ് അമേരിക്കൻ ചരിത്രത്തിലെ വില്യം ലോയിഡ്ഗാരിസൺ പറഞ്ഞ വാക്കുകളായിരുന്നു അദ്ദേഹത്തിന്റെ മാതൃക "എനിക്കു് ഒരു നിശ്ചയമുണ്ടു്! ഞാനതിൽനിന്നു വ്യതിചലിക്കയില്ല, ഞാൻ ക്ഷമിക്കയില്ല, ഒരിഞ്ചുപോലും പിൻവാങ്ങുകയില്ല. എന്റെ നിശ്ചയം ലോകം കേൾക്കുക തന്നെ ചെയ്യും."

X X X X X

ഒരു ദിവസം പുരുഷോത്തമദാസ് ഠാക്കൂർദാസിന്റെ ഓഫീസിൽ ഞാനദ്ദേഹത്തെ കാണുകയുണ്ടായി. ഇതിനെക്കുറിച്ച് ആ വ്യാപാരിപ്രമുഖനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു (വ്യാപാര പ്രമുഖൻ) "എനിക്കു് അദ്ദേഹത്തോടു

വളരെ ബഹുമാനമാണ്. അദ്ദേഹം മുങ്ങിച്ചാകുകയാണെങ്കിൽ അതും വിജയക്കൊടി പാറിച്ചുകൊണ്ടായിരിക്കും." ഒരു സ്ഥിരോത്സാഹിയായ പത്രപ്രവർത്തകനെക്കാൾ എണ്ണപ്പെട്ട ഒരു സംവിധായകനായിട്ടാണ് നാം സദാനന്ദനെ കാണുന്നത്. പക്ഷേ എപ്പോൾ വണമെങ്കിലും സ്വസാമർത്ഥ്യം എല്ലാ തുറകളിലും പ്രകടിപ്പിക്കാം. സ്വാതന്ത്ര്യത്തിന്റെ സീമ ഇനിയും വിപുലമാക്കുകയാണ് തന്റെ ലക്ഷ്യമെന്നു അദ്ദേഹം വിശ്വസിച്ചിരുന്നു. പരാജയം അഭിമുഖീകരിക്കുമ്പോൾ ബററാനിൽ വച്ച് മക്ക് ആർതർ ചെയ്തതുപോലെ ഞാൻ തിരിച്ചു വരാം എന്നു പറഞ്ഞുകൊണ്ടു അദ്ദേഹം പിൻവാങ്ങുമായിരുന്നു. തന്റെ പോക്കററിൽ കിലുങ്ങുവാൻ പോലും നാണ്യങ്ങൾ ഇല്ലാതിരുന്ന അവസരങ്ങൾ ദുർല്ലഭമല്ല. എന്നാൽ എല്ലായ്പ്പോഴും അദ്ദേഹം ജീവിതത്തിന്റെ മഹനീയവും ഗൗരവയുക്തവുമായ ഉദ്ദേശ്യവും പരിപാലിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. സൗഭാഗ്യത്തിന്റെ കൊടുമുടിയിലിരിക്കുമ്പോൾ മദ്ധ്യകാലത്തെ ഒരു രാജകുമാരനെപ്പോലെ(Medieval prince) സംഭാവനങ്ങൾ നൽകുന്നതിനും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. സുദൃഢമായ വ്യക്തിബന്ധങ്ങളുള്ള ഒരുവനാണ് സദാനന്ദൻ. എന്റെ സഹോദരൻ ജോർജ്ജ് ജോസഫ് അലഹബാദിൽ ഇൻഡിപെൻഡൻറ് എന്ന പത്രത്തിന്റെ എഡിററരായിരുന്നപ്പോൾ അസിസ്റ്റൻറ് എഡിററരെന്ന നിലയിൽ അഹോരാത്രം അക്ഷീണയത്നം ചെയ്യുന്ന സദാനന്ദന്റെ വ്യക്തിമുദ്രയിൽ അത്ഭുതപ്പെട്ടിട്ടുണ്ട്. അദ്ദേഹം പലപ്പോഴും രോഗശയ്യാവലംബിയാകയും മിസ്സിസ്സ്. ജോർജ്ജിന്റെ പരിചരണമേൽക്കുകയും ചെയ്തിട്ടുണ്ട്. അവർ ഈ നിയന്ത്രണാധീനനല്ലാത്ത രോഗിയെ നിലയ്ക്കു നിർത്തി. സമരത്തിന്റേയും മർദ്ദനത്തിന്റേയും ആ കാലഘട്ടത്തിൽ ആ ഗൃഹത്തിലെ അനുഭവം സദാനന്ദനു ആ കുടുംബത്തോടു അളവററ ഭക്തി ബഹുമാനങ്ങൾ ഉണ്ടാക്കി. ജോർജ്ജ് ജോസഫിന്റെ സാമീപ്യത്താൽ ശരിയായ പ്രതിഭാവികാസം ഈ പരിശീലനകാലത്തു സദാനന്ദനും ലഭിച്ചു. നിസ്സഹകരണ പ്രസ്ഥാന കാലത്തെപ്പോലെയുള്ള മാരകമായ അപകട മേഖലകളിൽ സദാനന്ദൻ മുന്നിട്ടു നിന്നു പ്രവർത്തിച്ചു. എന്നാൽ പ്രവർത്തനം അദ്ദേഹത്തെ ക്ഷീണിപ്പിച്ചു. ഒരു സ്വതന്ത്രനിശ്ചയമുണ്ടായിരുന്ന ആ യുവാവ് ക്രമേണ ഏതൊരുവന്റേയും ഭാവിയെ മുൻകൂട്ടി നിശ്ചയിക്കുന്നതു വിധിയാണെന്ന് വിശ്വസിക്കുന്ന ഒരുവനായിത്തീർന്നു. ജീവിതത്തിന്റെ ഭാസുരകാലത്ത് സായാഹ്നം നിഴൽ വിരിക്കുന്നതിനു മുമ്പ് താൻ സാഹചര്യത്തിനു വിധേയനായ ഒരാളാണെന്ന് അദ്ദേഹം ഒരിക്കലും വിചാരിച്ചിരുന്നില്ല.

# അടുക്കളയിൽ

## അപ്രിക്കോട്ട്, ഓറഞ്ച്
## പഴം സാലഡ്

| | |
|---|---|
| അപ്രിക്കോട്ട് | 1 റാ |
| ഓറഞ്ച് | 4– |
| പഴം | 6– |
| പഞ്ചസാര | 14 മേശക്കരണ്ടി |

### മാർഗ്ഗം

അപ്രിക്കോട്ട് നല്ലതുപോലെ കഴുകി കുതിർത്തുവീർക്കാനായി നികക്കെ വെള്ളമൊഴിച്ച് തലേദിവസം വെള്ളത്തിലിടുക. ഓറഞ്ച് ഓരോ അല്ലിയിന്മേലുമുള്ള നേരിയ തൊലിയും കുരുവും നീക്കിയെടുക്കുക. (ഞാലിപ്പൂവനോ, പൂവനോ, കദളിയോ) പഴം വൃത്താകൃതിയിൽ തുരുമ്പില്ലാത്ത പിച്ചാത്തികൊണ്ട് മുറിക്കുക. സാധാരണ അടുക്കളയിലെ പിച്ചാത്തികൊണ്ടു മുറിച്ചാൽ കറുത്തുപോകും.

അപ്രിക്കോട്ട് വെള്ളത്തിൽനിന്നെടുത്ത് കീറി കുരു കളയണം. എല്ലാ പഴങ്ങളും നല്ല ഭംഗിയായി ഒരു കണ്ണാടിപ്പാത്രത്തിൽ അടുക്കിവയ്ക്കുക. അപ്രിക്കോട്ട് ഇട്ടിരുന്ന വെള്ളം അടുപ്പിന്മേൽ വച്ച് പഞ്ചസാരയുമിട്ട് പാനയാക്കുക. ഒരു വിധം ആറുമ്പോൾ പഴങ്ങളുടെ മുകളിൽ ഒഴിക്കുക. തണുപ്പിച്ച് ഉപയോഗിക്കുക.

N.B. മുട്ടയും പഞ്ചസാരയും പാലും ചേർത്തുണ്ടാക്കിയ കസ്റ്റർഡും ഇതിന്റെകൂടെ വിളമ്പാം. അതുണ്ടാക്കുന്ന വിധം മുൻലക്കം അരുണയിൽ ചേർത്തിട്ടുള്ളതിനാൽ ഇനിയും എഴുതുന്നില്ല.

മേശപ്പുറത്ത് വലിയ ഡിഷിൽ ഫ്രൂട്ട്സാലഡ് വച്ചിട്ട് ഓരോരുത്തർക്കും വിളമ്പാനായി ചെറിയ പാത്രങ്ങൾക്കു പകരം ഓറഞ്ചിന്റെ തോടു തന്നെ ഒരു പ്രത്യേക രീതിയിൽ മുറിച്ചെടുത്ത് ഉപയോഗിക്കുന്നതു വളരെ മനോഹരവും അതേസമയം ഒരു പുതുമയുമായിരിക്കും. ഒരു ബ്ലെയിഡോ മൂർച്ചയുള്ള കത്തിയോ കൊണ്ട് ഓറഞ്ച്, തൂക്കിപിടിക്കുന്ന ഒരു കുടയുടെ ആകൃതിയിൽ മുറിക്കണം. പിന്നീട് അതിനകത്തുള്ള അല്ലികളും സൂക്ഷിച്ച് ഇളക്കിയെടുത്താൽ ഒരു കൂടയായി. ഇതിൽ സാലഡ് കസ്റ്റേഡ് ഒഴിച്ചോ ഒഴിക്കാതെയോ മേശപ്പുറത്തു വയ്ക്കാം. ഇതിൽനിന്നുതന്നെ സ്പൂൺകൊണ്ട് കോരി കുടിക്കുകയും ചെയ്യാം. പല നിറത്തിലുള്ള വർണ്ണക്കടലാസുകൊണ്ടു തൂക്കിപ്പിടിക്കുന്ന വള്ളിയേൽ ഒരു ചെറിയ റിബൺകൂടെ കെട്ടിയാൽ വളരെ ഭംഗിയായി,



# "അവൻ ഏതു വാതിൽ തുറക്കും"

# ഒരു മറുപടി

(പെണ്ണമ്മ ബേബി മദ്രാസ്)

(അവൻ ഏതു വാതിൽ തുറക്കും, എന്നൊരു ചെറുകഥ രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പ് പ്രസിദ്ധം ചെയ്തിരുന്നുവല്ലോ. രാജകുമാരിയോട് പ്രേമമുണ്ടായി എന്നതു് ഒരു യുവാവിന്റെ പേരിൽ ഒരു കുറ്റമായി രാജാവു വിധിച്ചു. ശിക്ഷ ഒരു പ്രത്യേകരീതിയിലായിരുന്നു. രണ്ടു കവാടങ്ങളുടെ സമീപത്തിൽ കുറ്റവാളിയെ നിർത്തി ഏതെങ്കിലും ഒരു വാതിൽ തുറക്കുവാൻ അയാളോട് ആജ്ഞാപിക്കും. ഒരു വാതിലിനുള്ളിൽ ഒരു കടുവായേയും മറ്റേ വാതിലിനുള്ളിൽ ഒരു സുന്ദരിയെയുമാണു് അടച്ചിട്ടിരിക്കുന്നതു്. കുറ്റവാളി വാസ്തവത്തിൽ കുറ്റം ചെയ്തതാണെങ്കിൽ കടുവായുടെ മുറി തുറക്കുമെന്നും നിരപരാധിയാണെങ്കിൽ സുന്ദരിയുടെ മുറി തുറക്കുമെന്നുമാണു് സങ്കല്പം. കടുവായുടെ മുറി തുറന്നാൽ എന്താണുണ്ടാകുകയെന്നു് പറയേണ്ടതില്ലല്ലോ. മറ്റേ മുറി തുറന്നാൽ ആ സുന്ദരിയെ അയാൾക്കു വിവാഹം ചെയ്തു കൊടുക്കും. വാതിൽ തുറക്കുന്നതിനു മുമ്പ് കുറ്റവാളി രാജകുമാരിയുടെ നേർക്കു് ഏതു വാതിൽ തുറക്കണമെന്നുള്ള സൂചനയ്ക്കുവേണ്ടി നോക്കുന്നു. അവളുടെ സൂചനയെന്തായിരിക്കുമെന്നും അവൻ ഏതു വാതിൽ തുറക്കുമെന്നുമുള്ളതാണു് പ്രശ്നം. അതിനു് ഉത്തരം പറയാനാണു് ഈ ലേഖനത്തിൽ ശ്രമിക്കുന്നതു് — പ.)

ഈ പ്രശ്നത്തിന്റെ ഉത്തരം സൂക്ഷ്മമായി ആലോചിക്കുമ്പോഴും "ചിന്താഹരി; കാര്യപ്രതിബന്ധഹേതു:" എന്ന തത്വത്തിലേക്ക് അനുവാചകരെ തള്ളിയിടാൻ തക്ക നൂലാമാലയായി പരിണമിക്കുന്നു. ഇതിലെ കഥാപാത്രങ്ങളുടെ സ്വഭാവമാണു് അതിനു കൂടുതലും ഉപോൽബലകമായിക്കാണുന്നതു്.

ഈ കഥാപാത്രങ്ങളുടെ സ്വഭാവനിരൂപണം ഏതെങ്കിലും തീർച്ചയിൽ എത്താൻ നമ്മെ സഹായിക്കുമോ എന്നു് ആദ്യമായി ചിന്തിക്കേണ്ടതാണു്.

രാജാവു്, മകൾ, മകളുടെ കാമുകൻ, ആ കാമുകനെ സ്നേഹിക്കുന്നുവെന്നു് സംശയിക്കപ്പെടുന്ന സുന്ദരിയായ യുവതി—ഉപനായിക ഇത്രയും പേരാണു് പ്രധാന കഥാപാത്രങ്ങൾ.

രാജാവു്- അർദ്ധകിരാതൻ നിഷ്ഠൂരൻ, എങ്കിലും നീതിന്യായങ്ങൾ നടത്തുന്നതിൽ അണുവും വ്യതിചലിക്കാത്ത ധീരചിത്തൻ.

രാജപുത്രി—പിതാവിനെപ്പോലെതന്നെ തീക്ഷ്ണവും അധികാരഗർവ്വിതവുമായ സ്വഭാവത്തോടുകൂടിയവളെങ്കിലും സ്വകമിതാവിൽ അതീവ സന്തുഷ്ടയും ഗാഢാനുരക്തയും ആയ സ്ഥിരചിത്ത. ഉത്തമനായിക.

യുവാവു്—കുലീനൻ, സാഹസികവീരൻ, യോദ്ധാവു്, ധീരൻ, രാജപുത്രിയിൽ ഹൃദയം അർപ്പിച്ച ദൃഢമാനസൻ—ധീരോദാത്തനായ ഉത്തമനായകൻ.

യുവതി—രാജകുമാരിയുടെ കാമുകനെ പ്രേമിക്കുന്നവളും സുന്ദരിയുമായ ഉപനായിക.

ന്യായനടത്തിപ്പിനുവേണ്ടി ഏതു ക്രൂരകർമ്മവും നടത്താൻ മടിക്കാത്ത കിരാതസ്വഭാവിയായ രാജാവിന്റെ മകളിൽ അനുരക്തനായി എന്ന കാരണത്താൽ, രാജാവു് ഒരു യുവയോദ്ധാവിനു് നൽകുന്ന ശിക്ഷ; ആ ശിക്ഷ:—പ്രതി കുറ്റക്കാരനെങ്കിൽ ഭയങ്കരനായ കടുവായുടെ പിടിയിലകപ്പെട്ടു് മരണവും അല്ലാത്തപക്ഷം സുന്ദരിയും അനുരൂപയും ആയ ഒരു യുവതിയുമായുള്ള വിവാഹവും ആണു്. ഈ അവസരത്തിൽ രാജകുമാരി സ്വകാമുകനു് മരണമോ വരണമോ എന്തു നൽകിയിരിക്കും? ഇത്രയുമാണു് ഈ ചെറുകഥയിലെ പ്രതിപാദ്യം.

ശിക്ഷാർഹനെന്നു് രാജാവിനാൽ സംശയിക്കപ്പെട്ട യുവാവു് ചെയ്ത തെറ്റു് എന്താണു്? തന്നിൽ അനുരക്തയും സുഭഗയുമായ രാജകുമാരിയെ സ്നേഹിച്ചുവെന്നതു്. അതു മരണശിക്ഷാർഹമായ തെറ്റായി രാജാവു കരുതുന്നു.

[illegible], അതു ശിക്ഷാർഹമാണെങ്കിൽ എന്തുകൊണ്ടു പിതൃസ്വഭാവം അറിയാവുന്ന രാജകുമാരി അതിനു വഴിപ്പെട്ടു? അപ്പോൾ അവളും കുറ്റക്കാരിയല്ലേ? ലോകത്തിൽ അധികം ആളുകളും അന്തരത്തിൽ കുറ്റക്കാരാണു് പക്ഷേ ഇവിടെ പ്രേമമല്ല; കുറ്റകരമായിത്തീരുന്നതു്. അതു സ്ഥാനസ്ഥമോ അസ്ഥാനസ്ഥിതമോ എന്നാണു ചിന്ത്യം. കുലീനനെങ്കിലും സ്ഥാനമാനങ്ങൾ [illegible]

ത്ത ഒരു സാധാരണക്കാരൻ രാജകുമാരിയെ സ്നേഹിക്കുക — അല്ല പ്രേമിക്കുക അതു തല്പരകക്ഷികളുടെ ദൃഷ്ട്യാ തെററായേക്കാം.

എന്നാൽ സാഗരോന്മുഖിയായ നിമ്നഗ(നദി)യെ തടഞ്ഞുനിർത്താൻ വേണ്ടി സാഗരത്തെ വററിച്ചുകളയാൻ ശ്രമിച്ചവർക്കാണ് തെററുപററിയതു്.

അല്ലെങ്കിൽ ചെറിയ ചെറിയ ചാലുകളായി പ്രവഹിക്കാൻ സാദ്ധ്യതയുണ്ടായപ്പോൾ അതു ചെയ്യാത്ത സ്ഥിതിക്ക് ആ ചാലുകൾ സുശക്തമായി പ്രവഹിച്ച് സമുദ്രത്തോട്ടു ചേരാതെ പോംവഴിയില്ല. രാജകുമാരി പിതൃസ്വഭാവത്തോട്ട് ഏററവും അടുത്തു നില്ക്കുന്നവളും ആണ്. കലീനനും സുന്ദരനും ധീരനുമായ ആ യുവാവിൽ അനുരക്തയായതു് അയുക്തമല്ല. അങ്ങനെയിരിക്കെ പരിതഃസ്ഥിതി ആ യുവാവിനെ രാജകുമാരിയിലേക്ക് അടുപ്പിക്കയും ചെയ്തു.

എങ്കിലും മകൾ തന്റെ അനുമതി ലഭിക്കാനിടയില്ലാത്ത ഒരുവനിൽ അനുരക്തയാണെന്നു കാണുന്നതു് മിക്കവാറും മാതാപിതാക്കൾക്കു ഇഷ്ടമായിത്തീരാൻ ഇടയില്ല. സ്വസന്താനങ്ങളുടെ ഭാവിയെ ഉന്നതസൗധത്തിലായിരിക്കും ഏതു മാതാപിതാക്കളും മനോരാജ്യം കാണുന്നതു്.

ആ കുററം മാത്രം സ്ഥാപിച്ചു് രാജകുമാരിക്ക് തീർച്ചയായും കാമുകനെ അപത്തിൽനിന്നും രക്ഷിക്കാതിരിക്കാൻ കഴികയില്ല. എങ്കിലും അന്യ യുവതിയിൽതന്റെ കമിതാവു് തല്പരനാണെന്ന വസ്തുത ഒരിക്കലും സഹ്യമായിരിക്കയില്ലാ അ സ്ഥിതിക്ക് ശരിയായ സജ്ഞ നൽകാൻ ഇടയുമില്ല.

കാരണം, ജീവന്റേയും ജീവനായി കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തി, അങ്ങേയററം വെറുക്കുന്നവളും തന്റെ കാമുകനെ തട്ടിയെടുക്കുവാൻ ശ്രമിക്കുന്നവളും ആയ ഒരു കുബുദ്ധിയുടെ വഞ്ചകിയുടെ ഭർത്താവായി- അവളോടൊരുമിച്ചു് സന്തുഷ്ടനായി ഇറങ്ങിവരുന്നതും ആ സപത്നി (ശത്രു)തന്റെ മുമ്പിൽ തന്നെ സന്തോഷസമേതം പ്രത്യക്ഷപ്പെടുന്നതും കാണുവാൻ; ഹൃദയമുള്ള ഒരു കാമുകിക്ക് ധൈര്യം ഉണ്ടായിരിക്കുകയില്ല.

സ്ത്രീ അബലയെങ്കിലും സ്ത്രീത്വമുള്ള സ്ത്രീ പ്രബലയാണ്, സ്നേഹമയിയാണ്. സ്ഥിരസ്നേഹത്തെപ്രതി അവൾക്കതു സഹിക്കാനുള്ള ഹൃദയം ഉണ്ടാകുകയില്ല. തന്റെ ശത്രുവായി കരുതപ്പെടുന്ന ആ യുവതിയെ സ്വന്തം പ്രാണേശ്വരൻ രമിപ്പിക്കുന്നതു കാണുന്നതിനേക്കാൾ ആ വഞ്ചനയ്ക്കു തക്ക പ്രതിഫലം കൊടുത്തു് വൈരാഗ്യത്തിന്റെ തൈക്ഷ്ണ്യത്തെ ശമിപ്പിക്കുന്നതായിരിക്കും നല്ലതു്.

താൻ ഇത്രമാത്രം വിശ്വാസത്തോടുകൂടി സ്നേഹിച്ചിട്ടും തന്നെ സ്നേഹിച്ചിട്ടും അന്യ യുവതിയിൽ ആസക്തനായ കുടിലനെ കടുവാ കടിച്ചു ചീന്തി നശിപ്പിക്കുന്നതു കാണുവാൻ ദൃഢാനുരക്തയായ ഒരു യോഷാമണിക്കു കഴിയും.

തന്നിമിത്തം സ്വന്തം കണ്ണുകൾ കൊണ്ടു ആ ദുരന്തഫലം കണ്ടു തൃപ്തിയടയുവാൻ തന്നെ അവൾ അരംഗത്തിൽ ആഗതയായിരിക്കും. അതിനാൽ കടുവാ കിടക്കുന്ന മുറിയുടെ വാതിലിലേക്കു അവൾ സൂചന നൽകിയിരിക്കാൻ ഇടയുണ്ടു്. വഞ്ചനയുടെ ഫലം അവൻ അനുഭവിക്കണം. എന്നാൽ അല്പംകൂടി ചിന്തിക്കാം.

സ്വന്തം കാമുകൻ അന്യസ്ത്രീയെ സ്നേഹിച്ചുവെന്നുള്ള കുററത്തിനല്ല; ആ ധീരൻ ഇപ്പോൾ മരണത്തിന്റേയോ വരണത്തിന്റേയോ വക്കിൽ അകപ്പെട്ടതു്.

**അവളെത്തന്നെ** സ്നേഹിച്ചുവെന്ന കാരണത്തിന്മേലാണ്. അങ്ങനെ താൻ മുഖാന്തിരം വന്നുചേർന്ന ഈ ആപത്തിനു് തന്റെ പിതാവിനാൽ തന്നെയാണ് ശിക്ഷ നൽകപ്പെട്ടിരിക്കുന്നതും. രാജകുമാരിക്ക് ആലോചിക്കാനുള്ളതു് മറേറ യുവതിയിൽ സ്വകാമുകൻ അനുരക്തനോ അല്ലയോ എന്നതാണ്. രാജകുമാരി ധീരയാണ്. അവളുടെ ബുദ്ധി പതറേണ്ട ആവശ്യമില്ല. നായകൻ ധീരലളിതനല്ല. ചപലനും പലരെ സ്നേഹിക്കുന്നവനും ആയ ദക്ഷിണനായകനല്ല, ധീരോദാത്തനായ ഉത്തമനായകനാണ്, അതുകൊണ്ടു് അങ്ങനെയുള്ള നായകനെ മററാരും സ്നേഹിച്ചുകൂടാ എന്നുമില്ല. നല്ല വസ്തുക്കളെക്കുറിച്ച് പലർക്കും അഭിഗ്രഹവും ജിജ്ഞാസയും ഉണ്ടായെന്നു വരാം. പക്ഷേ രവി നളിനിയെ അല്ലാതെ കുമുദത്തെ വികസിപ്പിക്കാൻ മുതിർന്നിട്ടില്ല. സരത്പതി സരിത്തിനെ അല്ലാതെ തടാകത്തെ തന്നിൽ ലയിപ്പിക്കാറില്ല. സ്വപ്രസ്ഥിതയായ വെണ്മണൽത്തിട്ടയെ അല്ലാതെ അങ്ങകലെ സ്ഥിതിചെയ്യുന്ന ചെറുകുന്നുകളെ തിരക്കൈകകളാൽ സമുദ്രം പുൽകാറില്ല. രാജഹംസം പൊൻതാമരകളിലെ ബിസത്തെയല്ലാതെ ചേറിനടിയിലെ നത്തയ്ക്കാ തേടാറില്ല.

“സ്നേഹ:പാപശങ്കി” എന്ന കാളിദാസോക്തിയാണ് രാജകുമാരിക്ക് സ്വകാമുകനേക്കുറിച്ചുണ്ടായ ആശങ്കക്കു കാരണം. അതായതു് അതിസ്നേഹം അനിഷ്ടശങ്കക്ക് ഇടംകൊടുക്കും. താൻ അത്യധികം സ്നേഹിക്കുന്ന ആ നിധിയിൽ മറെറാരാളുടെ ദൃഷ്ടി പതിയുന്നുവെന്നതു് എപ്പോഴും ആശങ്കയെ ഉളവാക്കും. തന്റേതു മാത്രം അഥവാ തനിക്കു മാത്രം എന്നുള്ള അതിസ്നേഹജന്യമായ അസൂയയും സ്വാർത്ഥവും ആണ് രാജകുമാരിക്ക് സ്വകാമുകനിൽ സംശയ ജനി-

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാരിയരുടെ

# ആര്യവൈദ്യശാല

**ഹെഡ് ആഫീസ്—കോട്ടയ്ക്കൽ, തെക്കേ മലബാർ**

**ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോട്.**

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദവിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചിൽ, ഞവരക്കിഴി മുതലായ പ്രത്യേക ചികിത്സകൾ പ്രധാന വൈദ്യന്റെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽവെച്ച് നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിത്സയും ഇവിടെ ഏർപ്പാടുണ്ട്.

അധിക വിവരങ്ങൾക്ക് ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക, ഔഷധപ്പട്ടിക സൗജന്യം

**മാനേജർ.**


പ്പിച്ചു. അതിനാൽ ആ അന്യയുവതിയിൽ കാമുകൻ അനുരക്തനായിരിക്കാൻ ഇടയില്ല. ഉണ്ടായിരുന്നാൽ തന്നെയും രാജപുത്രിയുടെ പ്രേമം സ്ഥിരമാണെങ്കിൽ –യഥാർത്ഥമാണെങ്കിൽ കേവലം ജഡീയവും കാമജവും അല്ലെങ്കിൽ തന്റെ ജീവിതേശ്വരനെ കേവലം ബാഹ്യമായി മാത്രം ഒരു അന്യയുവതിക്കു് ലഭിക്കാൻ ഇടവരുന്നുവെങ്കിൽ ക്രുദ്ധയാവാൻ നിമിത്തം തന്റെ കമിതാവിനു് അത്യാപത്തു വരുത്തിവക്കാൻ ഇഷ്ടപ്പെടുകയില്ല. അങ്ങനെയായിരുന്നെങ്കിൽ ഇത്ര കഠോരനായ പിതാവിനാൽ ഏർപ്പെടുത്തപ്പെട്ട രഹസ്യത്തിന്റെ മർമ്മം വളരെ കഷ്ടപ്പെട്ടു ഗ്രഹിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. "രണ്ടായാലും എനിക്കില്ല എന്നാൽ അവൻ എങ്ങനെയും തുലയട്ടെ." എന്നു വിചാരിച്ചാൽ മതിയായിരുന്നു. ഇത്ര കഷ്ടപ്പെടേണ്ടിയിരുന്നില്ല. മറ്റൊ യുവതിയെ കല്യാണം കഴിക്കാൻ ഇടവരുന്നതും സ്വകാമുകന്റെ തെറ്റുമല്ല. അയാൾ അതിനുത്തരവാദിയുമല്ല. തന്റെ അനുമതിയോ അഭിപ്രായമോ കൂടാതെ പുറത്തു കെട്ടിവക്കുന്ന ചുമടു പോലെ തള്ളിയാൽ മതി.

ഒരുപക്ഷെ ആ യോദ്ധാവിനു് മറ്റെ യുവതിയോടു് സ്നേഹം തോന്നിയിരിക്കാം. സ്നേഹം സർവ ജീവികളിലും കുടികൊള്ളുന്നു. അതുകൊണ്ടു് രാജകുമാരിയോടുള്ള പരിശുദ്ധവും ദൃഢവുമായ പ്രേമത്തിനു് കളങ്കം വരുത്താവുന്ന അനുരാഗമോ പ്രേമമോ ആയിരിക്കണമെന്നില്ല. അഥവാ പ്രണയിനിയുടെ സംശയദൃഷ്ട്യാ നോക്കുമ്പോൾ സംശയിക്കാമെന്നതന്നെ ഇരിക്കട്ടെ. അവൾ സ്നേഹമയിയാണു്. സർവംസഹയാണു്. പരിശുദ്ധപ്രേമം അത്ര മാംസനിബദ്ധം മാത്രമല്ല ആത്മനിബദ്ധവുമാണു്. അപ്രകാരമുള്ള ദേവികൾക്കു് ഏതു ത്യാഗവും സഹിക്കാൻ കഴിവുണ്ടു്. സ്വപ്നത്തിൽപോലും തന്റെ കമിതാവിനു് ആപത്തു ദർശിക്കുന്നതു് ക്ലേശകരവുമാണു്.

മരണത്തിന്റെ വക്കിൽ നിന്നുകൊണ്ടു് സ്വഹൃദയേശൻ ആ അവസാനനിമിഷത്തിൽ കൺകോണുകളാൽ "ഏതു്" എന്ന ചോദ്യഭാവത്തിൽ രാജകുമാരിയുടെ പ്രേമത്തെ അഗ്നിപരീക്ഷണം നടത്തുകയാണു് ചെയ്തതു്. ആ സ്ഥിതിയിൽ രാജകുമാരി ആ അഭ്യർത്ഥനയെ നിരസിക്കുമെന്നോ?

നിശ്ചയമായും അവൻ തുറന്ന വാതിലിൽകൂടി കടുവായല്ല; യുവതി പുറത്തുവന്നുകാണും.

# ഭ്രാന്തന്റെ ഭാവന

## മോപ്പസങ്ങ്

[കവി, കാമുകൻ, ഭ്രാന്തൻ, മൂന്നുകൂട്ടരും ഭാവനയിൽ വിഹരിച്ചു രസിക്കും. മോപ്പസാങ്ങ് ഇതു മൂന്നും ചേർന്ന വ്യക്തിയായിരുന്നു. കഥ എഴുത്തിൽ അത്യുച്ചസ്ഥിതി നേടിയ ആ ഫ്രഞ്ചുകാരൻ കഴിവിൽ കൂടുതൽ ജീവിതത്തിൽ പ്രയത്നിച്ചു ഭ്രാന്തുപിടിച്ചു. 43-ാമത്തെ വയസ്സിൽ മരിച്ചു. ഉന്മാദത്തിന്റെ ലക്ഷണങ്ങൾ കുറേശ്ശെ 36-ാമത്തെ വയസ്സിൽതന്നെ കണ്ടുതുടങ്ങി. ഈ കാലത്തിൽ അഴിച്ചുവിട്ട ഭാവന പലവിധ ചിത്രകഥകളും ചിത്രീകരിച്ചു ഫലിപ്പിക്കുന്ന വിധത്തിൽ അദ്ദേഹം രചിച്ചു. ആ കൂട്ടത്തിൽ ഏറ്റവും നല്ലവയാണ് 'ഭ്രാന്തന്റെ ഡയറി' 'ഉപയോഗമില്ലാത്ത സൗന്ദര്യം' "ഉറങ്ങാനുള്ള വഴി' 'ഷേർല' 'രാത്രി' "ഭ്രാന്തന്റെ ഭാവന' മുതലായവ. കാവ്യമാധുരി നിറഞ്ഞ ഇത്തരം കഥകൾക്കു സാഹിത്യത്തിൽ നല്ല സ്ഥാനം ഉണ്ട്. ആത്മകഥാരൂപത്തിലാണ് ഈ കഥ രചിച്ചിരിക്കുന്നത്.

വിവർത്തകൻ-മടശ്ശേരി]

മുപ്പത്തിരണ്ടുവയസ്സുവരെ പ്രണയം എന്തെന്നറിയാതെ ഞാൻ ജീവിച്ചു. ശാന്തചിത്തനായി ലളിതമധുരമായ സുഖജീവിതം നയിച്ചു. കറ പറ്റാത്ത ആ ജീവിതത്തോടു ധനികനായ എനിക്കു മമത തോന്നിയെങ്കിലും അതു് ആസക്തിയായി വളർന്ന് അന്ന് മനസ്സിനെ വലച്ചില്ല. ജീവിക്കുക എന്നതുതന്നെ ആയിരുന്നു അന്നത്തെ ആനന്ദം. ഉണരുന്നത് ഉന്മേഷത്തോടുകൂടി. എനിക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം ചെയ്തു ഞാൻ പകൽപോക്കി. ഉറങ്ങാൻ കിടന്നതു ശാന്തചിത്തനായിട്ടും. അടുത്ത പുലരി പിറക്കുന്നതു കണ്ടു് ആനന്ദിക്കുക എന്നതു മാത്രമാണു ഉള്ളിൽ അപ്പോൾ അവശേഷിച്ച ആശ. ഭാവിയെ പറ്റി ഒരു അല്ലലും അന്ന് എനിക്കില്ലായിരുന്നു.

ഉള്ളിൽ കൊള്ളാത്തവിധം ചില പ്രണയനാടകങ്ങൾ ഞാൻ അന്ന് അഭിനയിച്ചു. ഇതൊന്നും ഹൃദയത്തെ സ്പർശിച്ചില്ല. പിന്നെ വേണ്ടേ കഷ്ടം ഏല്പിക്കുന്ന കഥ നടക്കാൻ? ജീവിക്കുക എന്നതുതന്നെ സുഖം നല്കും. പ്രണയിക്കുക എന്നതു കൂടെക്കൂടി നല്ലതായിരിക്കാം. എന്നാൽ ആ അവസ്ഥയിൽ ഭയാനകഭാവം കൂടി കടന്നുകൂടും. എങ്കിലും ഭയം നിറഞ്ഞ പ്രണയജീവിതത്തിലും സൗഖ്യം ലഭിക്കുന്നവർ ഉണ്ടായേക്കാം. എന്നാൽ പേടിയും മോടിയും, ധാടിയും ഒന്നിച്ചുചേർന്ന പ്രണയജീവിതത്തിൽ എനിക്കുണ്ടായ അനുഭവം പറഞ്ഞാൽ നിങ്ങൾ ആരും വിശ്വസിക്കയില്ല. ആ വിധത്താലാണു പ്രണയം എനിക്ക് അനുഭവമായതു്.

ധനം ധാരാളം ഉണ്ടായിരുന്നതുകൊണ്ടു ഞാൻ പഴയകാലത്തെ കൗതുകവസ്തുക്കൾ ഏറെ സംഭരിക്കാൻ ശ്രമിച്ചു. ഇവയെല്ലാം എടുത്തുപെരുമാറിയ അജ്ഞാതഹസ്തങ്ങളെപ്പറ്റി ഞാൻ പലതും ശങ്കിച്ചു. അവയിൽ പ്രതിപത്തി വച്ച ഹൃദയങ്ങളെപ്പറ്റി ഞാൻ ഭാവനയിൽ മോഹനചിത്രം വരച്ചു. ഇവ കണ്ടുകുളിർത്ത നയനങ്ങളെ സങ്കല്പിച്ചു ഞാൻ രസിച്ചു. ഇവയെ പലരും ലാളിച്ചിരിക്കണം. കഴിഞ്ഞ നൂറ്റാണ്ടിൽ നിർമ്മിച്ച ഒരു ഘടികാരം എടുത്തു പരിശോധിച്ചുകൊണ്ടു ഞാൻ ഏറെ സമയം കഴിച്ചുകൂട്ടും. അതു് ഒന്നാംതരം ഒരു കലാശില്പം തന്നെ. ഇനാമലും പൊന്നും ചേർത്തു പണിഞ്ഞ ഒരു സുന്ദരവസ്തു. ഏതോ ഒരു സുന്ദരി ആദ്യമായി ഇതു വാങ്ങി അണിഞ്ഞ ദിവസത്തെപ്പോലെ ഇന്നും അതു ശരിക്കു നടക്കുന്നുണ്ടു്. ഇത്തരം ഒരു പുത്തൻ പണ്ടം വാങ്ങി അണിഞ്ഞപ്പോൾ ഉണ്ടായ അഭിമാനം ആ മനസ്സു ധന്യത നേടിയിരിക്കും. ഈ കൗതുകവസ്തുവും അതേ ഹൃദയം കുളുർത്തിരിക്കാം. ആ വാച്ചിന്റെ ചലനം ഇന്നും നിലച്ചിട്ടില്ല. യന്ത്രമാണെങ്കിലും, നൂറ്റാണ്ടുകഴിഞ്ഞിട്ടും ഹൃദയത്തുടിപ്പും, ആയുസ്സും അവസാനിക്കാതെ ജീവിക്കുന്നതിനോടു് എനിക്കു് ആദരവു് ഉണ്ടുതാനും. ആദ്യം ഈ ഘടികാരം ധരിച്ച ധന്യ ആരായിരിക്കാം? ഹൃദയത്തിനു സമീപം, വസ്ത്രങ്ങൾക്കുള്ളിൽ, ഇതു സൂക്ഷിച്ചു രക്ഷിച്ച മാനസസുന്ദരി ആരായിരുന്നിരിക്കണം. വാച്ചിന്റെ ഹൃദയവും സ്ത്രീഹൃദയവും ഈ 'ഉടമ'യിൽ അടമാ




ന്നിച്ചു യോജിച്ചു തുടിച്ചുകാണണം. ഇളംചുണ്ടുകലർന്ന ഏതുതരം ഭംഗിയേറിയ വിരലുകൾ ആണു് ആദ്യം ഈ ഘടികാരത്തിന്റെ മൊട്ടിൽ പതിച്ചതു്! ഈ വാച്ചിന്റെ പുറത്തു കൊത്തിയിരിക്കുന്ന 'അജപാലിക'യുടെ രൂപം തുടച്ചു് നിത്യവും ചന്തം കണ്ടസുന്ദരി ഏതാണു്? ദേഹത്തോടു് അടുത്തു് ഏറെനേരം സ്ഥിതിചെയ്തുകൊണ്ടുവിയർപ്പു പററി ഒളി മങ്ങിയപ്പോൾ, 'ഉഴിച്ചുകഴിച്ചു' പണ്ടത്തേതിലും ചന്തം ചാർത്തിയ ആ സുന്ദരിയുടെ രൂപമാധുരി ഒന്നു സങ്കല്പിക്കാൻ സാധിച്ചിരുന്നെങ്കിൽ! ഈ ഘടികാരത്തിന്റെ സൂചികൾ പൂക്കളുടെ ദളങ്ങൾപോലെയാണു നിർമ്മിച്ചിരിക്കുന്നതു്. ഈ ദലങ്ങളുടെ ചലനം നോക്കി സമയം കുറിച്ചു് സങ്കേതത്തിൽ വിറയ്ക്കുന്ന ഹൃദയത്തോടുകൂടി എത്തിച്ചേർന്ന ആ ലലനാമണി ഏതു ദിക്കിലാണു ജീവിച്ചിരുന്നതു്? ആ അനർഘനിമിഷമാസ്വദിച്ചഈ ഘടികാരവും ധന്യത ചേർന്നതായി ധരിച്ചുകാണില്ലേ?

ഇങ്ങനെ അസുലഭമായ ഈ കൗതുകവസ്തു ധരിച്ചുനടന്ന സുന്ദരിയെ ഒന്നു കണ്ടിരുന്നെങ്കിൽ! അടുത്തു പരിചയമാകാൻ സാധിച്ചിരുന്നെങ്കിൽ! കഴിഞ്ഞ കാലത്തെകൊഴിഞ്ഞുപോയ ഒരു നാരീമഞ്ജരി തന്നെ ആയിരുന്നു ആ മാന്യ. അവളിലാണു് എന്റെ പ്രണയം അന്നു് പറന്നു പററിയതു്. കഴിഞ്ഞ കാലത്തു കൊഴിഞ്ഞുപോയ ആ പൂവിന്റെ ലളിതൃഗുണം ചിന്തിച്ചപ്പോൾ എന്റെ ഉള്ളം ഊഞ്ഞാലാടി. ആ പുഞ്ചിരികൊഞ്ചലിന്റെയും ചഞ്ചലാപാംഗത്തിന്റെയും മാധുര്യം എന്റെ നെഞ്ചു കവന്നു. ആ യുവതിയുടെ ലാളനയും അവൾ നിർമ്മിച്ച ദിവാസ്വപ്നവും അനുഭവിച്ചറിയുവാൻ എനിക്കു സാധിച്ചെങ്കിൽ! എനിക്കു വിഷാദം വന്നു. ഇതൊന്നും സാധിക്കാത്തതിൽ! ഇതെല്ലാം ക്ഷണികമാകാതെ നിത്യമായിരുന്നെങ്കിൽ.

ഞാൻ കണ്ണീർ ചൊരിഞ്ഞു. അന്തിമുതൽ പുലരിവരെ ഈ പ്രാചീനസുന്ദരിയെ, വാച്ചിന്റെ ഉടമസ്ഥയെപ്പററി നണ്ണി നെഞ്ചൊന്നു കിടന്നു. അവളുടെ ചന്തം, ലാളിത്യം, സുകുമാരത, കാന്തി, മനോഹാരിത, സൗജന്യം, ഇവയെല്ലാം ഭാവനയിൽ സങ്കല്പിച്ചു ഞാൻ വിലപിച്ചു. ഏതോ മൃതനുവേണ്ടി അമൃതം നിറഞ്ഞ ആ അധരകുസുമങ്ങളുടെ ദലങ്ങൾ വിടർന്നിരിക്കണം. അവ നൽകിയ ചുംബനം അനശ്വരമാണു്. പകനും രകനും അവ നൂററാണ്ടുകൾ അതിജീവിച്ചു വർത്തിക്കുന്നുണ്ടു. യുഗങ്ങൾക്കൊപ്പം ആയുസ്സോടുകൂടി പഴമയിൽനിന്നു വർത്തമാനകാലത്തിലേക്കു വളർന്നുവരുംകാലത്തിലേക്കു തല നീട്ടി അതു ജീവിക്കുന്നു. മനുഷ്യർ ആ തണലിൽ അണഞ്ഞു. ആസ്വദിച്ചു. മടക്കി കൊട്ടത്തു. മരിച്ചു.

പഴയതു ചന്തംചാർത്തിയതു്. ഇന്നുള്ളതു് ഭീതി വളർക്കുന്നതു് ഭാവി മരണത്തിലാണു് എത്തി പിടിക്കുന്നതും. കഴിഞ്ഞതെ ചൊല്ലി ഞാൻ വിഷാദിച്ചു. നിമിഷങ്ങളെ നീങ്ങാതെ പിടിച്ചുനിർത്താനാണു് എന്റെ ആശ. എന്നാൽ സമയത്തെ സ്തംഭിപ്പിക്കുകയെന്നതു് അസാദ്ധ്യം. മുന്നോട്ടു പോകുന്ന സമയത്തെ പിന്നോട്ടു പിടിച്ചുനിറുത്താൻ സാധിച്ചിരുന്നെങ്കിൽ; നിമിഷം കടന്നു നിമിഷത്തിലേക്കു മുന്നോട്ടു പോകാൻ തുടങ്ങാതിരുന്നെങ്കിൽ! എന്റെ അല്പഭാവവും കൈപിടിച്ചു എന്നെ നാശത്തിലേക്കു് അതു മെല്ലെ മെല്ലെ വലിച്ചുംകൊണ്ടു പോകുന്നു. പോയതൊന്നും മടങ്ങിവരുന്നുമില്ല.

ഇന്നത്തെ സുന്ദരികളേ! ഞാൻ നിങ്ങളോടു യാത്ര പറയുന്നു! എന്നാൽ നിങ്ങളെ ഞാൻ സ്നേഹിക്കുന്നു.

എങ്കിലും എനിക്കു പരാതിയില്ല. ഞാൻ ആരെ പ്രതീക്ഷിച്ചോ ആ സുന്ദരിയെ തന്നെ കണ്ടുമുട്ടി. ആ ചാരുരൂപിണിയിൽക്കൂടി ഞാൻ അചിന്ത്യവും അമേയവും ആയ ആനന്ദം അനുഭവിച്ചു. ആ കഥ പറയാം. പുലരിയിൽ ഇളവെയിൽ ഏററു സുഖിച്ചുകൊണ്ടു് ഞാൻ പാരീസ്സിൽ നടക്കുകയായിരുന്നു. എന്റെ കാലടികൾപോലും ആനന്ദംകൊണ്ടു് ആടിത്തുടങ്ങി. ഉള്ളം ഉന്മേഷത്താൽ ഊഞ്ഞാലാടി അശ്രദ്ധയോടെ ഞാൻ വ്യാപാരശാലകളുടെ വാതലുകൾ കണ്ടു കണ്ടു കടന്നു, അവിചാരിതമായി ഒരു വ്യാപാരശാലയുടെ മുന്നിൽ ഞാൻ നിന്നുപോയി. പുരാതന വസ്തുക്കൾ വിൽക്കുന്ന ഒരു ശാലയായിരുന്നു അതു്. 17-ാം നൂററാണ്ടിൽ നിർമ്മിച്ച ഒരു ഗൃഹോപകരണം അവിടെ ഉണ്ടായിരുന്നതു് ഞാൻ കണ്ടു. ചന്തമുള്ളതു കിട്ടാൻ വിഷമമുള്ളതു്, അതായിരുന്നു ആകൗതുക വസ്തു. വെനീസുകാരനായ വിററലി എന്ന ഒരു ശില്പിവര്യനായിരുന്നു അതു നിർമ്മിച്ചതു്. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിചിത്രി

ശില്പവസ്തുവിൽ ഒരാളായിരുന്നു അയാൾ. ഞാൻ അവിടവും കടന്നു നടന്നു.

എന്നാൽ എന്തുകൊണ്ടോ ആ കൗതുകവസ്തുവിന്റെ ഇല്ലായ്മ എനിക്കു വല്ലായ്മ ചേർത്തു. ഈ വിഷാദം ഏറെ കരുത്തോടുകൂടി ഉള്ളിൽ കടന്നു വളർന്നുകൊണ്ട് ഞാൻ തിരിഞ്ഞുനടന്നു. പിന്നെയും ആ വ്യാപാരശാലയുടെ മുന്നിൽ ചെന്നുനിന്നു. അതുതന്നെ പിന്നെയും നോക്കിക്കണ്ടു. എന്തുകൊണ്ടോ എന്റെ ശ്രദ്ധ അതിൽത്തന്നെ മുഴുവൻ പതിഞ്ഞു. ആ ഗൃഹോപകരണം എന്നെ വല്ലാതെ ആകർഷിച്ചു.

ആകർഷണം! അതു് ഒരു പ്രത്യേകകാര്യമാണ്. ഒന്നിൽതന്നെ ഉററുനോക്കുക, അതു് അല്പല്പമായി ഉള്ളം കവരുക. അതിനെപ്പററി വിഷമം മനസ്സിലുണ്ടാവുക ഇതെല്ലാം സുന്ദരിയുടെ മുഖത്തിന്റെ സ്മരണ ഉള്ളിൽ ഉളവാക്കുന്ന വികാരങ്ങൾക്കു സമമായിത്തീരുക എന്നതും സാധാരണമാണ്. ചന്തത്താൽ ഞാൻ ആകൃഷ്ടനായി. ഈ കലാശില്പത്തിന്റെ ആകൃതി, നിറം, രൂപസൗന്ദര്യം ഇവയെല്ലാം എന്നെ വശീകരിച്ചു. അതിനോടു മമത എനിക്കുണ്ടായി.

അതു വാങ്ങണം വാങ്ങിയേ മതിയാകൂ എന്ന ആഗ്രഹം ആവശ്യമായി മാറിമറിഞ്ഞു. സുഖം നൽകുന്നതിനു ഒരു ഉപകരണമാണ് അതും. അദ്യം ഈ ആവശ്യം മനസ്സിനെ അൽപ്പമായിട്ടേ ശല്യം ചെയ്തുള്ളു. എങ്കിലും ഇതു വർദ്ധിച്ചു ദേഹത്തിനും മനസ്സിനും വിഷമമുണ്ടാക്കി. വർദ്ധിച്ചുവർദ്ധിച്ചു ഈ ആശ വല്ലാതെ ശല്യം തുടങ്ങി. ഈ കൗതുകവസ്തു എനിക്കു മാത്രം ഉള്ളതായി തീരാതിരുന്നാൽ ഉണ്ടാകുന്ന അസഹ്യമായി ഇവിടുന്നു് ഒഴിഞ്ഞുമാറുന്നതു വിഷമവും ഇതെല്ലാം വ്യാപാരികൾ മനസ്സറിയും എന്നു നമ്മൾ അപ്പോൾ ഓർമ്മിക്കയും ഇല്ല. കണ്ണിന്റെ തിളക്കം കണ്ടു കാര്യം മുഴുവൻ അയാൾ മനസ്സിലാക്കയും ചെയ്തു.

നമ്മുടെ ഈ രഹസ്യം ആ മനുഷ്യനു രഹസ്യമേ അല്ല. ഞാൻ അതു വാങ്ങി. ഉടൻതന്നെ വീട്ടിലേക്ക് എത്തിച്ചുകൊണ്ടുപോയി. ഞാൻ ആ ഉപകരണം എന്റെ ഇരിപ്പുമുറിയിൽത്തന്നെ കൊണ്ടുവെപ്പിച്ചു.

ഇത്തരം കലാരത്നങ്ങളിൽ ഭ്രമിക്കാത്തവരോട് എനിക്കനുഭാവമില്ല. ഇവ സ്വന്തമാകുമ്പോളുണ്ടാകുന്ന ആനന്ദം അനുഭവിച്ചറിയുവാൻ ശക്തിയില്ലാത്തവർ ഹൃദയമില്ലാത്തവർതന്നെ. സഹൃദയന്മാർ മുററും നീണ്ടുനീണ്ടു തുടങ്ങുന്ന കടാക്ഷം ഇവയിൽ ആദ്യം അർപ്പിക്കും എന്നല്ല പ്രേമനിയിലെന്നതുപോലെ വാൽസല്യത്തോടുകൂടി തലോടും. അതിന്റെ സമീപത്തിൽനിന്നു പിരിയാതെ ഇരുന്നു തുടങ്ങും. വിചാരവും സദാപി മറെറാന്നിനെ പററിയും ആയിരിക്കയില്ല.

എവിടെപ്പോയാലും എന്തു ചെയ്താലും ഈ വികാരംതന്നെ എവിടെയും അയാളിൽ തങ്ങിനിൽക്കും. വീട്ടിൽ തിരിച്ചുമടങ്ങിയാൽ ഉടൻ തന്നെ ഹാററും കൈയുറകളും മാററിവെക്കുന്നതിനു മുമ്പിൽ ഈ സുന്ദരവസ്തു ഒരു നോക്കു കാണുവാൻ തിരക്കോടുകൂടി കാമുകനെപ്പോലെ പാഞ്ഞെത്തും. ഏറെ വാൽസല്യത്തോടെ അതിനെ തഴുകും.

ഇതിനെ പൂജിച്ചുംകൊണ്ടു് എട്ടു ദിവസം ഞാൻ കഴിച്ചുകൂട്ടി എന്നുതന്നെ പറയാം. ഇതിന്റെ കവാടം അടയ്ക്കും. തുറക്കും. വലിപ്പുകൾ വലിച്ചുനോക്കും. കടലാസും വിലകൂടിയ സാധനങ്ങളും സൂക്ഷിക്കത്തക്കവിധം മേശയുടെയും അലമാരിയുടെയും പെട്ടിയുടെയും ഗുണങ്ങൾ ചേർത്തു് ഉണ്ടാക്കിയ ആ ഉപകരണം കാണുന്നതും തൊടുന്നതുംതന്നെ എനിക്ക് ആനന്ദമായി. കണ്ടു കൺകുളിർത്തു. തഴുകി ഉള്ളു കുളിർത്തു. അതേ, കാമിനിയെ സ്വന്തമാക്കിയാൽ അനുഭവിക്കാവുന്ന ആനന്ദം എല്ലാം ഇതിന്റെ ഉടമ ലഭിച്ചതോടുകൂടി എനിക്കു ലഭിച്ചു.

ഒരു സന്ധ്യയ്ക്കു ഞാൻ തനിച്ചു എന്റെ മുറിയിലിരിക്കയാണ്, ആ കലാശില്പത്തിന്റെ സൗന്ദര്യം ആസ്വദിച്ചുംകൊണ്ട് ഒരു വലിപ്പിന്റെ മുകളിലെ ഘനമുള്ള പലകയുടെ പാളി പരിശോധിച്ചപ്പോൾ ഞാൻ അതുവരെ കാണാത്ത ഒരു കള്ളമുറി ഇതിനുള്ളിൽ ഉണ്ടായിരിക്കാം എന്നു് എനിക്കു തോന്നി. എന്തെങ്കിലും രഹസ്യമായി സൂക്ഷിക്കാവുന്ന ഒരു ഉള്ളറ അവിടെ ഒതുക്കിപ്പണിഞ്ഞിരിക്കണം, എന്റെ ഹൃദയം ത്രസിച്ചു. അന്നു രാത്രി മുഴുവൻ ഈ കള്ളിയുടെ ഉള്ളു കണ്ടുപിടിക്കുവാനായിരുന്നു എന്റെ ശ്രമം.

എത്ര ശ്രമിച്ചിട്ടും ഇതു ഫലിച്ചില്ല. അടുത്തദിവസം എന്റെ പ്രയത്നം ഫലിച്ചു. പലകയുടെ പാളിയുടെ ഇടയിൽ അല്പം ലോഹം കടത്തിതിക്കിനോക്കി. ഒരു വലിപ്പു അപ്പോൾ തുറന്നു അതിനുള്ളിൽ നീരാളം തുന്നിപ്പിടിപ്പിച്ച ഒരു ചെറിയ മുറി പട്ടുകൊണ്ടു തുന്നിയ ഒരു ചെറിയ പൂമെത്ത അവിടെ വിരിച്ചിട്ടുണ്ട്. ആ കിടക്കയിൽ ഏതോ ഒരു സുന്ദരിയുടെ വാർമുടിക്കെട്ട്.

അതേ, മുടിക്കെട്ടുതന്നെ വലിയ ഒരു തങ്കമുടിക്കെട്ട്. പൊന്നിന്റെ നിറത്തോട് അല്പം ചുവപ്പും കലന്നാൽ ഉണ്ടാകാവുന്ന നിറമുള്ളതു്. തലയ്ക്കു സമീപത്തുവച്ചു പററെ വെട്ടി നീക്കിയതു്. ആ മുടിക്കെട്ടു കെട്ടിവച്ചിട്ടുള്ളതും പൊ

ൻകമ്പികൊണ്ടു്.

അത്ഭുതവിവശനായി ഞാൻ നിന്നുപോയി. ഞാൻ വിറച്ചു. വിമ്മിഷ്ടപ്പെട്ടു. ആ മുറിക്കുള്ളിൽ നിന്നു നേരിയ പരിമളം പുറത്തേക്കു പരന്നു. കാലപ്പഴക്കംകൊണ്ടു് ആ സുഗന്ധത്തിന്റെ അന്തരാത്മാവു മാത്രമെ അവിടെ അവശേഷിച്ചിരുന്നുള്ളു. ഈ വാസനാവിശേഷത്തോടുകൂടിയാണു് ഈ രംഗം പെട്ടെന്നു പ്രത്യക്ഷമായതു്.

മെല്ലെ ആരാധനാഭാവത്തിലാണു് ആ സ്മാരകം ഞാൻ തൊട്ടുനോക്കിയതു്. ആ പൂമെത്തയിൽനിന്നു് ആ വാർമുടിക്കെട്ടു് ഉയർത്തിയതും ഭക്തിയോടുകൂടിയാണു്. അതു ഞാൻ തൊട്ട ഉടൻതന്നെ അഴിഞ്ഞുപരന്നു. സൗന്ദര്യമുള്ള പുഴയിലെ അലകളാണു് അവയെന്നു് എനിക്കു തോന്നി. ഉൽക്കട്ടി, കനം, മാർദ്ദവം, ഇവയുള്ള ആ കൈശികം അഴിഞ്ഞുപരന്നപ്പോൾ മൃദുലവും സുഖദവും ആയ ഒരു നവാതിഥി വന്നു് എന്നെ ആലിംഗനം ചെയ്തു എന്നുപോലും എനിക്കു തോന്നി. നവാതിഥിയായ വാൽനക്ഷത്രത്തിന്റെ കിരണങ്ങളാൽ നിർമ്മിതമായ ലാംഗൂലംപോലെ അതു മിന്നിത്തിളങ്ങി.

ഞാൻ വികാരഭരിതനായി. ഈ അസുലഭമായ കേശസമ്പത്തിന്റെ ഉടമസ്ഥ ആരായിരിക്കാം? ഏതുകാലത്താണു ഈ കുടിലസുകേശിനി ജീവിച്ചിരുന്നതു്? ഏതുനിലയിലുള്ള ജീവിതമാണു് ഈ സുന്ദരി നയിച്ചിരുന്നതു്. എന്തുകൊണ്ടാണു് ഈ ഉള്ളറയിൽ ഇതു ഒളിച്ചുവച്ചതു്. ഈ സ്മാരകത്തോടു ബന്ധിച്ചു് ഏതെല്ലാം സാഹസകൃത്യങ്ങൾ നടന്നിരിക്കണം. എത്ര പ്രണയനാടകങ്ങൾ ഈ സുന്ദരി അഭിനയിച്ചുകാണും. ആരാണു് ഈ മുടിക്കെട്ടു മുറിച്ചെടുത്തതു്. തമ്മിൽ വേർപെട്ട ദിവസം ഓർമ്മയ്ക്കായി മുറിച്ചെടുത്തതാണോ. അതോ പ്രതികാരത്തിനു വരൻ ചെയ്ത പരിപാടിയാണോ. ഇങ്ങനെയാണോ ഏറെ നീണ്ടുനിന്ന വൈരം മുടിച്ചതു്. അതോ നിരാശയോടുകൂടി മരണം ആ സുന്ദരിയുടെ തിരുനെറ്റിയിൽ മൃതിയുടെ കിരീടം ചൂടിച്ചപ്പോൾ തന്റേതായി ലോകത്തിൽ എന്തെങ്കിലും അവശേഷിക്കണം എന്ന വിചാരംകൊണ്ടു തന്നത്താൻ ചെയ്തതാണോ. കന്യകാമഠത്തിൽ കാലുകുത്തി സന്യാസിനിയായി ജീവിക്കാൻ തുടങ്ങിയപ്പോൾ ഈ ഐശ്വര്യവും ദൂരെ ത്യജിച്ചതാണോ. അതോ പ്രപഞ്ചത്തിന്റെ കാഞ്ചനകഞ്ചുകം, പ്രണയത്തിന്റെ നിർവാണനീരാളം ഇങ്ങനെ ആ സ്വച്ഛചാരിണി പരിത്യജിച്ചതാകാനാണു ന്യായം. അല്ല ജീവിതത്തിൽ നിന്നു മരണത്തിലേക്കു കടന്നപ്പോൾ ലോകത്തിനു കാഴ്ചവച്ചിട്ടു പിരിഞ്ഞതാണു് ഈ വിലതീരാത്ത ശേവധി (നിധി). അങ്ങനെയല്ലാതെ, യൗവനവും സൗന്ദര്യവും ഓളംതുള്ളുന്ന പൂമേനിയെ അറിയാതെ മരണം അകാലത്തിൽ കടന്നു ഗ്രഹിച്ചപ്പോൾ കല്ലറയുടെ കവാടം എന്നന്നേക്കുമായി അടക്കാൻ തുടങ്ങിയപ്പോൾ ഈ കേശഭാരകിരീടം മനംചുട്ട കാമുകൻ ഓർമ്മയ്ക്കായി അഴിച്ചെടുത്തുകൊണ്ടുപോന്നതാണോ? എല്ലാം മണ്ണാകുമ്പോൾ ഇതൊന്നു മാത്രം നശിക്കാതെ രക്ഷിക്കാവുന്നതാണു് എന്ന ബോധം നീറിനീറി നശിക്കുന്ന ആ കാമുകന്റെ ഉള്ളത്തിൽ എന്തുകൊണ്ടു തോന്നി. ലാളിക്കാനും ചുംബിക്കാനും, സ്നേഹിക്കാനും, കൊള്ളാവുന്നതായി, നശിക്കാത്തതായി ആ സുന്ദരിയുടെ ഇത്രയും മാത്രം അവശേഷിപ്പിക്കാവുന്നതാണു് എന്ന ബോധം അയാൾക്കു പെട്ടെന്നു തോന്നിയിരിക്കാം. വ്യസനമാകുന്ന കരിങ്കാറുകളുടെ ഇടയിൽ വെള്ളിക്കമ്പിപോലെ ഈ ആശയമാകുന്ന മിന്നൽപിണർ എന്തുകൊണ്ടു പെട്ടെന്നു പ്രത്യക്ഷമായി.

ഈ മുടിക്കെട്ടു മാത്രം കോട്ടംകൂടാതെ ശേഷിക്കുക. മറ്റുള്ളതെല്ലാം നശിക്കുക. അതും അസ്വാഭാവികമല്ല. ജനിച്ചപ്പോൾ മുതൽ ലാളിത്യത്തിനു നിവാസഭൂമിയായ ആ സുന്ദരിയുടെ മുടിക്കെട്ടു മാത്രം സുന്ദരമായി അവശേഷിക്കുക' മറ്റെല്ലാം നശിക്കുക, അതു പ്രകൃതിയാണോ വികൃതിയാണോ.

ഞാൻ തൊട്ടപ്പോൾ ഈ മുടിക്കെട്ടു് എന്റെ വിരലുകൾക്കു ചുറ്റും ചുരുണ്ടുകൂടി. സ്പർശിച്ചപ്പോൾ ഒരു പ്രത്യേക ഭാവം എന്നിൽ ഉളവായി. മരണം വന്നു തഴുകിയാലുണ്ടാകുന്ന ഭാവം. ഞാൻ കരയാൻ തുടങ്ങി. അത്രമാത്രം എന്റെ ഉള്ളം ഇളകിമറിഞ്ഞുപോയി.

ഏറെനേരം ഈ മുടി ഞാൻ കൈക്കുള്ളിലാക്കിക്കൊണ്ടു സ്ഥിതിചെയ്തു. ഈ സാമീപ്യം എന്നിലും പല ഭാവനയും വളർത്തി. ഈ മുടിക്കെട്ടിലും ആ ബന്ധുരാംഗിയുടെ ആത്മഗുണം തെല്ലു അവശേഷിച്ചു തങ്ങിനിൽക്കുന്നുണ്ടു്. ഞാൻ ആ പട്ടുകിടക്കയിൽ തന്നെ ആ മുടിക്കെട്ടു നിക്ഷേപിച്ചു. കാലം ആ പട്ടുകിടക്കയേയും ജീർണ്ണിപ്പിച്ചിരുന്നു. ഞാൻ ആ കള്ളറ പഴയതുപോലെ അടച്ചു. ആ കലാപേടകവും അടച്ചുപൂട്ടി. ദിവാസ്വപ്നം കാണാൻ തെരുവിലേക്കു ഇറങ്ങി.

ഞാൻ നേരെ നടന്നു. നിറഞ്ഞ വിഷാദത്തോടുകൂടി. കലങ്ങിയ ഉള്ളോടുകൂടി. സ്നേഹാർദ്രമായ ചുംബനം സ്വീകരിച്ചുകഴിഞ്ഞുപിരിഞ്ഞാൽ ഉണ്ടാകാവുന്നതീവ്രവേദനയോടുകൂടിയാണു് ഞാ

ൻ നടന്നു. ഞാൻ ഒരു പുരാണ പുരുഷനാണെന്ന് എനിക്കു തോന്നി, ഈ മുടിക്കെട്ടിന്റെ ഉടമസ്ഥയുമായി എനിക്കും പരിചയമുണ്ടായിരുന്നു എന്നും എനിക്കു അപ്പോൾ തോന്നി.

വില്ലി (Villion) ന്റെ വരികൾ ഞാൻ ഓർത്തു.

കഴിഞ്ഞകാലത്തെ ഹിമകണങ്ങളും
അഴിഞ്ഞുപോയതുമറിയുന്നീലയോ
പറയുവിൻ നിങ്ങൾ സുമന്ദഹാസവും
നിറവും കണ്ണീരും മറഞ്ഞതെങ്ങെന്ന്
വസന്തംവന്നാലും കഴിഞ്ഞ കാലത്തെ
കുസുമമൊന്നുമേമടങ്ങിവന്നിടാ
കഴിഞ്ഞകാലത്തെ ഹിമകണങ്ങളു
മഴിഞ്ഞുപോയതുമറിയുന്നീലയോ

വീട്ടിൽ മടങ്ങിവന്നപ്പോൾ എനിക്കൊരു വികൃതമായ വിചാരം അങ്കുരിച്ചു. ഈ കേശസമ്പത്ത് ഒന്നുകൂടി കാണണം. അതെടുത്തു തൊട്ടുനോക്കണം. അങ്ങനെ ചെയ്യുമ്പോൾ ഒരു ഞെട്ടൽ ഉള്ളിൽ കൂടി പാഞ്ഞു.

അല്പനാൾ ഞാൻ സ്വസ്ഥനായികഴിഞ്ഞു. എന്നാലും ഈ മുടിക്കെട്ടിന്റെ ഓർമ്മ ഉള്ളിൽനിന്നു വിട്ടുമാറിയില്ല. വീട്ടിൽ വന്നാൽ ഉടൻ ചെയ്യുന്നത് ഇതെടുത്തു കാണുക, തലോടുക എന്നതായിരുന്നു. മണവാളൻ മണിയറയുടെ വാതുക്കൽ വിവാഹദിവസം ചെല്ലുന്ന വിധമാണു ഞാൻ ഈ കലാസമ്പത്തിനെ സമീപിച്ചതു്. പ്രതീക്ഷകളോടുകൂടിയാണു് ഈ കവാടം തുറന്നതു്. വരന്റെ കൈ വിറക്കുന്നതുപോലെ തന്നെ എന്റെ ഹൃദയവും വിരലുകളും അപ്പോൾ വിറക്കും. ആ മുടിക്കെട്ടു തൊടുമ്പോൾ ഞാൻ വികാരാവേശത്താൽ പുളകിതഗാത്രനാകും. മരണത്തിനപ്പുറം കടന്നിട്ടും ജീവിച്ചിരിക്കുന്ന ആ കേശഭാരമാകുന്ന സൗന്ദര്യപ്പുഴയാൽ മുങ്ങിമയങ്ങണമെന്നും നിർവൃതി ഭുജിക്കണമെന്നും വികാരാവേശത്താൽ ഞാൻ അാശിക്കും.

ഇതു പ്രണയത്തിന്റെ അഭാസപ്രകടനമാണെന്ന് എനിക്കറിയാം. എങ്കിലും ഇങ്ങനെയുള്ള ലാളനം എന്റെ ജീവിതത്തിനു് അത്യാവശ്യമായി. ഇതിനു ശേഷം പട്ടുകിടക്കയിൽ പഴയപടിതന്നെ ഈ മുടിക്കെട്ടു പള്ളികൊള്ളുവാൻ ഞാൻ അനുവദിക്കും. അവിടെ അതു് വിശ്രമിക്കുന്നുണ്ടെന്ന് അറിയുന്നതുതന്നെ എനിക്കു് ആനന്ദം നൽകും. അതെ, അതു ജീവനുള്ളതാണ്. ഒളിച്ചുവാഴുന്നതു്. ഞാൻ അന്യരിൽ നിന്നു മറഞ്ഞുമാറി അനുഭവിക്കുന്നതു്. എന്റെ ഉള്ളിൽ സൗന്ദര്യം ചാർത്തിയതു്. ഞാൻ മുകർന്നതു്. എന്നിൽ പ്രേമം വളർത്തിയതു് കാണാനും തൊടാനും ഞാൻ കൊതിച്ചു കാക്കുന്നതു്. എനിക്കു് ഉന്മേഷങ്ങൾ നൽകുന്നതു് അടുത്തണഞ്ഞാൽ സംതൃപ്തിയും, മയക്കവും എനിക്കു നൽകുന്നതു്. വേർപാടിൽ വിഷാദമുളവാക്കുന്നതു. തണുപ്പും, തിളക്കവും, ആസക്തിയും, പുളകവും, എനിക്കു നൽകുന്നതു്. അങ്ങനെ പറഞ്ഞാൽ ഒടുവിൽ ആ മുടിക്കെട്ട് പൂർണ്ണ സൗന്ദര്യംനിറഞ്ഞ ഒരു പൂമേനിയാളായി എന്നിൽപ്രണയം വളർത്തി എന്റെ പ്രേമാപാത്രമായി. അതെ ആ മുടിക്കെട്ടു ധരിച്ച സുന്ദരിയെ ഭാവനയിൽ ഞാൻ ലാളിച്ചു.

ഇങ്ങനെ ഒന്നുരണ്ടു മാസം ഞാൻ ആനന്ദത്തിൽ ആറാടിജീവിച്ച കാലം പോയതു അറിഞ്ഞില്ല. ഈ സൗന്ദര്യപൂജയിൽ ഞാൻ മുങ്ങി മുഴുകി. ഞാൻ രസിച്ചു. ലയിച്ചു, സുഖിച്ചു. ഞാൻ വശീകൃതനും വിവശീകൃതനുമായി. സുഖവും ദുഃഖവും സമ്മേളിച്ച അനുഭവ പ്രണയം പ്രകടിപ്പിച്ചു. വിവാഹം നടന്നില്ല. ഋതിനിടയ്ക്കുള്ള ഒരുങ്ങി വാഴുന്ന കാലത്തെ പ്രതീക്ഷനിറഞ്ഞ നിമിഷങ്ങൾ നിരത്തിവെക്കുന്ന ആനന്ദാ ഭാവനയിൽ ആസ്വദിച്ച് ഞാൻ ജീവിച്ചു. ദിവാസ്വപ്നം കണ്ടു നടന്നു.

ഞാൻ കിടക്കമുറിയുടെ ജന്നലും കതകും എല്ലാം അടയ്ക്കും. ഇങ്ങനെ നിർമ്മിച്ച ഏകാന്തതയിൽ ഞാൻ ആ സൗന്ദര്യ നിമഗ്നതയിൽ ആമഗ്നനാകും. സ്പർശിക്കും ചുംബിക്കും ക്ഷതമേൽപ്പിക്കും, മുഖം മുഴുവൻ ആ കേശപാശത്താൽ മൂടും. ഞാൻ ആ സൗന്ദര്യം ആസ്വദിച്ചു നോക്കും. ആ പൊന്നലകളുടെ ഓളങ്ങളിൽ എന്റെ കണ്ണുകളാകുന്ന ഓടങ്ങൾ നീന്തിക്കളിക്കും. അപ്പോഴേക്ക് ആ കേശപാശത്തിന്റെ ഉടമസ്ഥയും എന്റെ മുന്നിൽ പ്രത്യക്ഷമാകും.

ഞാൻ പ്രണയിച്ചു. ശരിയായ പ്രണയം തന്നെയാണ് എന്നിൽ ഉളവായതു്. വേർപാട് എനിക്കു വിഷമമായി. ഒരു മണിക്കൂർപോലും ആ മുടിക്കെട്ടുമായി പിരിഞ്ഞുവാഴാൻ എനിക്കു കഴിവില്ലാതായി.

ഞാൻ ആശിച്ചു, എന്താണ് ആശിച്ചതു്? എനിക്കു് ഓർമ്മയില്ല. അല്ല പറയാം ആ സുകേശിനിയെ തന്നെ.

ഞാൻ ഒരു രാത്രി പെട്ടെന്നുണർന്നു. ആ മുറിയിൽ അപ്പോൾ ഞാൻ മാത്രമല്ല ഉണ്ടായിരുന്നതു് എന്നു എനിക്കു തോന്നി. എങ്കിലും ഞാൻ മാത്രമെ അവിടെ ഉണ്ടായിരിക്കാൻ ന്യായമുള്ളൂ. എനിക്കു പിന്നീട് ഉറക്കം വന്നില്ല ഉറക്കമില്ലായ്മ, പനി; ഇവ എന്നെ ബാധിച്ചു. അസ്വാസ്ഥത ഏറെ തോന്നിയതുകൊണ്ടു ഞാൻ എഴുന്നേറ്റു ആ മുടിക്കെട്ട് എടുത്തു നോക്കാൻ തന്നെ ഞാൻ തയ്യാറായി.

അസാധാരണമായ സൗന്ദര്യം

**എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കുക ആരാലും സാദ്ധ്യമല്ല**
**എന്നാൽ**
**ഈ സാദ്ധ്യതയെ ലോകവാണി പരിഹരിക്കുന്നു.**

കേരളത്തിലെ പേരുകേട്ട എഴുത്തുകാരുടെ ലേഖനങ്ങൾക്കും കഥകൾക്കും, കവിതകൾക്കും പുറമേ വിവിധ ഭാഷകളിലെ പ്രസിദ്ധീകരണങ്ങളിൽ നിന്നും പ്രധാനമായവ തിരഞ്ഞെടുത്തു സംഗ്രഹിച്ചു മലയാളവായനക്കാർക്കു നൽകുന്ന ഏക ഡൈജസ്റ്റ് മാസിക 1 വർഷം 4—8—0, 6 മാസത്തേക്ക് 2—8—8, ഒററപ്രതി 6 ണ.

**"LOKAVANI" TAMBARAM P. O.**

അതിനു് അപ്പോൾ ഉണ്ടായിരുന്ന പ്രത്യേകമായ ഒരു ചൈതന്യം അതിനു വന്നു ചേർന്നിട്ടുണ്ട്.

മരിച്ചവർ മടങ്ങി വരുമോ? ആ മുടിക്കെട്ടിൽ അർപ്പിച്ച ചുംബനങ്ങൾ അപ്പോൾ എനിക്ക് സംതൃപ്തി നൽകിയില്ല. ഞാൻ ഈ സൗന്ദര്യ സൗഭാഗ്യ സമ്പത്തും ഭേസിക്കൊണ്ട് കിടക്കയിലേക്ക് മടങ്ങിയെത്തി. രമിക്കാനായി സമ്മതിച്ച് സമീപിക്കുന്ന സുന്ദരിയിൽ കാമുകൻ ആദ്യം അർപ്പിക്കുന്ന ആവേശം നിറഞ്ഞ ചുംബനമാണു് ഞാൻ അപ്പോൾ ആ മുടിക്കെട്ടിൽ അർപ്പിച്ചതു്.

മരിച്ച ആൾ മടങ്ങിവന്നു. അവൾ ചാരത്തു വന്നു. അതേ ഞാൻ അവളെ കണ്ടു. സ്വീകരിച്ചു. രമിച്ചു. ജീവിച്ചിരുന്ന കാലത്തു് ഉണ്ടായിരുന്ന അവികല മനുഷ്യരൂപ മാധുരിയോടുകൂടി തന്നെയാണ് ആ സൗന്ദര്യപ്പൊൻപുഴയുടെ ഉടമസ്ഥ എനിക്ക് വശഗയായതു്. കൊഴുത്തു്, നീളം കൂടി, ഉരുണ്ട കുചങ്ങൾ താങ്ങി, വിണ്ണൊളപ്പമുള്ള നിതംബത്തോടുകൂടി, അവൾ എന്നെ അനുഗ്രഹിച്ചു. ഞാൻ ആ ദിവ്യരൂപം കഴുത്തുമുതൽ കാൽവരെ കൺകുളിർക്കെ നോക്കിക്കണ്ടു. ഉയർച്ചയും, താഴ്ച്ചയും, ചടപ്പും, തടിപ്പും, തുടിപ്പും, പിടിപ്പും എല്ലാം ഞാൻ സ്പർശിച്ചു. അറിഞ്ഞു. ആസ്വദിച്ചു. രസിച്ചു. സുഖിച്ചു.

അതെ ഞാൻ അവളെയും അവൾ എന്നെയും സ്വീകരിച്ചു. ഒരു ദിവസം മാത്രമല്ല ഇങ്ങനെ കഴിഞ്ഞതു്. പല പകലും, രാത്രിയും, അവൾ എന്നെ സമീപിച്ചു. മരണമാകുന്ന കവാടം തള്ളിത്തുറന്നു്, മാധുര്യം നിറഞ്ഞതും ആരാധിക്കേണ്ടതും ആയ എല്ലാം തികഞ്ഞ അസുന്ദരി എന്നെ എല്ലാ രാത്രികളിലും അനുഗ്രഹിച്ചു. മരണംപോലും മധുരവും, ആരാധിക്കേണ്ടതും, ഗ്രാഹ്യവും, പരമവും ആണെന്നു് എനിക്കു തോന്നി. എന്തെന്നാൽ താൻ മിഴുങ്ങിയ സൗന്ദര്യധാമത്തെ അതു് എനിക്ക് മടക്കിത്തന്നില്ലേ?

എന്റെ ആനന്ദം അവാച്യമായിത്തീർന്നു. എങ്കിലും ആ മുഴപ്പ് ഒളിക്കാൻ എനിക്കു സാധിച്ചില്ല. അവളുടെ സാമീപ്യം, അമാനുഷികമായ ആനന്ദം, എനിക്കു നൽകി. കിട്ടാത്തതു കിട്ടുക, ജയിക്കാൻ വയ്യാത്തതിനെ ജയിക്കുക, അതെ മരണത്തിൽ മുങ്ങി മറഞ്ഞ ആനന്ദം തിരിച്ചുകിട്ടുക, അതിൽ വലുതായി വല്ല കാര്യവും സാധിക്കാനുണ്ടോ? ആനന്ദം ലഭിക്കാനുണ്ടോ? അതു് എനിക്കു സാധിച്ചു. മഹത്തും, ബൃഹത്തും, അവാച്യവും, അവ്യാഖ്യേയവും ആയ ആനന്ദം ഞാൻ അനുഭവിച്ചു. ഇത്ര ഭയാനകവും, ഭവ്യവും, ആയ അനുഭൂതി മററാരും അനുഭവിച്ചുകാണില്ല. ഒരു കാമുകനും.

ഈ അനുഭവം ഞാൻ ഒളിച്ചുവച്ചില്ല. അതു് എനിക്കു സാധിക്കുമില്ല. ഈ സമ്പത്തിൽ ഞാൻ സുഖിച്ചു. വിട്ടുപിരിയാൻ മടിച്ച് ഈ സൗന്ദര്യപ്പൊൻപുഴയെ എല്ലായിടത്തും കൂട്ടത്തിൽ കൊണ്ടുനടന്നു. സഞ്ചരിക്കുന്നിടത്തെല്ലാം ഈ വാർമുടിക്കെട്ട് പ്രണയിനിയെ എന്നതുപോലെ ഞാൻ കൊണ്ടുനടന്നു. കാഴ്ച്ചകൾ കാണിക്കാനായി ഉള്ളം കുളിർപ്പിക്കാനായി രമണിയെ കാമുകൻ നാടകശാലയിലും, ഭോജനശാലയിലും കൂട്ടിക്കൊണ്ടു പോകുന്നതുപോലെ തന്നെ ഞാൻ ഈ മുടിക്കെട്ടുമായി അവിടെ എല്ലാം നടന്നു.

ഇതു് എല്ലാരും കണ്ടു. അവർ പലതും ഊഹിച്ചറിഞ്ഞു. എന്നെ പിടികൂടി. കുററവാളി എന്നതുപോലെ തടങ്കലിലാക്കി. ഭ്രാന്താലയത്തിലേക്കു എന്നെ കൊണ്ടുപോയി.

എന്നാൽ അവർ എന്നോടു കാട്ടിയ മററു കടുംകൈകൾ എല്ലാം സഹിക്കാം. ഒന്നു മാത്രം അസഹ്യമായി. ആ മുടിക്കെട്ട് അവർ എന്നിൽനിന്നും വേർപെടുത്തി. അതു വരുത്തിവച്ച വിഷാദം.—



# ലെബനോനിലെ വനിതകൾ

ഈവാ മാലിക്ക്

ഞങ്ങളുടെ സ്ത്രീകൾ പാശ്ചാത്യ ലോകത്തെ സ്ത്രീകളിൽനിന്നു വളരെ വ്യത്യാസപ്പെട്ടവരല്ല. എന്നാൽ പൗരസ്ത്യസ്ത്രീകളിൽ സാധാരണമായി കാണുന്ന ചന്തം അവരിലില്ല. മൊത്തത്തിൽ ലെബനോനിലെ സ്ത്രീകൾ വിദുഷികളാണ്. അവരിൽ വളരെപ്പേർ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരാണ്, ലെബനോനിൽനിന്നും യൂറോപ്പിൽനിന്നും. അവരധികംപേരും ഡോക്ടർമാർ, അഭിഭാഷകന്മാർ, എഴുത്തുകാർ, അധ്യാപകന്മാർ, സാമൂഹ്യനേതാക്കൾ എന്നിവരായി ജോലി ചെയ്യുകയാണ്.

ബൈറൂത്തിലെ സ്ത്രീകൾക്കായുള്ള അമേരിക്കൻ ജൂനിയർ കോളേജും അമേരിക്കൻ യൂനിവേഴ്സിറ്റിയും വളരെ അധികം സ്ത്രീകളെ കൊല്ലംതോറും വിവിധ തരത്തിലുള്ള ഡിഗ്രികളോടുകൂടി പുറത്തുവിടുന്നുണ്ട്. കൂടാതെ ജെസ്യൂട്ട് യൂനിവേഴ്സിറ്റിയിൽ നിന്നും ഒട്ടധികം സ്ത്രീകൾ ഡിഗ്രികൾ സമ്പാദിച്ചു പുറത്തു വന്നുകൊണ്ടിരിക്കുന്നു.

നാട്ടിൽ പരക്കെ ഞങ്ങൾക്കു അനേകം ദേശീയവും വിദേശീയവുമായ ഹൈസ്കൂളുകളുണ്ട്. അവമുഖാന്തരം ലബനോനിലെ ഓരോ സ്ത്രീക്കും ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസം സമ്പാദിക്കാൻ കഴിയും. ലെബനോനിൽ നിർബന്ധവിദ്യാഭ്യാസം നടപ്പാക്കുന്ന ദിവസം വളരെ വിദൂരമായിരിക്കയില്ലെന്നാണ് ഞങ്ങൾ ആശിക്കുന്നതു. ഇപ്പോഴത്തെ കണക്കുപ്രകാരം നാട്ടിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ തോതു 80 ശതമാനമാണ്. എന്നാൽ ഞങ്ങളുടെ ലക്ഷ്യം ഉയർന്ന നിലയിലുള്ളതും ഐകരൂപ്യമുള്ളതുമായ വിദ്യാഭ്യാസം പ്രചരിപ്പിക്കുകയാണ്. വിദ്യാഭ്യാസകാര്യത്തിൽ ലെബനോനാണ് അതിന്റെ നേതൃത്വം നിലനിറുത്താൻ കഴിയുന്നതു.

നാട്ടിൽ അനേകം വനിതാസംഘടനകൾ ഇന്നു പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ ഫലമായി സ്ത്രീജനങ്ങളിൽ വിപുലമായ ഉണർവുണ്ടായിട്ടുണ്ട്. ഈ ഉണർവു, കാൽനൂറ്റാണ്ടു മുമ്പേ ഉണ്ടായിത്തുടങ്ങിയതാണ്. മുസ്‌ലീം സ്ത്രീകളിലുണ്ടായിരുന്ന ദോഷങ്ങളും അതിവേഗം നീങ്ങിക്കൊണ്ടിരിക്കയാണ്. നാട്ടിലെ യാഥാസ്ഥിതികശക്തികൾക്കു പുരോഗതിയെ താമസിപ്പിക്കാനല്ലാതെ തടഞ്ഞു നിറുത്താൻ കഴിയുകയില്ല.

ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഫലം കാണിക്കുന്നതിനായി അടുത്തകാലത്തെ ചില പരിവർത്തനങ്ങൾ ഞാൻ ഉദാഹരിക്കാം. ഈ പരിവർത്തനങ്ങൾക്കു തികച്ചും ഉത്തരവാദികൾ യൂറോപ്യൻ അമേരിക്കൻ വിദ്യാലയങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയ ഞങ്ങളുടെ പ്രായംചെന്ന തലമുറയാണ്.

മദ്ധ്യകാലത്തു കിഴക്കത്തെ ഞങ്ങളുമായുള്ള സമ്പർക്കത്താൽ ഏതുപ്രകാരം യൂറോപ്പു അതിന്റെ ഉറക്കത്തിൽനിന്നു ഉണർന്നുവോ അതുപ്രകാരം ഇക്കാലത്തു ഞങ്ങൾ പടിഞ്ഞാറത്തെ ജനങ്ങളുടെയും പ്രത്യേകിച്ചു അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുമായി സമ്പർക്കം പുലർത്തിയതുകൊണ്ടു ഉൽബുദ്ധരായിത്തീർന്നിരിക്കുന്നു. കഴിഞ്ഞ തലമുറയിൽത്തന്നെയും സാഹിത്യവ്യക്തികളായി ഉയർന്നുവന്നു പേരെടുത്തിട്ടുള്ള പല സ്ത്രീകളുടെയും പേർ പറയുവാൻ എനിക്കു കഴിയും. അവരിൽ പ്രഥമസ്ഥാനത്തു ഇതുമയ്യ് എന്ന പേരായ എഴുത്തുകാരിയാണ്. അവർ ജനിച്ചതും വളർന്നതും വിദ്യാഭ്യാസം സമ്പാദിച്ചതും ലെബനോനിലായിരുന്നെങ്കിലും ജീവിതത്തിലെ ഫലപ്രദമായ കാലം കഴിച്ചതു ഈജിപ്തിലായിരുന്നു. അവർ സ്വന്തമായ രീതിയിൽ അനേകം ഗ്രന്ഥങ്ങൾ എഴുതി അവയെല്ലാം ഇന്നു ഞങ്ങളുടെ സാഹിത്യസമ്പത്തായി നിലകൊള്ളുന്നു. അവർ അമേരിക്കൻ എഴുത്തുകാരനും "ദി പ്രോഫറ്റ്" "മനുഷ്യപുത്രനായ യേശു" എന്നീ ഗ്രന്ഥങ്ങളുടെ കർത്താവുമായ ഗിബ്രാനുമായി തുടർച്ചയായി കത്തിടപാടു നടത്തിക്കൊണ്ടിരുന്നു. ആ തലമുറയിലെ പല സ്ത്രീകളും അറബ്‌ലോകത്തു പ്രചാരം സിദ്ധിച്ചിട്ടുള്ള മാസികകൾ നടത്തിക്കൊണ്ടിരുന്നുവന്നതും പ്രസ്താവ്യമാണ്. ആ മാസികകളിൽ സ്ത്രീവിദ്യാഭ്യാസം പർദ, സ്ത്രീസ്വാതന്ത്ര്യം, മുതലായ പല സാമുദായികവിഷയങ്ങളിലും ചർച്ചകൾ നടത്തിയിരുന്നു. ഇങ്ങനെയാണ് ഈ വനിതാലേഖകകൾ നാട്ടിൽ പേരും പെരുമയും ആർജ്ജിച്ചതു.

സാമൂഹ്യസേവനത്തിലും ഞങ്ങളുടെ സ്ത്രീകൾ പിന്നിലായിരുന്നില്ല. ഒരു കാൽ നൂറ്റാണ്ടിനു മു

മ്പ് തന്നെ അവർ പലവിധത്തിലുള്ള സാമൂഹ്യസേവന പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുണ്ടായിരുന്നു. ഡിസ്പെൻസറികൾ, നിശാവിദ്യാലയങ്ങൾ നേർസറികൾ, ക്ലിനിക്കുകൾ അനാഥമന്ദിരങ്ങൾ എന്നിവയെല്ലാം അവർ സ്ഥാപിച്ചു നടത്തിവരുന്നു.

ഞങ്ങളുടെ സ്ത്രീകൾ ജയിൽപരിഷ്കരണം, നാട്ടിലെ പൊതുശുചീകരണം, സ്ത്രീതൊഴിലാളികളുടെ ജോലിവ്യവസ്ഥ എന്നീ കാര്യങ്ങളിലും ശ്രദ്ധയും താല്പര്യവും ചെലുത്തിയിരുന്നു. നീചവും ശപിക്കപ്പെട്ടതുമായ വ്യഭിചാരവൃത്തിയോടു മല്ലിടുന്ന കാര്യത്തിലും ഉൽബുദ്ധരായ ഞങ്ങളുടെ സ്ത്രീജനങ്ങൾ ചെയ്ത സേവനം മറക്കത്തക്കതല്ല.

നാട്ടിൽ പല സ്ത്രീ സംഘടനകളും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതു ലീഗ് ഓഫ് അറബ് വിമൺ ആണ്. നാട്ടിലുള്ള എല്ലാ സ്ത്രീ സൊസൈറ്റികളും ഏകീകൃതമായ ആദർശലക്ഷ്യങ്ങളിൽ സംഘടിപ്പിക്കാൻ ആ സംഘടന ദീർഘകാലമായി ശ്രമിച്ചു കൊണ്ടിരിക്കയാണ്. മറ്റു പല സാമൂഹ്യകാര്യങ്ങളിലും ശ്രദ്ധ ചെലുത്തുന്നതോടുകൂടി സ്ത്രീകളുടെ ഉദ്ധാരണകാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ദൗർഭാഗ്യവശാൽ ആ കാര്യത്തിൽ ആശിച്ചപോലുള്ള വിജയം ഞങ്ങൾക്കുണ്ടായിട്ടില്ല. എങ്കിലും പ്രധാനപ്പെട്ട എല്ലാ പ്രശ്നങ്ങളിലും ഞങ്ങളുടെ ശബ്ദം നാട്ടിൽ കേൾപ്പിക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്

ഇതിനു പുറമെ യൂണിയൻ ഓഫ് വിമൻ ഓഫ് ലെബനാൻ എന്ന പേരിൽ മറ്റൊരു സംഘടനയുണ്ട്. ഇതു നാട്ടിലെ ഏറ്റവും സജീവമായൊരു സംഘടനയാണ്. അതിന്റെ ഉൽഭവകാലം മുതൽക്കു അതിന്റെ സെക്രട്ടറിയായിരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. 1943-ലെ സ്വാതന്ത്ര്യ സംരംഭത്തിൽ ഈ സംഘടനവഹിച്ച പങ്കു ചരിത്രപ്രധാനമാണ്. പുരുഷന്മാരും അതു സമ്മതിച്ചിട്ടുണ്ട്. വിജയത്തിനുകാരണം ഞങ്ങളുടെ പ്രവൃത്തിയായിരുന്നു.

ഈ രണ്ടു സംഘടനകളുടെയും വകയായിട്ടാണ് 'ദി വോസ് ഓഫ് ദി വിമൻ' എന്ന മാസിക പുറപ്പെടുന്നതു കൂടാതെ ഞങ്ങൾ ഒരു മോഡൽ കിണ്ടർ ഗാർഡൻ സ്ഥാപിച്ചിട്ടുണ്ട്. നാട്ടിലെ ഉയർന്ന കുടുംബങ്ങളിലെ കുട്ടികളെപ്പോലും ഞങ്ങളതിലേക്കു ആകർഷിച്ചിട്ടുണ്ട്

സ്ത്രീകളുടെ സംരംഭങ്ങളിൽ ഞങ്ങൾക്കു ആവേശം നൽകുന്ന ഒരു വ്യക്തിയാണ് പ്രസിഡണ്ടിന്റെ ഭാര്യ മിസ്സിസ്സ് ബെചറാഹ്ഹൽ ഖൗറി. നാട്ടിലുള്ള എല്ലാ സ്ത്രീ സംഘടനകളെയും അവർ പ്രോത്സാഹിപ്പിക്കുന്നു. യൂനിയൻ ഓഫ് ദി വിമൻ ഓഫ് ലെബനാന്റെ ഓണററി പ്രസിഡണ്ട് അവരാണ്.

ഇതിനു പുറമെ 3 പ്രത്യേക സംരംഭങ്ങൾക്കു അവർ നേതൃത്വം നൽകുന്നുണ്ട്. സാധുക്കൾക്ക് വസ്ത്രം കൊടുക്കുക. പട്ടാളക്കാർക്ക് സുഖസൗകര്യങ്ങൾ ഏർപ്പെടുത്തുക, റെഡ്ക്രാസ് സർവ്വീസിനെ സഹായിക്കുക എന്നിവയാണവ. സാധുക്കൾക്കു വസ്ത്രം നൽകുന്നതിനായി സ്ത്രീകളുടെ ഒരു തുന്നൽവേല അവർ സംഘടിപ്പിച്ചിട്ടുണ്ട്. അവർ തുന്നുന്ന എല്ലാ വസ്ത്രങ്ങളും ശേഖരിച്ചു പർവ്വതപ്രദേശത്തെ സാധുക്കൾക്കു അയച്ചുകൊടുക്കുന്നു.

സ്ത്രീകളുടെ കൈവേലകളെ അഭിവൃദ്ധിപ്പെടുത്തുകയെന്ന ഒരു സംരംഭവും ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബുദ്ധിപരമായി വികാസം സിദ്ധിച്ച അപൂർവ്വം ചില രാജ്യങ്ങളിലെ സ്ത്രീകളോട് ലെബനാനിലെ സ്ത്രീകളും കിടനിൽക്കുമെന്നു എനിക്കു സധൈര്യം പറയാൻ കഴിയും. ലോകത്തിലെ സ്ത്രീകളുമായി സഹകരണം സ്ഥാപിക്കണമെന്നാണ് ഞങ്ങൾ ആശിക്കുന്നതു്. പല ലോക സ്ത്രീസമ്മേളനങ്ങളിലും ഞങ്ങൾ പങ്കെടുത്തിട്ടുണ്ട്. സ്ത്രീകളുടെ അഭിവൃദ്ധിക്കും സമാധാനത്തിനും വേണ്ടി അവരുമായി യോജിച്ചു പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹമുള്ളവരാണ്.

മൊത്തത്തിൽ ലെബനാനിലെ സ്ത്രീകൾ ഉൽബുദ്ധരാണെന്നു നിങ്ങൾക്കു കാണാൻ കഴിയും. എന്നാൽ ഞങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിരിക്കുന്നുവെന്നു ഇതിന്നർത്ഥമില്ല. അജ്ഞത, അന്ധവിശ്വാസം എന്നിവയെ ജയിച്ചു് ഇനിയും ഞങ്ങൾക്കു വളരെയധികം മുമ്പോട്ടു പോകാനുണ്ട്. ഇന്നത്തെ പുരോഗതി അനുസരിച്ചു് അതിവേഗത്തിൽ ലക്ഷ്യം പ്രാപിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ ആശിക്കുന്നതു്.

# വിവിധങ്ങളായ വിവാഹസമ്പ്രദായങ്ങൾ

**ജഗതി വേലായുധൻ നായർ**

പഴയ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുക, അറിയുവാൻ ശ്രമിക്കുക അതെത്ര രസമാണെന്നോ? പഴയതൊക്കെ പമ്പകടത്തണമെന്നു പറയുന്നവരുണ്ട്. പക്ഷെ, പുതിയതിലുമുണ്ട് 'പമ്പകടക്കേണ്ടി' പലതും എന്നും കൂടി ഓർമ്മിക്കണം. അക്കഥ എങ്ങനെയുമാകട്ടെ നമ്മുടെ സാമൂഹ്യജീവിതബന്ധങ്ങളിൽ ഒരു സുപ്രധാനകണ്ണിയാണല്ലോ വിവാഹം. അതിന്റെ പഴയ സമ്പ്രദായവിശേഷങ്ങളെക്കുറിച്ച് പറയുന്നതും വായിക്കുന്നതും അത്ര വിരസമാവുകയില്ലെന്നാണ് തോന്നുന്നത്.

ഒട്ടേറെ ജാതികൾക്കും ഉപജാതികൾക്കും ഒരു വളർത്തമ്മയാണ്, 'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ച്' 'സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ട്' പള്ളികൊള്ളുന്ന കേരളാംബ. ഇന്നത്തെക്കാൾ, ജാതിയുടെ കൊച്ചുകൊച്ചു വരമ്പുകൾ തെളിഞ്ഞുകിടന്നിരുന്ന ഒരു കാലം ഏതാനും ശതവർഷങ്ങൾക്കു മുമ്പുവരെ കേരളത്തിനുണ്ടായിരുന്നു. കാടർ, ചെറുമർ, കുറവർ, വേടർ, നായാടി കാണി, മലയരയൻ, മലമ്പണ്ടാരം, മലയ്ക്കൂരാളി, മലയടിയൻ, മുളവർ, നുളവർ ഉള്ളാടർ, പുനമ്പർ, ചോവർ ഇങ്ങനെ അനേകം ഹീനജാതികളും നമ്പൂതിരി, ബ്രാഹ്മണൻ, നായർ, തുടങ്ങിയ ഉയർന്ന ജാതികളും, നമ്പീശൻ, പുഷ്പകൻ, ചാക്യാർ, അടികൾ പിഷാരോടി, നമ്പിടി, വാര്യർ, തീയാട്ടുണ്ണികൾ, പൊതുവാൾ, പുപ്പള്ളി. പിഷാപ്പള്ളി, മൂ[illegible] [illegible] അനേകം അന്തരാള വർഗ്ഗക്കാരുമെല്ലാം അന്നു കേരളത്തിലുണ്ടായിരുന്ന വിവിധ ജാതികളിൽ ചിലതു മാത്രമാണ്. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജീവിതസമ്പ്രദായങ്ങൾ മുതലായ കാര്യങ്ങളിൽ പരസ്പരഭിന്നമാണ് ഇവരിലോരോ വർഗ്ഗവും. വിവാഹസമ്പ്രദായത്തെ സംബന്ധിച്ചും അങ്ങനെതന്നെ. ആ വൈസാദൃശ്യങ്ങളുടെ മണ്ഡലത്തിലേക്കു കടക്കുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. ചിലപ്പോൾ പൊട്ടിച്ചിരിച്ചെന്നുവരും. ആചാരങ്ങളിൽ ചിലതു യുക്തിക്കും തത്വത്തിനും, പൊരുത്തപ്പെട്ടെന്നുവരാം. എന്നാൽ യുക്തിയുടെ സ്വപ്നദർശനം സ്പർശിച്ചിട്ടില്ലാത്തവയും ധാരാളമുണ്ട്. അവയെല്ലാം എണ്ണിയെണ്ണിപ്പറയാൻ ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നില്ല. രസകരമായ ചില രീതികളെപ്പറ്റി മാത്രം ചിലതു പറയാനേ തുനിയുന്നുള്ളു.

'നായാടി' വർഗ്ഗക്കാരുടെ കഥതന്നെ ആദ്യമെടുക്കാം. സംസ്കാരചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രാകൃതരെന്നു വിശ്വസിക്കപ്പെടുന്ന നായാടികൾ ഏറിയക്കൂറും വന്യജീവിതവൃത്തികളാണ്. അതുകൊണ്ടുതന്നെ കല്യാണത്തിന് പ്രത്യേകമായൊരു പന്തലോ, മണ്ഡപമോ ഒരുക്കുന്ന രീതി ഇവരുടെ ഇടയിൽ ഇല്ലായിരുന്നു. വിവാഹത്തിനു ഏതാനും ദിവസം മുമ്പ് പച്ചിലകൾകൊണ്ടു മറച്ചിട്ടുള്ള ഒരു കുടിൽ ഉണ്ടാക്കി 'പെണ്ണിനെ അതിനുള്ളിൽ അടക്കുകയാണ്' ആദ്യമായി ചെയ്യുന്നത്. ഉന്നത്തെപ്പോലെ വധുവിന്റെ ബന്ധുക്കൾ വരനെ നിശ്ചയിക്കുന്ന രീതി അന്ന് ഇല്ലായിരുന്നു. ഏതാണ്ടൊരു സ്വയംവരത്തിന്റെ മട്ടിലാണ് കല്യാണം. വധുവിന്റെ പാണിഗ്രഹണം കൊതിക്കുന്ന പല നായാടിപ്പുരുഷന്മാരും വിവാഹത്തിനു സന്നിഹിതരാവും. കയ്യിലോരോ നീണ്ട 'കോലുമായി' ആ പച്ചക്കുടിലിന്റെ ചുറ്റും അവരെല്ലാം വട്ടമിട്ടു നിൽക്കണം. ആ സമയം കന്യകയുടെ അച്ഛനായ വൃദ്ധനായാടി കുടിലിനു വെളിയിൽ ഒരുഭാഗത്തിരുന്നു ചില ഗാനങ്ങളോടു കൂടി ഒരുതരം തുടി കൊട്ടിത്തുടങ്ങും. അപ്പോൾ വട്ടമിട്ടു നിൽക്കുന്ന വരന്മാർ നൃത്തം ചവിട്ടി കുടിലിനു ചുറ്റും ഓടണം. പാട്ടവസാനിച്ചാൽ അവരെല്ലാം ഒരേസമയത്ത് കയ്യിലിരിക്കുന്ന നീണ്ട 'കോലു' കുടിലിനുള്ളിലേക്ക് കുത്തിയിറക്കണം. ഇത്രയും കഴിഞ്ഞാൽ പ്രാഥമിക ചടങ്ങുകൾ കഴിഞ്ഞു. പിന്നീട് കന്യകയുടെ പിതാവ് കൊട്ടിനു വേഷം കെട്ടി. മറ്റൊരു പാട്ടു പാടുകയായി. പാട്ടിന്റെ അവസാനത്തിൽ കുടിലിനുള്ളിലേക്കു കുത്തിയിറക്കിയിരിക്കുന്ന കോലുകളിൽ ഒന്നിനെ കന്യക അകത്തുക്കു പിടിച്ചെടുക്കും. ആരുടെ കോലാണോ അവൾ പിടിച്ചെടുത്തത്, അവനെ വരിച്ചു എന്നാണ് വയ്പ്. അയാൾ വേണം പിന്നീട് അവളെ കൈക്കു പിടിച്ചു കല്യാണക്കുടിലിൽ നിന്നു പുറത്തിറക്കേണ്ടതും. പുരാണകഥകളിൽക്കൂടി നാം അറിഞ്ഞിട്ടുള്ള സ്വയംവരങ്ങളിലെന്നപോലെ മറ്റു കാമുകന്മാർക്കു ഇതിൽ യാതൊരസഹ്യതയുമില്ല. മാത്രമല്ല, തുടർന്നുള്ള ചമ

ങ്ങൾക്ക് അവർ സഹകരിക്കുകയും വേണം. മണവാളൻ മണവാട്ടിയെ കൈയ്ക്കു പിടിച്ചു പുറത്തിറങ്ങിയാൽ ഉടനെ, അവൾ രണ്ടു കൈകൊണ്ടു മുഖം പൊത്തിക്കൊണ്ട് കുടിലിനു പുറവും ഓടണമെന്നാണ് ഏർപ്പാട്. അപ്പോൾ മണവാളൻ പുറകെ ഓടി അവളെ പിടിക്കുകയും വേണം. ഈ സമയം മറ്റുള്ളവർ, പഴുത്തതും പച്ചയുമായ ഇലകൾ ഇടകലർത്തി കിരീടത്തിന്റെ ആകൃതിയിൽ രണ്ടെണ്ണമുണ്ടാക്കി നവദമ്പതിമാരെ അണിയിക്കും. തുടർന്ന് അവരെല്ലാം ചേർന്ന് കുടിലിനൊരു വലയം നൃത്തം ചെയ്യണം. അതിനുശേഷം മറ്റുള്ളവരെല്ലാം കൂടി മണവാളനേയും മണവാട്ടിയേയും ചെറുത്ത് വീണ്ടും കുടിലിനുള്ളിലാക്കി കവാടബന്ധനം ചെയ്യും. ഒരു വാവു കഴിയുംവരെ അതിനകത്തിരിക്കണമെന്നാണ് ഏർപ്പാട്.

കുറച്ചുകൂടി പരിഷ്ക്കാരം 'പണിയ'ന്മാരുടെ വിവാഹരീതിയിൽ കാണുന്നുണ്ട്. അവക്കു വിവാഹത്തിനു സമുദായത്തലവനായ 'മൂപ്പന്റെ' സമ്മതം വേണം. മൂപ്പന്റെ അനുവാദം ലഭിച്ചുകഴിഞ്ഞാൽ അന്നുമുതൽ രണ്ടു വാവു കഴിയുന്നതുവരെ മണവാളൻ മണവാട്ടിയുടെ വീട്ടിലേക്കു കുറെ നെല്ലും വിറകും കാഴ്ചവയ്ക്കണം. എന്നൊരേർപ്പാടുണ്ട്. അത്രയും ദിവസം കഴിഞ്ഞാൽ വിവാഹമാകാം. എന്നാൽ ഈ കഴ്ചവയ്പ് മുടങ്ങുകയാണെങ്കിൽ, പിന്നെയും രണ്ടു വാവുന്നാൾ വിറകും നെല്ലും കൊടുത്തിട്ടേ പരിണയം പാടുള്ളൂ. വിവാഹദിവസം ഒരു മുണ്ടിന്റെ തുമ്പിൽ ഒരു കഷണം പൊന്നുകെട്ടി അതും, പലതരം കുരുക്കൾ കോർത്തുണ്ടാക്കിയ ഒരു മാലയും മണവാളൻ മണവാട്ടിയുടെ പിതാവിനെ ഏൽപിക്കണം. മുഹൂർത്തത്തിനു് ഏതാനും സമയം മുൻപ് മൂപ്പനും, മണവാളനും മണവാട്ടിയും കൂടി ഒരിലയിൽ ഭക്ഷണം കഴിക്കും. അപ്പോൾ കൊട്ടും കുരവയുമൊക്കെ ഉണ്ടായിരിക്കും. ഭക്ഷണം കഴിഞ്ഞശേഷം മണവാളൻ മണവാട്ടിയുടെ പിതാവിനെ ഏൽപ്പിച്ച മാല മൂപ്പൻ മണവാട്ടിയുടെ കഴുത്തിൽ ചാർത്തുന്നു. അതോടെ വിവാഹച്ചടങ്ങുകൾ തീരുകയാണ്. എന്നാൽ വിവാഹത്തിനു ശേഷവും വർഷം തോറും മണവാളൻ മണവാട്ടിയുടെ വീട്ടിലേക്കു കുറെ നെല്ലും വിറകും 'കാഴ്ചവയ്ക്കണമെന്നു നിർബന്ധമുണ്ട്. ആ പതിവിനു മുടക്കം വന്നാൽ, മണവാട്ടിയെ അവളുടെ അച്ഛൻ തിരിച്ചുവിളിച്ചുകളയുമത്രെ. ഈ വിവാഹരീതിയിൽ വധുവിന്റെ വീട്ടുകാർക്കാണു പ്രാധാന്യം.

'മലപ്പുലയ'ന്മാരുടെ വിവാഹസമ്പ്രദായം കുറച്ചുകൂടി രസമുള്ളതാണ്. അൽപം ബലാൽക്കാരവും കണ്ണുനീരുമൊക്കെ ഉണ്ടെങ്കിലേ അവർക്കു കല്യാണമാവൂ. പുലയന്മാർ പൊതുവേ പാടപ്പണിക്കാരായിരുന്നു. (പുലയൻ എന്ന പദത്തിന്റെ അർത്ഥം തന്നെ ഇതു സൂചിപ്പിക്കുന്നുണ്ട്. (പുല(പുലം) എന്ന ദ്രാവിഡപദത്തിനു് വയൽ Corn field എന്നാണർത്ഥം. പുല+അൻ—പുലയൻ —പുലത്തെ അല്ലെങ്കിൽ വയലിനെ സംബന്ധിച്ചവൻ; എന്നാണ് 'പുലയ'ശബ്ദത്തിന്റെ നിഷ്പത്തി.) ഈ മലപ്പുലയ വർഗ്ഗക്കാരിൽ ഒരു പുരുഷനു വിവാഹം വേണമെന്നു തോന്നിയാൽ ആദ്യമായി അയാൾ ഒരു പെണ്ണിനെ നിശ്ചയിക്കും. അതുകഴിഞ്ഞ് അവന്റെ കൂട്ടുകാർ മണവാട്ടിയുടെ വീട്ടിൽചെന്ന് അവളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടു വരണം. വരുന്ന വഴിക്കു നേരമ്പോക്കായി ഒരു 'വടിത്തല്ലും' നടത്തണമെന്നുണ്ട്. മണവാളന്റെ വീട്ടിലെത്തിയാൽ മണവാട്ടി കുറെ സങ്കടം പറയുകയും കുറെ കരയുകയും ചെയ്യണം. അഷ്ടവിവാഹങ്ങളിൽ 'രാക്ഷസ'മെന്ന വിവാഹരീതിയോട് ഇതിനു് അൽപം സാദൃശ്യമുണ്ട്.

'പണിക്കൊല്ല'ന്മാരുടെയിടയിൽ 'ബന്ധം മുറിച്ചുവിടുന്ന' ഒരേർപ്പാടായിട്ടാണ്, വിവാഹം ആചരിച്ചുപോന്നതു്. കൊല്ലവർഷം എട്ടാം ശതകംവരെ അതു നിലവിലിരുന്നതായും കാണുന്നു. അവരുടെ വിവാഹച്ചടങ്ങുകൾ അത്ര രസപ്രദമല്ലാത്തതുകൊണ്ട് ഇവിടെ വിശദീകരിക്കുന്നില്ല. പ്രതിഫലം കൊടുത്ത് പുരുഷൻ സ്ത്രീയെ സ്വീകരിക്കുന്ന ഏർപ്പാടാണ് ഇവരുടെയിടയിൽ അന്നു് നിലവിലിരുന്നതെന്നു് ആചാരങ്ങൾ തെളിയിക്കുന്നുണ്ട്. പെണ്ണിനു പ്രതിഫലം നൽകുന്ന ഏർപ്പാട് വേട്ടുവരുടെ ഇടയിലും, മലയന്മാരുടെ ഇടയിലും ഉണ്ടായിരുന്നു. 'ആസുരം' എന്ന പൗരാണിക വിവാഹരീതിയോട് ഇവക്കു ചെറുതായൊരു സാദൃശ്യമുണ്ടെന്നും ഇവരുടെ ആചാരരീതികൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാം.

'കമ്മാള'രുടെ വിവാഹരീതി നമ്മെ പൊട്ടിച്ചിരിപ്പിക്കുന്നതാണ്. മറ്റൊരു ജാതിക്കാരും ആചരിച്ചു കാണാത്ത ചില ചടങ്ങുകൾ ഇവരുടെ ഇടയിൽ ഉണ്ടായിരുന്നു. ഒരു സ്ത്രീക്കു ഒന്നിലധികം സഹോദരന്മാർ ഭർത്താവാകുന്ന ഏർപ്പാടാണ് ഇവർക്കുണ്ടായിരുന്നതു്. ഇന്നും ചില ജാതിക്കാരുടെ ഇടയിൽ ഈ പാണ്ഡവപ്രസ്ഥാനം നിലവിലുണ്ടെങ്കിലും അതിനു് സമുദായ നീതിയുടെ പിൻതുണ ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്നാൽ സാമുദായികമായ അംഗീകാരത്തോടു കൂടിത്തന്നെ ബഹുഭർതൃത്വം (Poly andry) ഈ വർഗ്ഗക്കാരുടെ ഇടയിലല്ലാതെ മറ്റൊരു വർഗ്ഗക്കാരിലും പ്രാചീന കാലത്തു നിലവിലിരുന്നതായി അറിഞ്ഞിട്ടില്ല.

വിവാഹത്തിനു മുൻപ് "എത്ര മണവാളന്മാരുണ്ട് നിങ്ങൾ" എന്നു മണവാളരിൽ മൂത്ത സഹോദരനോടു ചോദിക്കും. ഈ കണക്കെടുപ്പു കഴിഞ്ഞിട്ടുവേണം ആ അമ്മയ്ക്കു അത്രയും പേർക്കു പായും പലകയും ഒരുക്കേണ്ടതു്. ഉടനെ ഞങ്ങളിത്രപേരുണ്ടെന്നു് അയാൾ വിളിച്ചറിയിക്കും. അത്രയും പേർക്കു പായും പലകയും തയ്യാറായിട്ടുണ്ടെന്നു മണവാട്ടിയുടെ അമ്മ അവരോടു വിളിച്ചു പറയുകയും വേണം. അമ്മായിഅമ്മയുടെ ആദ്യത്തെ ചോദ്യത്തിന്റെ ഔചിത്യം ഇപ്പോൾ വ്യക്തമാണല്ലോ. ഈ ചോദ്യവും ഉത്തരവും കഴിഞ്ഞാൽ, കല്യാണത്തിനു മുമ്പുതന്നെ മണവാളന്മാർക്കു് കന്യകയുമായി സമാഗമം ആകാമെന്നുള്ളതാണു് ഇവരുടെ ഒരു പ്രത്യേകത. പക്ഷെ അതിനൊരു വ്യവസ്ഥയുണ്ടു്. അതായതു് മണവാളന്മാരായ സഹോദരന്മാരുടെ പ്രായഭേദമനുസരിച്ചേ സഹശയനം തുടങ്ങാവൂ. എന്നു വെച്ചാൽ, സഹോദരന്മാരിൽ മൂത്തയാൾക്കാണു് പ്രഥമദിവസം കന്യകയുമായ സഹശയനത്തിനധികാരം. അടുത്തനാൾ അടുത്തയാൾ. അങ്ങനെ ക്രമേണ ഏററവും ഇളയ സഹോദരനു് ഏററവും ഒടുക്കമാണു് 'ചാൻസ്' ചില കാമശാസ്ത്ര തത്വങ്ങളനുസരിച്ചു നോക്കുമ്പോൾ ഈ സമ്പ്രദായം ഔചിത്യപൂർവകമായിട്ടുണ്ടെങ്കിലും വിവാഹത്തിനു മുമ്പുള്ള സഹശയനത്തിന്റെ യുക്തി എന്തെന്നു മനസ്സിലാകുന്നില്ല. ഏററവും നേരമ്പോക്കുള്ള ഒരു കാര്യം, കന്യകയ്ക്കു് ആറുമാസം ഗർഭപൂർത്തി വന്നതിനു ശേഷമേ അവളുടെ വിവാഹാടിയന്തിരം നടത്താവൂ എന്നുള്ളതാണു്. ഒരു നിലവിളക്കു കത്തിച്ചു വച്ചു് അതിനു മുമ്പിൽ ഒരു മന്ത്രപ്പലകയിടും. എന്നിട്ട് മണവാളന്മാരും മണവാട്ടിയുടെ സഹോദരന്മാരും ഓരോരുത്തരായി അതിൽ നമസ്കരിക്കും. അപ്പോൾ പുതുവസ്ത്രങ്ങളണിഞ്ഞു് മണവാളന്മാരുടെ സഹോദരിയാൽ ആനീതയായ മണവാട്ടി അവിടെ ഇറങ്ങിവരികയും, കുറെ മധുരപലഹാരങ്ങൾ തിന്നുകയും ചെയ്യും. പിന്നെ എല്ലാവരും കൂടി കുറെ തേങ്ങാപ്പാൽ കുടിക്കണം. അതു കഴിഞ്ഞാൽ, മണവാളന്മാർ മണവാട്ടിയെ വാരിയെടുത്തുകൊണ്ടു് വീട്ടിലേക്കു യാത്രയാവുകയാണു്.

ഇനി, 'തീയ'രുടെ വിവാഹരീതിയെപ്പററിയാണു്. 'തീയ' ശബ്ദം 'ഈഴവ'ശബ്ദത്തിന്റെ പര്യായമാണെന്നു് ഒരു വിശ്വാസമുണ്ടു്. അതു ശരിയാണെന്നു തോന്നുന്നില്ല. കാരണം പത്തൊൻപതാംശതകം വരെ വടക്കൻ കേരളത്തിൽ തീയരും ഈഴവരും രണ്ടു വിഭാഗമായി വർത്തിച്ചിരുന്നതായിട്ടാണു് കാണുന്നതു്. വിവാഹരീതിയിലും ഇവരുടെ ആചാരങ്ങൾ ഭിന്നമായി കാണുന്നുണ്ടു്. രണ്ടു ചടങ്ങുകളാണു തീയരുടെ വിവാഹരീതികളിൽ പ്രധാനം. അതിൽ ആദ്യത്തേതു് ഇന്നത്തെ 'ജാതകം കൊടയുടെ' സ്ഥാനത്തു് അന്നു നിലവിലിരുന്ന ഒരു ചടങ്ങാണു്. പലസ്ഥലങ്ങളിൽ പല പേരുകളിലായിരുന്നു ഈ ആചാരം അറിയപ്പെട്ടിരുന്നതു്. കോഴിക്കോട്ടു പ്രദേശങ്ങളിൽ അതിനു 'കഞ്ഞികുടി' എന്നു പറയും. മദ്ധ്യകേരളഭാഗങ്ങളിൽ 'കുറിയിടൽ' എന്നാണു പേരു്. 'അച്ചാരംവയ്പ്' എന്നാണു് തെക്കൻ ദിക്കുകളിൽ ഇതിനു പറയാറുള്ളതു്. വിവാഹത്തെ സംബന്ധിച്ച ഒരു 'തീർച്ചപ്പെടുത്തലാണു്' എല്ലായിടത്തും ഈ ചടങ്ങുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്.

മണവാളന്റെയും മണവാട്ടിയുടെയും പക്ഷത്തിൽ ഓരോ പ്രധാനിയുണ്ടായിരിക്കും, വിവാഹത്തിനു്. 'തണ്ടാൻ' എന്നാണു് അയാൾക്കു പേരു്, ഒരു പുരോഹിതന്റെ സ്ഥാനമാണു് തണ്ടാനുള്ളതു്. കുറിയിടൽ അഥവാ നിശ്ചയം. കുറിപ്പു കഴിഞ്ഞാലുടനെ മണവാളന്റെ തണ്ടാൻ എഴുന്നേററു് കുറെ പൊററയും, രണ്ടു പണവും മണവാട്ടിയുടെ തണ്ടാനു കൊടുക്കും. തുടർന്നു് മണവാളന്റെ ബന്ധുക്കൾ ഇരുപത്തൊന്നു പണവും, നാലു വസ്ത്രവും മണവാട്ടിയുടെ അമ്മാവനെ ഏല്പിക്കുന്നു. അപ്പോൾ മണവാളന്റെ തണ്ടാൻ വീണ്ടുമെഴുന്നേററു് "ഇന്ന ദിവസം മണവാളനായ ഇന്നാരും, നാലു ചങ്ങാതക്കാരും കൂടി വരും; "പെണ്ണിനെത്തന്നു് ചോററിനുമൊരുക്കിൻ" എന്നു് മണവാട്ടിയുടെ ബന്ധുക്കളെ നോക്കി പറയണം. പ്രാഥമികചടങ്ങുകൾ അതോടെ കഴിയുകയാണു്. പിന്നെ വിവാഹമാണുള്ളതു്. വിവാഹത്തിനു വാളുമായിട്ടുവേണം മണവാളൻ മണവാട്ടിയുടെ ഗൃഹത്തിലേക്കു പോകേണ്ടതു് മണവാളന്റെ തണ്ടാനാണു് ഈ വാൾ നൽകേണ്ടതു്. പക്ഷേ ഈ വാൾ ഊരിപിടിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടു്. കുറെ ബാലന്മാർ കയ്യിലോരോ വാളും, സ്ത്രീകൾ പരിവകളും ധരിച്ചുകൊണ്ടു് ഒരു ഘോഷയാത്രയായി മണവാളനെ അനുഗമിക്കും, മണവാട്ടിയുടെ വീട്ടിലെത്തിയാൽ ബന്ധുക്കൾ 'അരി'യും പൂവുമെറിഞ്ഞു് അയാളെ എതിരേൽക്കണം. അപ്പോൾ മണവാട്ടിയുടെ മാതാവു് ഒരു താലത്തിൽ കുറെ മധുരപലഹാരങ്ങൾ മണവാളന്റെ മുമ്പിൽ കൊണ്ടുവയ്ക്കും. 'പൊലിക്കണ' എന്നാണതിനു പറയാറുള്ളതു്. അതു മണവാളനു ഭക്ഷിക്കുവാനല്ല, ഒന്നു കാണാൻ മാത്രം 'പൊലിക്കണ' കണ്ടാലുടനെ മണവാളന്റെ സഹോദരി 'പെങ്കാണം' മായ (പെണ്ണിനുവേണ്ടി പ്രതിഫലമായി കൊടുക്കുന്ന ധനം) നാൽപത്തിരണ്ടു പണം മണവാട്ടിയുടെ അമ്മയേയോ അമ്മാവനെയേയോ ഏൽ

ച്ചിക്കണം, തുടർന്നു വിവാഹമായി, അന്നു ഇരുട്ടും മുമ്പു് മണവാട്ടിയേയും കൊണ്ടു് മണവാളൻ മടങ്ങിപ്പോകണമെന്നും നിർബന്ധമുണ്ടു്. തീയർക്കു് ഒരു കാലത്തു ആയുധസംബന്ധമായ കാര്യങ്ങളിലുണ്ടായിരുന്ന പ്രാഗത്ഭ്യത്തിന്റെയും പാരമ്പര്യത്തിന്റെയും സ്മാരകമായിരിക്കാം വാളുമായുള്ള ഈ പുറപ്പാടു്. കാലാന്തരത്തിൽ സാമുദായികമായി അവർക്കു നേരിട്ട പതിതത്വംകൊണ്ടു് ആ പ്രാമാണ്യം നഷ്ടപ്പെട്ടിരിക്കാം. വാൾ നിവർത്തിപ്പിടിക്കാൻ പാടില്ലെന്നുള്ള ഏർപ്പാടു് അതിന്റെ സൂചനയാകാനും മതി. മൈസൂറിൽ ഒരു തരം മധ്യവർഗ്ഗക്കാരുടെയിടയിൽ, മണവാളൻ സർവാലങ്കാരസമ്പൂർണ്ണനായി വാളും പിടിച്ചു് കുതിരപ്പുറത്തു കയറി മണവാട്ടിയുടെ ഗൃഹത്തിലേക്കു യാത്രയാവുന്ന ഒരേർപ്പാടു് ഇപ്പോഴും നിലവിലുള്ളതു് ഞാൻ കണ്ടിട്ടുണ്ടു്. പൊൻപണിക്കാരായ ഒരു വർഗ്ഗക്കാരെന്നാണു് അന്വേഷണത്തിൽ എനിക്കറിയാൻ കഴിഞ്ഞതു്. ഇറാക്കിലും ഇതുപോലൊരു സമ്പ്രദായമുണ്ടു്. അവിടെ പുലിനഖവും പിടിച്ചുകൊണ്ടാണു് മണവാളന്റെയാത്ര. പക്ഷെ, കുതിരക്കു പകരം പൊക്കം കുറഞ്ഞ കോവർകഴുത (Mule)യുടെ പുറത്താണു് പോകുന്നതു്.

'ഈഴവ'രുടെ പഴയ വിവാഹരീതി കുറച്ചുകൂടി ആചാരനിബദ്ധമാണു്. പെൺകുട്ടിയുടെ 'പ്രായമറിയിക്കും മുമ്പു് വിവാഹം നടത്തുന്നതു അത്ര അസാധാരണമായിരുന്നില്ല. അവരുടെ ഇടയിൽ എങ്കിലും, 'വാക്കും പോക്കും കൊണ്ടു്' വയസ്സറിയിച്ചതിനു മേലേ ഭർത്താവുമായുള്ള സഹവാസം അനുവദിച്ചിരുന്നുള്ളു.

വിവാഹത്തിനു്, 'നാലു ചുററും നട്ടമനകെട്ടിനട്ടമുററത്തൊരു നാട്ടുപന്തൽ ഇടുകയാണു് ചെയ്യുന്നതു്. നാലു നിറത്തിലുള്ള വൃക്ഷപങ്ങൾ വച്ചു് അലങ്കരിച്ചനാലു തൂണുകൾ വേണം. പന്തലിനു് അതിനുള്ളിൽ നാലു 'മുക്കോലു' ഒരു പലകയിടും. അതിനുപുറത്തു് അരിയും പൂവും വിതറിയിരിക്കുകയും ചെയ്യും. വിവാഹസമയം പെൺകുട്ടി തലയിൽ ഒരു പട്ടുകൊണ്ടുമൂടി, വലതു കൈയ്യിൽ മുറിയാത്തൊരു പൊററയെടുത്തു് മുഖത്തിനു മുമ്പിൽ മറച്ചുപിടിച്ചു് ആ പലകയിൽ വന്നിരിക്കണം. അപ്പോൾ കൊട്ടും കുരവയുമുണ്ടായിരിക്കും. മണവാട്ടിയുടെ വലത്തുഭാഗത്തായി മണവാളന്റെ നാലു ചങ്ങാതക്കാരും ഇടതുഭാഗത്തു് അവളുടെ നാലു ചങ്ങാതിമാരും നിരന്നുനിൽക്കും. അപ്പോൾ മണവാളന്റെ സഹോദരി, പന്തലിന്റെ നാലുതൂണും ചുററി മഞ്ഞതേച്ച ഒരു നൂൽ കെട്ടി, അതിന്റെ ഒരഗ്രം മണവാട്ടിയുടെ ശിഖാബന്ധത്തിൽ ബന്ധിക്കും. മറേറ അഗ്രം മണവാളന്റെ വലതു കാലിലെ തള്ളവിരലിലും. ഇതിനു് 'നാത്തൂൻവെന്തം' എന്നാണു പറഞ്ഞുവന്നിരുന്നതു്. 'നാത്തൂൺബന്ധം' എന്ന സമസ്തപദത്തിന്റെ അപഭ്രംശമാണു് പ്രസ്തുതപദമെന്നു് സ്പഷ്ടമാണല്ലൊ. മണവാട്ടിയുടെ നാലു ചുററും അതായതു് അവളുടെ ജീവിതത്തിലെ എല്ലാ വശങ്ങളും, ഭർത്തൃസഹോദരിയെ സാക്ഷിയാക്കി മണവാളന്റെ പാദത്തിൽ അവളർപ്പിക്കുന്നു. എന്നാണു് ഇതിന്റെ സങ്കല്പം. ഈ സങ്കല്പത്തിനു തത്വപരമായ ഒരു പശ്ചാത്തലമുണ്ടു്. അൽപം പ്രതിരൂപാത്മകത്വം കൽപിക്കാമെങ്കിൽ ആ സങ്കല്പം തികച്ചും യുക്തിയുക്തമാണെന്നു കാണാം. ആ പന്തൽ അവളുടെ ജീവിതത്തിന്റെ പ്രതിരൂപം Symbol ആണെന്നു സങ്കൽപിക്കുക. ജീവിതമാകുന്ന പന്തലിനെ താങ്ങിനിറുത്തുന്ന നാലു തൂണുകളുണ്ടു്—ധർമ്മം, അർത്ഥം, കാമം, മോക്ഷം, എന്നിവ അവയെ പ്രതിനിധാനം ചെയ്യുകയാണു് ആ തൂണുകൾ. മണവാട്ടിയുടെ ജീവിതമാകുന്ന പന്തലിനുള്ളിൽ കടന്നിരിക്കുകയാണല്ലൊ മണവാളൻ. അതിനാൽ മണവാളന്റെ സഹോദരിയെ സാക്ഷിപ്പെടുത്തി. മണവാട്ടി അവളുടെ ധർമ്മാർത്ഥ കാമമോക്ഷാദികളെല്ലാം ഭർത്തൃപാദങ്ങളിൽ സമർപ്പിക്കുകയാണു്. മലയാളത്തിലെ 'നാത്തൂൻ' എന്ന പദത്തിന്റെ നിഷ്പത്തിയും ഒരുപക്ഷെ ഈ 'നാത്തൂൺവെന്ത'ത്തിൽ നിന്നായിരിക്കാം. ആയിരക്കണമെന്നില്ല. പക്ഷെ ആയിക്കൂടെന്നുമില്ല.

'നാത്തൂൺവെന്തം' എന്ന ചടങ്ങു കഴിഞ്ഞാലുടൻ മണവാളന്റെ നാലു ചങ്ങാതക്കാരിൽ പ്രായംകൂടിയ ആൾ അരി, പൊററ, ഒരു ചെറിയ പൊൻ നാണയം, ഒരു പാവുമുണ്ടു്, താലി ഇത്രയുംകൂടി ഒരു തുംബിലയിൽ വച്ചു്, മണവാട്ടിയുടെ ചങ്ങാതിക്കാരിൽ പ്രായംകൂടുതലുള്ള സ്ത്രീയെ ഏൽപ്പിക്കും. അതിനുശേഷം മണവാളന്റെ സഹോദരി മണവാട്ടിയുടെ കഴുത്തിൽ താലി കെട്ടുന്നു. നായന്മാരെപ്പോലെ ഈഴവരും അന്നു് 'താലികെട്ടു' പതിവായിരുന്നു. പിതൃസഹോദരിമാരുടെ പുത്രിമാരെയാണു ഇവർ മിക്കവാറുംപരിണയിച്ചിരുന്നതു്. എന്നാൽ ചിലപ്പോൾ അതിനുള്ള അവസരം നഷ്ടപ്പെട്ടുപോയെന്നു വരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഇവർ സ്വീകരിച്ചിരുന്ന ഒരേർപ്പാടു് വളരെ രസമുള്ളതാണു്. അതായതു്, ഒരാളുടെ മാതുലപുത്രിയെ അയാൾക്കുതന്നെ വിവാഹം ചെയ്യാൻ കഴിയാതെ വരികയും യാതൊരു ബന്ധവുമില്ലാത്ത മറെറാരാൾ വിവാഹം കഴിക്കുകയും ചെയ്യുകയാണെങ്കിൽ, മണവാട്ടി ആ മണവാളനോടുകൂടി ഭർത്തൃഗൃഹത്തിലേക്കുപോവുമ്പോൾ

അയാൾ തന്റെ പതിനൊന്നു കൂട്ടുകാരോടുകൂടിച്ചെന്നു് അവരെ തടഞ്ഞു നിറുത്തണം. ‘പടിക്കൽ തടയുക’ എന്നാണു് ഈ ആചാരത്തിനു് പേരു്. അപ്പോൾ മണവാട്ടി അയാൾക്കു് രണ്ടു പണവും കുറെ വെററയുംകൊടുത്തു് തൃപ്തിപ്പെടുത്തി തിരിച്ചയയ്ക്കണമെന്നാണു് ഏർപ്പാടു്. തന്റെ മാതുലപുത്രിയാൽ തനിക്കുള്ള ജന്മാവകാശം മറെറാരാൾ തട്ടിയെടുത്തതിലുള്ള പ്രതിഷേധവും, അതിനുള്ള നഷ്ടപരിഹാരവുമാണു് ഈ ചടങ്ങുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു് എന്നുതോന്നുന്നു. ഇന്നും വണ്ണാന്മാരിൽ ഒരു വിഭാഗക്കാരുടെയിടയിൽ ഇങ്ങനെ ‘പടിക്കൽ തടയുന്ന’ ഒരാചാരം നിലവിലുണ്ടു്. തടയുന്നതു് വരന്റെ ഇളയ സഹോദരനാണെന്നേ വ്യത്യാസമുള്ളു. അപ്പോൾ മണവാട്ടി അയാൾക്കു് ഒരു സ്വർണ്ണ മോതിരം കൊടുക്കുന്നതാണു് ഇപ്പോഴത്തെ പതിവു്.

പഴയ വിവാഹരീതികളിൽവച്ചു് ഏററവും പരിഷ്കൃതമായിക്കാണുന്നതു്, നായന്മാരുടേയും നമ്പൂതിരിമാരുടേയും വിവാഹസമ്പ്രദായങ്ങളാണു്. ചടങ്ങുകളും അവരുടെ ഇടയിൽ ധാരാളമുണ്ടു് അവയെല്ലാംതന്നെ, സാമുദായികമായും, സാമ്പത്തികമായും ഇതര വർഗ്ഗക്കാരേക്കാൾ അവർക്കുണ്ടായിരുന്ന മേന്മയെ സൂചിപ്പിക്കുന്നവയുമാണു്.

നമ്പൂതിരിമാരുടെ ഇടയിൽ ഹോമം തുടങ്ങിയ ക്രിയകൾക്കാണു പ്രാധാന്യം. ഔപാസനഹോമം, അഘോർ ഹോമം ജാലഹോമം, ശിഷ്ടകൃൽഹോമം, ധാർമ്മിഹോമം തുടങ്ങിയ ഹോമങ്ങളായിരുന്നു അവയിൽ മുഖ്യം. കൂടാതെ ‘അയനി ഊണു്’, ‘നാന്ദിമുഖം’ ‘മുഖദർശനം’, ‘ഉദകപൂർവകന്യകാദാനം’ ‘പാണിഗ്രഹണം’, ‘അശ്മാരോഹണം’, ‘സപ്തപദി’ എന്നിങ്ങനെ വേറെയും പല ചടങ്ങുകളുണ്ടു്. വധൂഗൃഹത്തിലുള്ള ക്രിയകൾക്കുശേഷം, ഭർത്തൃഗൃഹത്തിലെത്തിയാൽ അവിടെയും ഹോമകുണ്ഡമുണ്ടാക്കി ചില ക്രിയകളൊക്കെ ചെയ്യണം. ഈ ഔപാസനാഗ്നിയുണ്ടാക്കുവാനുള്ള ചമത, ഭാര്യയുടെ വീട്ടിൽ നിന്നും എടുത്തുകൊണ്ടാണു് മണവാളനും മണവാട്ടിയും ഭർത്തൃഗൃഹത്തിലേയ്ക്കു പോകുന്നതു്. അവിടെയും വധൂഗൃഹത്തിലെന്നപോലെ, അഗ്നികുണ്ഡമുണ്ടാക്കി ചില കർമ്മങ്ങൾ നടത്തും. പിന്നെ വധൂവരന്മാർ ഒരു മുറിയിൽ, വാതിലടച്ചു് ഇരിക്കണം. ഒരു കോടിവസ്ത്രം നിവർത്തിവിരിച്ചു് അതിന്മേൽ ഒരു തോലിട്ടുവേണം മണവാട്ടി മണവറയ്ക്കുള്ളിലിരിക്കേണ്ടതു്. മണവാളനിരിക്കുന്നതു് ഒരു പലകമേലായിരിക്കും. അന്നുരാത്രിയിലെ ഹോമം കഴിഞ്ഞാൽ തുടർന്നുള്ള മൂന്നുദിവസം വധൂവരന്മാർ വ്രതമാചരിക്കണം. നാലുദിവസം പുലർച്ചയ്ക്കു് തേച്ചുകുളി കഴിയുന്നതോടുകൂടി വ്രതാചരണം അവസാനിക്കുന്നു. എന്നാൽ ഹോമകുണ്ഡത്തിലെ അഗ്നി അണയാതെ സൂക്ഷിക്കണമെന്നുണ്ടു്. ഒരു വിളക്കിൽ ഈ അഗ്നി കൊളുത്തി അണഞ്ഞുപോകാതെ സൂക്ഷിക്കുകയാണു പതിവു്. വധൂവരന്മാരുടെ മരണകാലംവരെ ഈ അഗ്നി സംരക്ഷിക്കപ്പെടുമത്രേ. അതണഞ്ഞുപോകുന്നതു് അമംഗലസൂചനയെന്നാണു് വിശ്വാസം.

‘തേച്ചുകുളി’ കഴിഞ്ഞതിൽപ്പിന്നെ ഒരു ശുഭമുഹൂർത്തം നിശ്ചയിച്ചു് മണവാട്ടിയെ ഉറക്കറയിൽ കൊണ്ടുചെന്നിരുത്തും. ആ മുറി വാസനദ്രവ്യങ്ങളാൽ മാദകമാക്കപ്പെട്ടിരിക്കും. അവിടെ, രണ്ടു പൂമാല നേരത്തെ തന്നെ സംഭരിച്ചിരിക്കും. അതിലൊരു ഹാരമെടുത്തു് വരൻ വധുവിന്റെ, കഴുത്തിൽ അണിയിക്കണം, മറേറതു് നിലവിളക്കിലും. പിന്നീടു് ചാന്തുപൂശലാണു്. മണവാട്ടിയെ നഖശിഖാന്തം ചാന്തു പൂശിക്കണമെന്നാണു് ഏർപ്പാടു്. അതു് മണവാളൻ തന്നെ മണവാട്ടിയുടെ ശരീരത്തിൽ പുരട്ടുകയും വേണം. പക്ഷേ ഒന്നുണ്ടു്. മണവാട്ടിയുടെ പൂർവകായത്തിൽ മാത്രം അയാൾ പുരട്ടിയാൽ മതി. ഉത്തരകായത്തിൽ അവൾ തന്നെ പുരട്ടിക്കൊള്ളണം. ‘ചാന്തുപൂശൽ’ കഴിഞ്ഞാൽ കുളികഴിഞ്ഞു് മണവാളനും മണവാട്ടിയും പുതിയ വസ്ത്രം ധരിക്കുന്നു. ഒരു കുടമറച്ചുപിടിച്ചു് ഭാര്യ, ഭർത്താവിനൊപ്പമിരിക്കുകയാണു പിന്നീടു്. അപ്പോൾ ഭർത്താവു് അവൾക്കു കുറച്ചുവെള്ളം കോരി കൊടുക്കണം. തുടർന്നു ചില കർമ്മങ്ങളുമുണ്ടായിരിക്കും. ഭാര്യാഭർത്താക്കന്മാർ ഒരിലയിൽ ഭക്ഷണം കഴിക്കുകയാണു് അടുത്ത ചടങ്ങു്. അന്നു രാത്രിമുതലേ സഹശയനം പാടുള്ളു. പ്രഥമരാത്രിയിലെ ശയനത്തിനുള്ള സജ്ജീകരണങ്ങളും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു്. ഒരു പുൽപ്പായോ കരിമ്പടമോ നിലത്തുനിവർത്തിയിട്ടു്, അതിന്മേൽ ഒരു വെള്ളവസ്ത്രം വിരിക്കണം. അതിന്മേൽ അരിയും പൂവും വിതറിവേണം ശയിക്കേണ്ടതു്. ഇപ്പോൾ ഈ ആചാരങ്ങളിൽ പലതിനും വ്യത്യാസം വന്നിട്ടുണ്ടു്.

നമ്പൂതിരിമാരെപ്പോലെ തന്നെ നായന്മാരുടെ ഇടയിലും ചടങ്ങുകൾ പലതാണു്. വിശേഷിച്ചും നാലുദിവസത്തെ ചടങ്ങുകൾ ഏററവുംപ്രധാനമാണു് താനും. ചില സ്ഥലങ്ങളിൽ ഏഴുദിവസത്തെ ചടങ്ങുകൾ ഉണ്ടെങ്കിലും നാലുദിവസത്തെ ആഘോഷമാണു് സാധാരണകാണുന്നതു്. നമ്പൂതിരിമാർക്കു് ഹോമമെന്നപോലെ നായന്മാർക്കു് ബ്രാഹ്മണിപ്പാട്ടു് വിവാഹഘോഷത്തിൽ മുഖ്യമാണു്. ഇതു് എല്ലാദിവസവും പാടുകയും വേണം.

പെൺകുട്ടിക്ക് ഏഴോ എട്ടോ വയസ്സു പ്രായമാകുമ്പോൾത്തന്നെ 'താലികെട്ട്' നടത്തിക്കഴിയും. 'മിന്നുകെട്ടുക' എന്നും 'പൊന്നുകെട്ടുക' എന്നും മററും ചില ദിക്കുകളിൽ ഇതിനു പേരുണ്ട്. ചിലപ്പോൾ ഒരു വീട്ടിലുള്ള എല്ലാ ബാലികമാരുടെയും 'മിന്നുകെട്ട്' ഒരുമിച്ചു നടത്താറുണ്ടായിരുന്നു. ചിലവിന്റെ ലാഘവമായിരിക്കും ഇങ്ങനെ ചെയ്യുവാൻ കാരണം.

കല്യാണത്തിന് അഥവാ വിവാഹത്തിന് ആദ്യമായി ചെയ്യുന്നതു് 'മുഹൂർത്തം കുറിക്കുക'യാണ്. പിന്നീട് പടിഞ്ഞാററിനിയുടെ മുമ്പിൽ നടുമുററത്തായി നെടുനീളത്തിൽ ഒരു പന്തൽ പണിയും. പന്തലിന്നകവും പുറവും കെട്ടിവിതാനിക്കണമെന്നു് നിർബന്ധമുണ്ട്. പന്തലിന്റെ നിർമ്മിതിയും മുഖ്യമായ ചില വ്യവസ്ഥകളുണ്ട്. തൂണുകളെല്ലാം കമുകിൻ തൂണുകൾ തന്നെയായിരിക്കണം. പന്തലിനുള്ള കമുക് ഞായർ, തിങ്കൾ, ബുധൻ ഈ മൂന്നു ദിവസങ്ങൾ ഒഴികെയുള്ള മററുദിവസങ്ങളിലേ മുറിക്കാവൂ. കുളിച്ചു മാററുമാറിയ ഒരാശാരിയാണ് അതു മുറിക്കേണ്ടതു്. കമുക് മുറിച്ചു കൊണ്ടു വരുന്നതും കൊട്ടു, കുരവ മുതലായ ആഘോഷങ്ങളോടു കൂടിയായിരിക്കും. കല്യാണദിവസം ആദ്യത്തെച്ചടങ്ങ് 'കലശമാടുക' എന്നതാണ്. അതായതു് പ്രഭാതത്തിലുണർന്നു് കന്യക കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് അമ്പലത്തിൽപ്പോയി കലശതീർത്ഥം വാങ്ങി തലയിലൊഴിക്കുന്ന ഏർപ്പാടാണിതു്. അതിനുശേഷം അവൾ വീട്ടിലെത്തി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഒരു പീഠത്തിലിരിക്കണം. പീഠം പാലവൃക്ഷത്തിന്റെ തടി കൊണ്ട് ഉണ്ടാക്കിയതായിരിക്കും. ഇടതുകയ്യിൽ ഒരു 'വാൽക്കണ്ണാടി'യും വലതുകയ്യിൽ ഒരു 'ശരക്കോല്'മായിട്ടുവേണം ഇരിക്കേണ്ടതു്. ഇതിനു് 'മച്ചിലിരിപ്പ്' എന്നു പറയും. അപ്പോൾ മധ്യവയസ്ക്കയായ ഒരു ബ്രാഹ്മണി, കന്യകയുടെ മുമ്പിൽ മറെറാരു പീഠത്തിലിരുന്നു് ബ്രാഹ്മണിപ്പാട്ടു് ആരംഭിക്കും. രാത്രിയാകുന്നതുവരെ പാടണമെന്നാണ് ഏർപ്പാടു്. പാട്ടു കഴിയുമ്പോൾ കുറെ അരിയും പൂവും വാരി 'മച്ചിലിരിക്കുന്ന' കന്യകയുടെ തലയിലിടും. അന്നു പകൽ കേമമായ സദ്യവട്ടങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും ഇത്രയുമാണു് ഒന്നാം ദിവസത്തെ ചടങ്ങുകൾ.

രണ്ടാം ദിവസം പ്രഭാതത്തിൽ ബ്രാഹ്മണിപ്പാട്ട് വീണ്ടും ആരംഭിക്കുന്നു. കാച്ചു കഴിഞ്ഞു് കന്യക എഴുന്നേററു് സ്ത്രീജനങ്ങളാൽ പരിവാരസമേതം അടുത്തുള്ള കുളത്തിലേക്കോ കിഴക്കിനിയിലുള്ള കിണററിൻ സമീപത്തേക്കോ കുളിക്കുവാൻ പോകും. അവിടെവച്ചു് ബ്രാഹ്മണി പാട്ടുപാടുകയും വധുവിന്റെ രണ്ടു കയ്യിലും ഓരോ കാപ്പു കെട്ടുകയും ചെയ്യും. ഉടനെ ഒരു കിണ്ടിയിൽ നിറച്ചു വെള്ളമെടുത്തു് അതിനു മുകളിൽ ചകിരി കളഞ്ഞ ഒരു തേങ്ങയും വയ്ക്കും. കന്യക അതിനുമുകളിൽക്കൂടി മൂന്നു പ്രാവശ്യം ചാടണം. മൂന്നാമത്തെ പ്രാവശ്യം ചാടുമ്പോൾ കിണ്ടിയിലെ വെള്ളം കാല്കൊണ്ടു് തട്ടിക്കമഴ്ത്തണമെന്നുണ്ടു്. പിന്നീട് കുളികഴിഞ്ഞു് പന്തലിലേക്കു വരും. അപ്പോൾ രണ്ടു പുരുഷന്മാർ ചുവപ്പുനിറത്തിലുള്ള ഒരു പട്ടു് അവളുടെ തലയ്ക്കു മുകളിൽ നിവർത്തിപ്പിടിക്കുക പതിവാണു്. രാജാക്കന്മാർക്കും മററും കഥകളിയിൽ നാം കാണുന്നതുപോലുള്ള ഈ പട്ടു പിടിപ്പ് നായന്മാർക്ക് രാഷ്ട്രീയമായും സാമുദായികമായും ഒരു കാലത്തുണ്ടായിരുന്ന മേന്മയെയാണു് സൂചിപ്പിക്കുന്നതു്. പന്തലിനകത്തെത്തിയ കന്യക ഒരു ചാലിയൻ 'കാഴ്ചവെയ്ക്കുന്ന' രണ്ടു കോടിവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് വീണ്ടും 'മച്ചിലിരിപ്പി'നു പോകുന്നു. അപ്പോൾ മുതൽ ബ്രാഹ്മണിപ്പാട്ടു് പിന്നെയും ആരംഭിക്കും. അന്നും സദ്യവട്ടങ്ങൾ ഉണ്ടായിരിക്കും.

മൂന്നാം ദിവസമാണ് ഏററവും പ്രധാനമായതു്. താലികെട്ടുന്നതു് (അഥവാ മണവാളൻ മണവാട്ടിയെ) മംഗല്യസൂത്രമണിയിക്കുന്നതു് ഈ ദിവസമാണു്. അന്നു് മുഹൂർത്തത്തിനല്പം മുമ്പു് കന്യകയെ ആഭരണങ്ങളണിയിച്ചു ഉടുത്തൊരുക്കി കതിർമണ്ഡപത്തിൽ നിലവിളക്കിന്റെയും നിറപറയുടെയും മുമ്പിൽ കൊണ്ടിരുത്തുന്നു. മണ്ഡപത്തെ മൂന്നു പ്രദിക്ഷിണം വച്ചിട്ടു വേണം കന്യക ഇരിക്കേണ്ടതു്. അപ്പോൾ കുരവയും, ശംഖനാദവും മററും വേണം. ഇതു് മണവാളന്റെ വരവിനു മുമ്പായിരിക്കുകയും വേണം. മണവാളൻ കരപ്രമാണികളാലും ബന്ധുജനങ്ങളാലും അനുഗമിക്കപ്പെട്ടു് ഒരു ഘോഷയാത്രയായിട്ടാണു് മണവാട്ടിയുടെ ഗൃഹത്തിലേക്കു വരുന്നതു്. പ്രഭുകുടുംബങ്ങളിലുള്ളവർ വരുന്നതു് ആനപ്പുറത്തായായിരിക്കും. മണവാളൻ ആനപ്പുറത്തു കയറും മുമ്പു് 'മണ്ണുവാരുക' എന്നൊരാചാരമുണ്ടു്. വാളും പിടിച്ചു കൊണ്ടായിരിക്കും മണവാളന്റെ യാത്ര. മാത്രമല്ല മണവാളനു മുമ്പിലും പിമ്പിലുമായി അനവധി ചേകോന്മാർ വാളും പരിചയും പിടിച്ചു് അകമ്പടി പോവുകയും വേണം. വാദ്യഘോഷങ്ങളോടുകൂടിയായിരിക്കും പുറപ്പാടു്. മണവാളൻ ആനപ്പുറത്തു കയറുമ്പോഴും, താഴെ ഇറങ്ങുമ്പോഴും 'ആചാരവെടി' വയ്ക്കുന്ന പതിവുണ്ടായിരുന്നു.

മണവാളൻ വധൂഗൃഹത്തിന്റെ പടിക്കലെത്തിയാൽ അഷ്ടമംഗല്യം വഹിക്കുന്ന സ്ത്രീകൾ അയാളെ എതിരേൽക്കുകയും, വധുവിന്റെ ബന്ധത്തിൽപ്പെട്ട ഒരു

പുരുഷൻ (സഹോദരനില്ലെങ്കിൽ) മണവാളന്റെ കാൽകഴുകിച്ച് അകത്തേയ്ക്കു കൊണ്ടുവരികയും ചെയ്യുന്നു. ഉടനെ വധുവിന്റെ കാരണവർ മണവാളനെ കതിരുമണ്ഡപത്തിൽ കയററി, സ്ത്രീയുടെ വലതുഭാഗത്തായി ഇരുത്തും. അപ്പോൾ മണവാട്ടിയുടെ അച്ഛൻ വധൂവരന്മാക്ക് ഓരോ 'മന്ത്രകോടിപ്പുടവ' സമ്മാനിക്കുന്ന പതിവ് ചില ദേശങ്ങളിൽ ഉണ്ടായിരുന്നതായികാണുന്നു. മണവാട്ടിയുടെ കാരണവർ താലിയെടുത്ത് മണവാളന്റെ കയ്യിൽ കൊടുക്കുകയാണ് അടുത്ത ചടങ്ങ്. ഉടനെ, വധുവിന്റെ അച്ഛനോ, കാരണവർ തന്നെയോ കതിരുമണ്ഡപത്തിനു് അല്പം ദൂരെയായി ഇരിപ്പാക്കിച്ചിരിക്കുന്ന കണിയാനെ നോക്കി 'സമയമായോ' എന്നു മൂന്നു പ്രാവശ്യം വിളിച്ചുചോദിക്കും. മൂന്നാമത്തെ തവണ കണിയാൻ സമയമായെന്നു പറയുന്നതോടുകൂടി മണവാളൻ മണവാട്ടിയുടെ കണ്ഠത്തിൽ താലികെട്ടുന്നു. ആ സമയം വായ്ക്കുരവയും; വാദ്യവിശേഷങ്ങളും 'കൊണ്ടുപിടിക്കു'ന്നു. ബ്രാഹ്മണിപ്പാട്ട് അപ്പോഴും വേണമെന്നുണ്ട്. അതോടെ മൂന്നാം ദിവസത്തെ ചടങ്ങുകൾ തീരുന്നു അന്നും സദ്യ പൊടിപൊടിക്കും.

നാല്വ ദിവസത്തെ ചടങ്ങുകൾ മണവാളനും മണവാട്ടിയും കൂടിയുള്ളതാണ് കൂടുതലും. ക്ഷേത്രസന്ദർശനമാണ് അവയിൽ ഏററവും മുഖ്യം. അന്നു രാവിലെ വധൂവരന്മാർ ആഡംബരസമേതം ക്ഷേത്രത്തിലേക്കു പോകുന്നു. വാളും പരിചയും പിടിച്ച് വരൻ മുമ്പിലും, ഒരു താലത്തിൽ പൂവ്, പഴം, തേങ്ങ മുതലായവയോടുകൂടി വധു പുറകിലുമായിട്ടാണ് പോകേണ്ടതു്. അഷ്ടമംഗല്യവും എടുത്തു, തരുണീമണികൾ തല പുറകിലേയ്ക്കു കെട്ടിവച്ചു്, പിച്ചിമാല ചൂടി സർവാഭരണവിഭൂഷിതരായി, കയ്യിലോരോ ഒററത്തിരിവിളക്കും കത്തിച്ചുപിടിച്ച് നവദമ്പതികളെ അനുഗമിക്കണം. ക്ഷേത്രത്തിൽ വിശേഷാൽ പൂജകളും വഴിപാടും കഴിച്ച് അവർ മടങ്ങിപ്പോരും. തിരിച്ചു വീട്ടിൽ കയറുമ്പോൾ സ്ത്രീകളും കുട്ടികളും മണവാളനെ വാഴപ്പോള കൊണ്ട് എറിയും. അപ്പോൾ പരിചകൊണ്ട് മണവാളൻ അതൊക്കെ തടയണം. അതിനുശേഷം മണവാളനും മണവാട്ടിയും കൂടി അകത്തെ പന്തലിൽ വച്ചു് ഊണു കഴിക്കുന്നു. മററുള്ളവർക്കും അപ്പോൾ സദ്യയുണ്ടായിരിക്കും. ബ്രാഹ്മണർക്കും സാധുക്കൾക്കും അന്നു് പ്രത്യേക സദ്യയും ദാനങ്ങളും ഉണ്ടായിരിക്കുകയും ചെയ്യും. സദ്യ കഴിഞ്ഞു് വധൂവരന്മാർ മണിയറയിൽ കയറിയാൽ വീണ്ടും കുറെ നേരത്തേക്കുകൂടി ബ്രാഹ്മണിപ്പാട്ട് പാടണം. ബ്രാഹ്മണിപ്പാട്ട് അവസാനിക്കുന്നതോടെ ചടങ്ങുകളും അവസാനിക്കുന്നു.

'പൊതുവാളി'ന്മാരിൽ ഒരു വിഭാഗക്കാരായ 'മാലപ്പൊതുവാളി'ന്മാരുടെയും മാരാന്മാരുടെയും ഇടയിൽ നിലവിലിരുന്ന ചില രസകരമായ രീതികളെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഈ രണ്ടുകൂട്ടരുടെയും ഇടയിൽ താലികെട്ടുന്ന സമ്പ്രദായം തന്നെയാണുണ്ടായിരുന്നതു്. നാലുദിവസത്തെ അടിയന്തിരം ഇവർക്കുമുണ്ട്. പക്ഷേ താലികെട്ടു കഴിഞ്ഞാൽ വരനും വധുവും കൂടി കുറെ നേരം ഒരു കട്ടിലിൽ കിടക്കണമെന്നു് ഒരേർപ്പാട് ഇവർക്കുണ്ടായിരുന്നു. ആദ്യത്തെ ദിവസം ഒരു പ്രാവശ്യവും ഒടുവിലത്തെ ദിവസം രണ്ടു പ്രാവശ്യവും ഇങ്ങനെ കിടക്കണം. രാത്രിയിലും ഒരു മുറിയിൽ വധൂവരന്മാർ ഇങ്ങനെ കിടക്കണം. പക്ഷേ അപ്പോൾ ഒരു വൃദ്ധയായ സ്ത്രീ കൂടി അവരോടൊപ്പം അവിടെ കിടക്കും. മുറിയിൽ നിറപറയും നിലവിളക്കുമുണ്ടായിരിക്കും. നാലുദിവസത്തെ ചടങ്ങുകളും കഴിയും വരെ ഈ 'മണവറവിള'ക്കു് അണയ്ക്കുവാൻ പാടില്ലെന്നാണു വിധി.

മാരാന്മാരുടെ ഇടയിൽ ഈ സഹശയനം കഴിഞ്ഞാൽ വധൂവരന്മാരെ 'പുണ്യാഹം' തളിച്ച് ശുദ്ധമാക്കാറുണ്ട്. അവർക്കപ്പോൾ തൊടക്കുണ്ടെന്നാണ് സങ്കല്പം. കുളി കഴിഞ്ഞു് മാററുടുത്ത ശേഷമേ മററുള്ളവർ അവരെ തൊടുകയുള്ളു.

മേൽപ്പറഞ്ഞ രീതികളിൽ പലതും ഇന്നു മാറിയിട്ടുണ്ട്. ചിലതു വിസ്മൃതയിൽ ആണ്ടുകഴിഞ്ഞു. മററു ചിലതു് അനാചാരമായി മാറി. എങ്കിലും ഇങ്ങനെ ചിലതൊക്കെ ഉണ്ടായിരുന്നു. നമ്മുടെ ഇടയിൽ. (യൂണിവേഴ്സിററി കോളജ് മാസിക)

പിഞ്ഞാണങ്ങൾ

കോപ്പ, പ്ളേററ്, കപ്പസാസർ, ടീസെററ്, ഡിന്നർസെററ് മുതലായ പിഞ്ഞാണങ്ങൾ. മേത്തരമായ നിർമ്മാണം, ആദായവില

NEW INDIA CERAMICS Ltd
FEROKE (Malabar)

Regd: No. 5595.


ARUNA
Monthly Home Journal in Malayalam

# തമിഴ് ചലച്ചിത്രനഭോമണ്ഡലത്തിൽ ഒരു നൂതനജ്യോതിസ്
# ആവിർഭവിച്ചിരിക്കുന്നു–അതത്രെ

മനോഹർ പിക്ചേഴ്സ്

# മനോഹര (തമിഴ്)

ശിവാജി ഗണേശൻ
T. R. രാജകുമാരി
P. കണ്ണാംബ
P. K. സരസ്വതി
S. A. നടരാജൻ
ജാവർസീതാരാമൻ
രാജേന്ദ്രൻ
ഗിരിജ
മുതലായവർ
അഭിനയിച്ചത്



ഡയറക്ഷൻ
പ്രസാദ്

സ്റ്റുഡിയോ
നെപ്ട്യൂൺ

സംഭാഷണം
കരുണാനിധി

## അനേകായിരം ജനങ്ങളെ ആകർഷിച്ചുകൊണ്ടു്
## 3–ാം വാരത്തിലേക്കു് പ്രവേശിച്ചിരിക്കുന്നു

### കോട്ടയം – സ്റ്റാർ

| | | | |
|---|---|---|---|
| തിരുവനന്തപുരം | – ചിത്രാ | എറണാകുളം | – മേനകാ |
| കൊല്ലം | – ലക്ഷ്മി | കോഴിക്കോട് | – രാധാ |
| ആലപ്പുഴ | – കൃഷ്ണാ | തൃശൂർ | – രാമവർമ്മ |
| നാഗർകോവിൽ | – പയനിയർ | പാലക്കാട് | – ന്യൂ |

...ലെ അനേകം തീയേറ്ററുകളിലും

...ishna Release.

...am, and Printed at the M. M. Press, Kottayam.